RURAL INFORMATION BUREAU

# ഗ്രാമഭൂമി

ദ്വൈമാസിക

2020 ജനുവരി-ഫെബ്രുവരി
പുസ്തകം 43 ലക്കം 1



## ലൈഫ്
# ദാരിദ്ര്യത്തോട് സന്ധിയില്ല



# ലൈഫ്

## സമ്പൂർണ പാർപ്പിട സുരക്ഷാപദ്ധതി

കേരളത്തിലെ എല്ലാ കുടുംബങ്ങൾക്കും വീടും ഭൂമിയും ഉറപ്പാക്കുന്ന സമ്പൂർണ പാർപ്പിട സുരക്ഷാ പദ്ധതി – LIFE (Livelihood Inclusion and Financial Empowerment)

മുൻപ് ഭവനനിർമാണത്തിന് സഹായധനം അനുവദിച്ചെങ്കിലും പലവിധ കാരണങ്ങളാൽ അത് പൂർത്തീകരിക്കാൻ കഴിയാത്തവരെയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

പിഎംഎവൈ പദ്ധതി പ്രകാരം കേന്ദ്ര വിഹിതമായി ഒരു വീടിന് ലഭിക്കുന്ന 1.25 ലക്ഷം രൂപയ്ക്കൊപ്പം സംസ്ഥാനത്തിന്റെ അധിക വിഹിതമായി 2.75 ലക്ഷം രൂപ കൂടി ചേർത്ത് നിർമിക്കപ്പെടുന്ന വീടുകൾ പിഎംഎവൈ – ലൈഫ് എന്നും പൂർണ മായും സംസ്ഥാനവിഹിതം ഉപയോഗിച്ച് നിർമിക്കപ്പെടുന്ന വീടുകൾ ലൈഫ് എന്നും വിവക്ഷിക്കപ്പെടുന്നു.

ഭൂരഹിതരായ ഭവനരഹിതർക്ക് പാർപ്പിട സമുച്ചയങ്ങൾ നിർമിച്ചു നൽകുന്നു. സർക്കാർ നൽകുന്ന എല്ലാത്തരം സേവനങ്ങളും ഇവിടുത്തെ താമസക്കാർക്ക് ഗുണമേന്മയോടെ ലഭ്യമാക്കുന്നു.

റൂറൽ ഇൻഫർമേഷൻ ബ്യൂറോ
കേരള സർക്കാർ

# ഗ്രാമഭൂമി

ദ്വൈമാസിക
റൂറൽ ഇൻഫർമേഷൻ ബ്യൂറോ പ്രസിദ്ധീകരണം

2020 ജനുവരി-ഫെബ്രുവരി
പുസ്തകം 43
ലക്കം 1

## എഡിറ്റോറിയൽ

# ലൈവ്‌ലിഹുഡ് ഇൻക്ലൂഷൻ ആന്റ് ഫിനാൻഷ്യൽ എംപവർമെന്റ്

ഭവനമില്ലാത്തവരെ സംബന്ധിച്ച് സഞ്ജീവിതത്തിലെ വലിയൊരു സ്വപ്നമാണ് സ്വന്തമായൊരു ഭവനം. ആ സ്വപ്നം അനേകം പേർക്ക് സത്യമായി മാറിയിരിക്കുകയാണ് സംസ്ഥാന സർക്കാരിന്റെ ലൈഫ് മിഷനിലൂടെ. താഴ്ന്ന ജീവിത നിലവാരത്തിൽ കഴിയുന്ന ഒരു കൂട്ടം ആളുകൾക്ക് സുരക്ഷിതത്വത്തിന്റെ താക്കോൽ കൂടിയാണ് ലൈഫിലൂടെ ലഭിക്കുന്നത്. അടച്ചുറപ്പുള്ള ഒരു വീട് ഓരോരുത്തരുടെയും അനിവാര്യതയാണ്.

ലൈഫ് മിഷന്റെ പ്രഥമ ദ്വിതീയ ഘട്ടങ്ങളിൽ രണ്ടു ലക്ഷം വീടുകളാണ് വാസയോഗ്യമാക്കി സർക്കാർ ഭവനരഹിതർക്കായി നൽകിയിരിക്കുന്നത്. കേന്ദ്രവിഹിതത്തിനു പുറമെ സംസ്ഥാനവിഹിതവും തദ്ദേശഭരണസ്ഥാപനങ്ങളുടെ തുകയും ചേർത്താണ് ഇതിനുള്ള ഫണ്ട് കണ്ടെത്തിയത്.

രണ്ടു മഹാപ്രളയങ്ങളുടെ ദുരന്തം അടുത്തടുത്ത് ഏറ്റുവാങ്ങിയിട്ടും ഈ ചുരുങ്ങിയ കാലയളവിനുള്ളിൽ ഇത്ര വലിയ ഒരു സേവനം കാഴ്ചവയ്ക്കാൻ സർക്കാരിനു കഴിഞ്ഞു എന്നത് തികച്ചും അഭിമാനാർഹമാണ്. അഭിനന്ദനീയവുമാണ്.

വീടു വയ്ക്കാൻ ഭൂമി ഇല്ലാത്തവർക്ക് പാർപ്പിട സമുച്ചയം തയ്യാറാക്കുകയാണ് ഇനി ലൈഫ് മിഷന്റെ മൂന്നാം ഘട്ടത്തിൽ ഉദ്ദേശിക്കുന്നത്. ഇതിനായി വിവിധ ജില്ലകളിൽ അഞ്ഞൂറോളം ഏക്കർ ഭൂമി കണ്ടെത്തിക്കഴിഞ്ഞു. ഈ വർഷത്തിന്റെ ഒടുവിൽ നൂറു ഭവന സമുച്ചയങ്ങൾ പൂർത്തിയാക്കാനാണ് പദ്ധതി ലക്ഷ്യമിടുന്നത്.

വരും വർഷങ്ങളിൽ നമ്മുടെ സംസ്ഥാനം ഭവനരഹിതർ ഇല്ലാത്ത കേരളമാകും എന്ന് പ്രതീക്ഷിക്കാം.

അജിതാ ദാസ്
ചീഫ് എഡിറ്റർ




ഉപദേശക സമിതി ചെയർമാൻ: എൻ. പത്മകുമാർ ഐഎഎസ് ഗ്രാമവികസന കമ്മീഷണർ
അംഗങ്ങൾ വി.എസ്. സന്തോഷ്കുമാർ അഡീഷണൽ ഡെവലപ്മെന്റ് കമ്മീഷണർ-1 ● കെ. വനജ കുമാരി അഡീഷണൽ ഡെവലപ്മെന്റ് കമ്മീഷണർ-2
● അബ്ദുൽ സലീം അഡീഷണൽ ഡെവലപ്മെന്റ് കമ്മീഷണർ PMGSY ● എം കെ ഉഷ ജോയിന്റ് ഡെവലപ്മെന്റ് കമ്മീഷണർ RIDF
● ഡി. സുധ ഡയറക്ടർ, കില-സി.എച്ച്.ആർ.ഡി ● ഷാജി ക്ലെമന്റ് ജോയിന്റ് ഡെവലപ്മെന്റ് കമ്മീഷണർ, റൂറൽ പ്ലാനിംഗ്
● ദിവ്യ ഡെപ്യൂട്ടി ഡയറക്ടർ (P&M) ● സബീഹ പി.എം, സീനിയർ ഫിനാൻസ് ഓഫീസർ ● എ. അജിത്ദാസ് സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
ചീഫ് എഡിറ്റർ അജിതാദാസ് ചീഫ് ഓഫീസർ, റൂറൽ ഇൻഫർമേഷൻ ബ്യൂറോ
കാംപെയ്ൻ ഓഫീസർ ജെ ആർ അഞ്ജന അസിസ്റ്റന്റ് എഡിറ്റർ സി. പ്രശാന്ത് അസിസ്റ്റന്റ് കാമ്പയിൻ ഓഫീസർ
സർക്കുലേഷൻ മാനേജർ റ്റി. സനൽകുമാർ മാനേജർ കവർ & ലേ-ഔട്ട് രതീഷ് കുമാർ rash8590070404@gmail.com

ഓഫീസ് റൂറൽ ഇൻഫർമേഷൻ ബ്യൂറോ, ആറാം നില, സ്വരാജ് ഭവൻ,നന്തൻകോട്, കവടിയാർ.പി.ഒ
തിരുവനന്തപുരം - 3. ഫോൺ : 0471 2317262 email : ribkerala@gmail.com

## കത്തുകൾ

### മുന്നേറ്റം

കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ പുരസ്കാരങ്ങൾക്ക് അർഹമായ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ആദരിക്കുന്നതുമായി ബന്ധപ്പെട്ടു തയ്യാറാക്കിയ കവർ സ്റ്റോറി (മികവിന് ആദരം) മികച്ചതായി. നമ്മുടെ തദ്ദേശസ്ഥാപനങ്ങളിൽ നടപ്പിലാക്കി വരുന്ന നൂതനങ്ങളായ നിരവധി പദ്ധതികളെക്കുറിച്ച് അടുത്തറിയാൻ സാധിച്ചു. വികസന മുന്നേറ്റത്തിൽ വൻ കുതിച്ചു ചാട്ടം തന്നെയാണ് സംസ്ഥാനത്തു നടക്കുന്നതെന്ന് അത് വായിക്കുന്ന ആർക്കും തിരിച്ചറിയാൻ കഴിയും. കവർ സ്റ്റോറി പ്രസിദ്ധീകരിച്ച ഗ്രാമഭൂമിക്ക് അനുമോദനങ്ങൾ.

സുകുമാരൻ.എൻ.എസ്
അയ്യന്തോൾ

### ഗൃഹാതുരം

ഗതകാല സ്മരണകളിലേക്ക് വായനക്കാരനെ കൂട്ടിക്കൊണ്ടു പോകുന്ന മികച്ച കവിതയായിരുന്നു ഗ്രാമഭൂമിയിൽ ശോഭന എഴുതിയ 'വീണ്ടെടുക്കൽ'. പഴയ കാല ഗ്രാമീണാന്തരീക്ഷത്തെ മനോഹരങ്ങളായ വാങ്മയ ചിത്രങ്ങളാക്കി കവയിത്രി അവതരിപ്പിച്ചിരിക്കുന്നു. പുതിയ ഭാഷയും ആഖ്യാനരീതിയും കൊണ്ട് മികവുറ്റതായി മാറി ആ കവിത. അഭിനന്ദനങ്ങൾ.

മഹേശ്വരൻ നായർ
നാട്ടിക

### നിളയുടെ കാഴ്ചകൾ

കേരളത്തിന്റെ സാംസ്കാരിക ഭൂമികയായ നിളാതീരത്തെ കാഴ്ചകൾ സമഗ്രമായി വിവരിക്കുന്നതായിരുന്നു എബിൻ.കെ.ഐ എഴുതിയ 'നിളാതീരത്തെ ഗ്രാമീണക്കാഴ്ചകൾ' എന്ന ലേഖനം. വലിയൊരു സാംസ്കാരിക പൈതൃകം പേറുന്ന നിളാനദിയെ സംരക്ഷിക്കേണ്ടതിന്റെ പ്രാധാന്യം കൂടുതൽ വ്യക്തമാക്കാൻ ആ ലേഖനത്തിനു കഴിഞ്ഞു.

ജയിംസ് ജോർജ്
കരുനാഗപ്പള്ളി

## കവർസ്റ്റോറി



ലൈഫ് വെറുമൊരു ഭവന പദ്ധതിയല്ല. അതൊരു സാമൂഹ്യ വികസനദൗത്യമാണ്. അർഹരായ മുഴുവൻ പേർക്കും പാർപ്പിടം ഉറപ്പുവരുത്തുക എന്നത് സാധാരണ നിലയിലുള്ള സർക്കാർ നടപടിക്രമങ്ങളിലൂടെ അസാധ്യമായ കാര്യമാണ്.


6 ലൈഫ് ദാരിദ്ര്യത്തോട് സന്ധിയില്ല ! ഷിജു ഏലിയാസ്

10 സ്വപ്ന സാഫല്യത്തിൽ ലക്ഷങ്ങളുടെ പുഞ്ചിരി

11 നവകേരളം നമ്മൾ നമുക്കായി




ഗ്രാമഭൂമി ദ്വൈവാർഷിക വരിസംഖ്യ 24 രൂപ
തപാലിൽ ലഭിക്കുവാൻ

ചീഫ് ഓഫീസർ, റൂറൽ ഇൻഫർമേഷൻ ബ്യൂറോ
ആറാം നില, സ്വരാജ് ഭവൻ, നന്തൻകോട്, കവടിയാർ.പി.ഒ,
തിരുവനന്തപുരം 695 003 എന്ന വിലാസത്തിൽ
മണിയോർഡർ അയയ്ക്കുക email : ribkerala@gmail.com

ഗ്രാമഭൂമിയിൽ പ്രസിദ്ധീകരിക്കുന്ന രചനകളിലെ ആശയങ്ങളും അഭിപ്രായങ്ങളും ഗ്രാമവികസന വകുപ്പിന്റേതായിരിക്കണമെന്നില്ല. അവയുടെ പൂർണമായ ഉത്തരവാദിത്വം ലേഖകർക്ക് മാത്രമായിരിക്കും.




19 **ഗ്രാമയാത്ര**
കുറിച്യാട്
കാടിറങ്ങാത്ത
കാട്ടുനായ്ക്കരുടെ ഗ്രാമം
രമേഷ്കുമാർ വെള്ളമുണ്ട




**വിജയഗാഥ**


24 പുതുമയേറുന്ന പദ്ധതികളുമായി പഴയന്നൂർ ബ്ലോക്ക് പഞ്ചായത്ത്

28 ശുചിത്വ മികവിന്റെ പയ്യന്നൂർ പാഠങ്ങൾ







31
**ജാഗ്രത**
ലഹരി മുക്ത
നവ കേരളത്തിനായ്
പ്രതിബദ്ധതയോടെ
എക്സൈസ് വകുപ്പ്


പ്രാദേശിക, പ്രവിശ്യ, ദേശീയ, അന്തർദേശീയ ഭരണസംവിധാനങ്ങൾ ഓരോന്നും തങ്ങളുടെ ജനങ്ങൾക്ക് ആഹാരം എന്ന അവകാശം ഉറപ്പുവരുത്താൻ ബാധ്യസ്ഥരാണ്. അന്തർദേശീയ വാണിജ്യവ്യാപാര പ്രക്രിയകളുടെ പേരിലോ മറ്റേതെങ്കിലും കാരണത്താലോ അത് നിഷേധിക്കാൻ പാടില്ല.


33
**ഭക്ഷ്യസുരക്ഷ**
പ്രാദേശിക ഭക്ഷ്യസുരക്ഷ
വെല്ലുവിളികളും സാധ്യതകളും
അജിത് വെണ്ണിയൂർ

37 ശാസ്ത്രവെളിച്ചം 38 വികസന വാർത്തകൾ



# ലൈഫ്
## ദാരിദ്ര്യത്തോട് സന്ധിയില്ല !

ഷിജു ഏലിയാസ്

ലൈഫ് വെറുമൊരു ഭവന പദ്ധതിയല്ല. അതൊരു സാമൂഹ്യ വികസനദൗത്യമാണ്. അർഹരായ മുഴുവൻ പേർക്കും പാർപ്പിടം ഉറപ്പുവരുത്തുക എന്നത് സാധാരണ നിലയിലുള്ള സർക്കാർ നടപടിക്രമങ്ങളിലൂടെ അസാധ്യമായ കാര്യമാണ്. വിവിധ സർക്കാർ വകുപ്പുകളുടെ ഏകോപനവും സന്നദ്ധ പ്രവർത്തകരുടെ മുൻകൈയും പൊതുജനങ്ങളുടെ പങ്കാളിത്തവും സമ്മേളിക്കുന്ന ഈ പദ്ധതി ശ്രമകരമായ ലക്ഷ്യസാക്ഷാൽക്കാരത്തിലേക്ക് ചുവടുറപ്പോടെ നീങ്ങുകയാണ്. ദേശീയ മാധ്യമങ്ങൾ ചൂണ്ടിക്കാണിച്ചതു പോലെ, ഇന്ത്യയിലെ ഏറ്റവും വലിയ സംസ്ഥാനാവിഷ്കൃത ഭവന പദ്ധതിയാണ് ലൈഫ്. ലൈവ്‌ലിഹുഡ് ഇൻക്ലൂഷൻ ആൻറ് ഫിനാൻഷ്യൽ എംപവർമെന്റ് എന്ന പേര് സൂചിപ്പിക്കുന്നതു പോലെ, ഇതൊരു സമഗ്ര ദാരിദ്ര്യ ലഘൂകരണ പരിപാടിയാണ്.

സംസ്ഥാന സർക്കാരിന്റെ സാമൂഹ്യ വികസന ലക്ഷ്യങ്ങൾക്ക് പണമായോ അധ്വാനമായോ വസ്തുവകകളായോ ആശയങ്ങളായോ സംഭാവന നൽകാൻ ആഗ്രഹിക്കുന്നവർക്ക് ലൈഫിൽ അതിനുള്ള അവസരമുണ്ട്. അങ്കമാലിയിൽ ഫ്ളാറ്റ് സമുച്ചയം നിർമിക്കാൻ സ്വന്തം സ്ഥലം വിട്ടുനൽകിയ മേനാച്ചേരി പാപ്പുവും ഏല്യാ പാപ്പുവും പദ്ധതിയുടെ മനുഷ്യ മുഖമാണ്. ഭൂമിയും വീടും ഇല്ലാത്തവർക്ക് വീട് വയ്ക്കാൻ ആറ്റിങ്ങൽ അവനവഞ്ചേരി സ്വദേശി അപ്പുക്കുട്ടൻ നായരും ഭാര്യ സുകുമാരിയും 25 സെന്റ് ഭൂമി നൽകി. എടുത്തു പറയാൻ ഇതു പോലെ വേറെയും പേരുകളുണ്ട്. മലയാളി മനസ്സിലെ നന്മകൾ തട്ടിയുണർത്തി ലൈഫ് നേട്ടങ്ങളിൽ നിന്ന് നേട്ടങ്ങളിലേക്ക് മുന്നേറുകയാണ്.



തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും സർക്കാർ വകുപ്പുകൾക്കും ടാർഗറ്റ് നിശ്ചയിച്ച് അതിന്റെ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന പദ്ധതികളിൽ നിന്ന് ലൈഫ് വ്യത്യസ്തമാണ്. ഉദ്യോഗസ്ഥരുടെയോ തദ്ദേശ സ്വയംഭരണ സമിതികളുടെയോ വിവേചനപരമായ തെരഞ്ഞെടുപ്പെന്ന ആക്ഷേപത്തിന് പഴുതില്ലാതെയാണ് ലൈഫ് ഗുണഭോക്താക്കളെ കണ്ടെത്തിയത്.

കുടുംബശ്രീ തയ്യാറാക്കുന്ന ലിസ്റ്റിൽ ഉൾപ്പെടുത്തലുകൾക്കും ഒഴിവാക്കലുകൾക്കും ഒന്നിലധികം അവസരങ്ങൾ ഉണ്ടായിരുന്നു. ഒഴിവാക്കൽ ഘടകങ്ങൾ ബാധകമല്ലാത്ത എല്ലാവർക്കും മുൻഗണനാക്രമം നോക്കാതെ ആനുകൂല്യം നൽകുന്നതാണ് ലൈഫിന്റെ സമീപനം. ഇതിൽ മുൻഗണനയുടെ പ്രശ്നം ഉദിക്കുന്നില്ല. ലിസ്റ്റ് സമഗ്രമല്ലെന്ന തോന്നൽ ഏതെങ്കിലും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് ഉണ്ടെങ്കിൽ, അതവർ സ്വയം വിലയിരുത്തണം. പദ്ധതിയിൽ രണ്ടു ലക്ഷം വീടുകൾ പൂർത്തിയായതിന്റെ ഔദ്യോഗിക പ്രഖ്യാപനം മുഖ്യമന്ത്രി നടത്താനിരിക്കെ, ബഹുഭൂരിപക്ഷം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും പദ്ധതി കുറ്റമറ്റ രീതിയിൽ നടക്കുന്നതായി കണക്കുകളും ഗുണഭോക്താക്കളുടെ പ്രതികരണ



ങ്ങളും വ്യക്തമാക്കുന്നു. ലൈഫ് പദ്ധതിയുടെ തുടക്കം മുതൽ സ്വീകരിച്ച മിഷൻ ശൈലിയുടെ കൂടി വിജയമാണ് ഈ നേട്ടങ്ങൾ.

പാർപ്പിടമില്ലാത്ത അവസ്ഥ ദാരിദ്ര്യത്തിന്റെയും താഴ്ന്ന ജീവിത നിലവാരത്തിന്റെയും സൂചകമാണ്. ഇത്തരക്കാർക്ക് വീട് നൽകിയാൽ മാത്രം പോരാ, ദാരിദ്ര്യത്തിൽ നിന്ന് കരകയറാനുള്ള മാർഗങ്ങൾ ലഭ്യമാക്കുകയും വേണം. സാമൂഹ്യ വികാസത്തിനുള്ള സൗകര്യങ്ങളും ജീവനോപാധികളും തുല്യ അളവിൽ പ്രധാനമാണ്. ഗുണഭോക്താക്കൾക്ക് സാമുഹ്യ സുരക്ഷയും ജീവനോപാധികളും ഉറപ്പു വരുത്തുന്നതിനുള്ള കരുതൽ ലൈഫ് പദ്ധതിയെ വേറിട്ടതാക്കുന്നു. സാമൂഹ്യമായും സാമ്പത്തികമായും പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങൾക്ക് സ്വന്തമായി തൊഴിൽ ചെയ്ത് ഉപജീവനം നടത്താനും സാമൂഹിക പ്രക്രിയകളിൽ മാന്യമായി ഭാഗഭാക്കാകാനും അവസരമൊരുക്കുക എന്നത് ലൈഫ് പദ്ധതിയിൽ പ്രധാനമാണ്. സാമ്പത്തിക സേവനങ്ങൾ ഉൾപ്പെടെ എല്ലാ സാമൂഹിക ക്ഷേമപദ്ധതികളുടെയും പ്രയോജനം അർഹരായ എല്ലാ ലൈഫ് ഗുണഭോക്താക്കൾക്കും ഉറപ്പുവരുത്തേണ്ടതാണെന്ന് സർക്കാർ പ്രത്യേകം നിഷ്ക്കർഷിച്ചിട്ടുണ്ട്. ഭവനരഹിതർ, ഭൂമിയില്ലാത്ത ഭവനരഹിതർ, ഭവനനിർമ്മാണം പൂർത്തിയാക്കാത്തവർ, വാസയോഗ്യമല്ലാത്ത വീടുള്ളവർ, പുറമ്പോക്കിലോ, കടലാക്രമണ സാധ്യതയുള്ള കടൽതീരത്തോ, ലയങ്ങളിലും താത്കാലിക വസതികളിലും താമസിക്കുന്ന തോട്ടംതൊഴിലാളി കുടുംബങ്ങൾ എന്നിങ്ങനെ കേരളത്തിലെ ഭവനരഹിതരെ സംബന്ധിച്ച വിശദവും ആധികാരികവുമായ സ്ഥിതിവിവരങ്ങളാണ് പദ്ധതിയെ സംബന്ധിച്ച നയരൂപീകരണത്തിന് അടിസ്ഥാനമാക്കിയത്.

**പദ്ധതിയുടെ ഒന്നും രണ്ടും ഘട്ടങ്ങളിലായി 2 ലക്ഷം വീടുകൾ പൂർത്തിയായതിന്റെ ഔദ്യോഗിക പ്രഖ്യാപനം ഫെബ്രുവരി 29 ന് മുഖ്യമന്ത്രി പിണറായി വിജയൻ നിർവ്വഹിച്ചു.**

മുൻകാല ഭവന പദ്ധതികളിൽ നിന്ന് വ്യത്യസ്തമായി, വിവിധ വകുപ്പുകൾ നടപ്പിലാക്കി വന്ന ഭവനപദ്ധതികൾ ഇതിൽ സംയോജിപ്പിച്ചിരിക്കുന്നു. മുഖ്യമന്ത്രി അധ്യക്ഷനും തദ്ദേശ സ്വയംഭരണ വകുപ്പു മന്ത്രി സഹാധ്യക്ഷനുമായ മിഷൻ സംസ്ഥാന തലത്തിലും വിദഗ്ധരും ജനപ്രതിനിധികളും ഉദ്യാഗസ്ഥരും അടങ്ങുന്ന ജില്ലാ മിഷനുകൾ ജില്ലാ തലത്തിലും നേതൃത്വം നൽകുന്ന ഈ ഭവന പദ്ധതി, നമ്മുടെ ക്ഷേമപദ്ധതികളുടെ ചരിത്രത്തിൽ പുതിയ അധ്യായമാണ്.

പദ്ധതിയുടെ നിർവ്വഹണം സുഗമവും സമയബന്ധിതവുമായി മുന്നേറുന്നതിനിടയിൽ ആണ് 2018 ആഗസ്റ്റിൽ പ്രളയം എത്തിയത്. സംസ്ഥാനത്തെ നടുക്കിയ ഈ മഹാദുരന്തം നമുക്ക് മുപ്പതിനായിരം കോടിയിലധികം രൂപയുടെ നഷ്ടം വരുത്തിവച്ചു. ദരിദ്രരും സാധാരണക്കാരുമായ ജനങ്ങളുടെ ജീവനോപാധികൾക്ക് സംഭവിച്ച നാശനഷ്ടങ്ങൾ കൂടി കണക്കിലെടുത്താൽ നഷ്ടത്തിന്റെ കണക്ക് ഇതിലും വലുതാവും. ഈ ദുരന്തത്തിന്റെ ആഘാതത്തിൽ നിന്ന് കേരളം കരകയറുന്നതിന് മുമ്പ് , തൊട്ടടുത്ത വർഷം, മറ്റൊരു പ്രളയ മെത്തി. വയനാട്, മലപ്പുറം എന്ന് ജില്ലകളിൽ 2018ലെ ദുരന്തത്തേക്കാൾ വലിയ






നാശനഷ്ടങ്ങൾ വരുത്തി വച്ചാണ് ഈ പ്രളയം കടന്നു പോയത്. ഇത് കേരളത്തിന്റെ സമ്പദ്ഘടനയിൽ സൃഷ്ടിച്ച ആഘാതം ചെറുതല്ല. രാജ്യം കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുന്ന അവസരത്തിലായിരുന്നു ഈ ഇരട്ട പ്രഹരം. സാമ്പത്തിക പ്രതിസന്ധി മറ്റു ക്ഷേമപദ്ധതികളുടെ കാര്യത്തിലെന്ന പോലെ ലൈഫിനെയും ബാധിക്കാതിരിക്കാൻ സർക്കാർ കാണിച്ച കരുതൽ അഭിമാനകരമാണ്. ക്രിയാത്മക വിഭവ സമാഹരണത്തിലൂടെയും ശാസ്ത്രീയ ധനകാര്യ മാനേജ്മെന്റിലൂടെയും സാമ്പത്തിക പ്രയാസങ്ങൾ മറികടക്കാൻ സംസ്ഥാനം ശ്രമിച്ചു. ലൈഫ് പദ്ധതി നടപ്പാക്കാൻ സാമ്പത്തിക ബുദ്ധിമുട്ടുകൾ തടസമാകാതിരിക്കാനുള്ള എല്ലാ നടപടികളും സർക്കാർ കൈക്കൊണ്ടു. വികസന ഫണ്ടിനു പുറമെ, നാലായിരം കോടി രൂപയാണ് സർക്കാർ ഗ്യാരണ്ടിയിൽ ഹഡ്കോയിൽ നിന്നും വായ്പയായി ലഭ്യമാക്കിയത്.

കേന്ദ്ര പദ്ധതികളും സംസ്ഥാന പദ്ധതികളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തനത് പ്രോജക്ടുകളും അടക്കം വിവിധ പദ്ധതികളിൽ ആരംഭിച്ച ഭവന നിർമാണം പകുതി വഴിയിൽ നിർത്തിയവർക്കായിരുന്നു ലൈഫ് പദ്ധതിയിൽ ആദ്യ പരിഗണന. സംസ്ഥാനത്ത് ഇത്തരത്തിലുള്ള 54,183 വീടുകൾ കണ്ടെത്തി. മാരകരോഗങ്ങൾ ബാധിച്ചോ അപ്രതീക്ഷിതമായി അകപ്പെട്ട സാമ്പത്തിക ബാധ്യതകൾ മൂലമോ വീടെന്ന സ്വപ്നം ഉപേക്ഷിക്കേണ്ടി വന്നവരായിരുന്നു ഇവരിൽ ബഹുഭൂരിപക്ഷവും. ഇവർക്ക് വർധിപ്പിച്ച നിരക്കിൽ ആനുപാതികമായി തുക നൽകി. അതിൽ ഏറെക്കുറെ മുഴുവൻ വീടുകളും പൂർത്തീകരിച്ചു കഴിഞ്ഞു. ഒരിക്കൽ ആനുകൂല്യം കൈപ്പറ്റിയവ

# ഭൂമിയും വീടുമില്ലാത്തവർക്ക് ഭവന സമുച്ചയങ്ങൾ

സ്വന്തമായി വീടും ഭൂമിയുമില്ലാത്തവർക്കായി, ലൈഫ് പദ്ധതിയുടെ മൂന്നാംഘട്ടത്തിൽ സർക്കാർ ഭവനസമുച്ചയങ്ങൾ നിർമ്മിച്ചു നൽകും. ഇതിനായി വിവിധ ജില്ലകളിൽ 311 സ്ഥലങ്ങളിലായി 524.05 ഏക്കർ ഭൂമി കണ്ടെത്തിയിട്ടുണ്ട്. വിവിധ വകുപ്പുകൾക്ക് കീഴിലുള്ളവയും തദ്ദേശസ്ഥാപനങ്ങൾ വില കൊടുത്ത് വാങ്ങുന്നവയും സ്പോൺസർഷിപ്പായി വാഗ്ദാനം ചെയ്തതും ഇക്കൂട്ടത്തിലുണ്ട്. ലൈഫ് മിഷൻ എൻജിനീയറിംഗ് വിഭാഗത്തിന്റെ പരിശോധന പൂർത്തിയാകുന്ന മുറയ്ക്ക് ഭവനസമുച്ചയ നിർമ്മാണത്തിന്റെ അടുത്ത ഘട്ടത്തിലേക്ക് കടക്കും. ഈ വർഷം അവസാനത്തോടെ നൂറ് ഭവന സമുച്ചയങ്ങൾ പൂർത്തിയാക്കാനാണ് പദ്ധതി. അടിമാലിയിലും അങ്കമാലിയിലും നിർമ്മാണം പൂർത്തിയായ ഭവനസമുച്ചയങ്ങളിൽ കുടുംബങ്ങൾ താമസം തുടങ്ങി. കണ്ണൂർ കടമ്പൂരിൽ നിർമ്മിക്കുന്ന ഭവന സമുച്ചയത്തിന് മുഖ്യമന്ത്രി ശിലാസ്ഥാപനം നടത്തി.



രെ അതേ ആനുകൂല്യത്തിന് വീണ്ടും പരിഗണിക്കാൻ നിവൃത്തിയില്ലെന്നിരിക്കെ, എല്ലാ പ്രതീക്ഷകളും നഷ്ടപ്പെട്ട് കഴിഞ്ഞ പതിനായിരക്കണക്കിന് കുടുംബങ്ങൾക്കാണ് ഇത് ആശ്വാസമായത്.

വീടില്ലാത്തവർക്ക് വീട് നല്കുന്ന ലൈഫിന്റെ രണ്ടാം ഘട്ടത്തിലേക്ക് 1,84,255 കുടുംബങ്ങളെ സർവെയിലൂടെ കണ്ടെത്തി. ഇവരിൽ ലൈഫ് മാനദണ്ഡങ്ങൾ പ്രകാരം അർഹതയുള്ളവരും ശരിയായ രേഖകൾ ഹാജരാക്കാൻ കഴിഞ്ഞവരുമായ മുഴുവൻ പേരെയും ആനുകൂല്യത്തിന് പരിഗണിച്ചു. ഫെബ്രുവരി പകുതിയിലെ കണക്കുകൾ പ്രകാരം, ഭൂമിയുണ്ടായിട്ടും വീടില്ലാതിരുന്ന 60,524കുടുംബങ്ങൾ വീട് പൂർത്തിയാക്കി. 30,623 വീടുകളുടെ പ്രവൃത്തി അവസാനഘട്ടത്തിലാണ്. പിഎംഎവൈ - ലൈഫ് സംയോജനത്തിലൂടെ 75,857 വീടുകൾ അനുവദിച്ചു. കേന്ദ്ര വിഹിതത്തിനു പുറമെ, സംസ്ഥാന വിഹിതവും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തുകയും ചേർത്ത് ലൈഫിലെ യൂണിറ്റ് തുകയാണ് ഇവർക്കും നൽകുന്നത്. ഇതിൽ ബഹുഭൂരിപക്ഷവും പൂർത്തിയായി. ബാക്കിയുള്ളതിൽ, ചെറിയ ശതമാനമൊഴികെ മുഴുവൻ വീടുകളും എതാനും ആഴ്ചകൾക്കുള്ളിൽ പൂർത്തിയാകുമെന്ന് കണക്കുകൾ വ്യക്തമാക്കുന്നു. പദ്ധതിയുടെ ഒന്നും രണ്ടും ഘട്ടങ്ങളിലായി 2 ലക്ഷം വീടുകൾ പൂർത്തിയായതിന്റെ ഔദ്യോഗിക പ്രഖ്യാപനം ഫെബ്രുവരി 29 ന് മുഖ്യമന്ത്രി പിണറായി വിജയൻ നിർവ്വഹിച്ചു.

പദ്ധതിയുടെ മൂന്നാം ഘട്ടമാണ് കൂടുതൽ ശ്രദ്ധേയമായ നേട്ടങ്ങൾക്ക് ഒരുങ്ങുന്നത്. ഇടുക്കി ജില്ലയിലെ അടിമാലിയിൽ 217 കുടുംബങ്ങൾക്കുള്ള ഭവന സമുച്ചയം ഗുണഭോക്താക്കൾക്ക് നൽകിക്കഴിഞ്ഞു. ഭവനരഹിതർക്കുള്ള 50 ഫ്ലാറ്റ് സമുച്ചയങ്ങൾ ആറുമാസത്തിനകം പൂർത്തിയായേക്കും. പ്രീ-ഫാബ്രിക്കേഷൻ സാങ്കേതികവിദ്യ ഉപയോഗിച്ച് നിർമാണം വേഗത്തിലാക്കാനാണ് സർക്കാർ തീരുമാനം. പത്തു ജില്ലകളിൽ ജൂൺ മാസത്തോടെ ഫ്ളാറ്റ് സമുച്ചയങ്ങൾ



പണി തീരും. എല്ലാ ജില്ലകളിലും സമുച്ചയങ്ങൾക്ക് സ്ഥലം കണ്ടെത്തി. ഇരുന്നൂറിലധികം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ഫ്ളാറ്റുകൾക്ക് ഭൂമി കണ്ടെത്തിയിട്ടുണ്ട്. ഇവിടങ്ങളിൽ ആധുനിക സൗകര്യങ്ങളുള്ള ഭവന സമുച്ചയങ്ങൾ പണിയും. ശരിയായ നയവും ഇച്ഛാശക്തിയുമുണ്ടെങ്കിൽ സാമൂഹ്യ വികസന ദൗത്യങ്ങൾക്ക് വിഭവ പരിമിതി തടസ്സമല്ലെന്ന സന്ദേശമാണ് ലൈഫ് പദ്ധതിയുടെ വിജയം രാജ്യത്തിന് നൽകുന്നത്.●

## പൂർത്തിയാക്കിയ വീടുകൾ

| | |
|---|---|
| നൽകിയത് | 214000 വീട് |
| ആദ്യഘട്ടം | 52,050 |
| രണ്ടാം ഘട്ടം | 74674 |
| പി.എം.എ.വൈ | 63784 |
| പട്ടികജാതി വകുപ്പ് | 18811 |
| പട്ടിക വർഗം | 738 |
| ഫിഷറീസ് വകുപ്പ് | 3725 |

## വീടുകൾ ജില്ല തിരിച്ച്

| | | | |
|---|---|---|---|
| തിരുവനന്തപുരം | 32388 | തൃശൂർ | 15604 |
| കൊല്ലം | 18470 | പാലക്കാട് | 24898 |
| ആലപ്പുഴ | 15880 | മലപ്പുറം | 17994 |
| കോട്ടയം | 7983 | കോഴിക്കോട് | 16381 |
| പത്തനംതിട്ട | 5594 | വയനാട് | 13596 |
| ഇടുക്കി | 13531 | കണ്ണൂർ | 9236 |
| എറണാകുളം | 14901 | കാസർഗോഡ് | 2688 |





# സ്വപ്ന സാഫല്യത്തിൽ ലക്ഷങ്ങളുടെ പുഞ്ചിരി

തല ചായ്ക്കാൻ സ്വന്തമായൊരു അടച്ചുറപ്പുള്ള വീട് എന്ന ലക്ഷക്കണക്കിനാളുകളുടെ സ്വപ്നം സഫലമായി. സംസ്ഥാന സർക്കാരിന്റെ അഭിമാനപദ്ധതിയായ ലൈഫിലൂടെ രണ്ടു ലക്ഷത്തിലേറെ കുടുംബങ്ങൾക്ക് പാർപ്പിടങ്ങളൊരുക്കിയാണ് കേരളം ലോകത്തിനു വീണ്ടും മാതൃകയായത്.

പദ്ധതി പ്രകാരം 2,14, 262 വീടുകൾ പൂർത്തിയാക്കിയതിന്റെ സംസ്ഥാനതല പ്രഖ്യാപനം ഫെബ്രുവരി 29-ാം തീയതി മുഖ്യമന്ത്രി പിണറായി വിജയൻ തിരുവനന്തപുരത്ത് നിർവഹിച്ചു. പുത്തരിക്കണ്ടം മൈതാനിയിൽ തടിച്ചുകൂടിയ ജനസഹസ്രങ്ങളെ സാക്ഷി നിർത്തിയാണ് മുഖ്യമന്ത്രി ആ പ്രഖ്യാപനം നടത്തിയത്.

'ഇന്ന് രാവിലെ ഞങ്ങൾ ഒരു കുടുംബത്തിന്റെ കണ്ണ് നിറയുന്നത് കണ്ടു. സന്തോഷം കൊണ്ടാണെന്ന് അവർ പറഞ്ഞു. അവരെ എല്ലാ അർത്ഥത്തിലും ചേർത്തു പിടിക്കേണ്ടതാണ്. അതാണ് സർക്കാർ ചെയ്യുന്നത്.' ലൈഫ് പദ്ധതിയിലൂടെ വീട് ലഭിച്ച കരകുളത്തെ ഓമനയുടെയും ചന്ദ്രന്റെയും ഗൃഹപ്രവേശ ചടങ്ങിൽ പങ്കെടുത്തതിനെക്കുറിച്ച് മുഖ്യമന്ത്രി പറഞ്ഞു. വീട് കൈമാറുന്നതോടെ അവസാനിക്കുന്നതല്ല ലൈഫ് പദ്ധതിയെന്നും മെച്ചപ്പെട്ട ജീവിതത്തിനായി തുടർ ഇടപെടൽ ഉണ്ടാകുമെന്നും അദ്ദേഹം വ്യക്തമാക്കി. ലൈഫിൽ മികച്ച പ്രവർത്തനം കാഴ്ചവച്ച തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് പുരസ്കാരങ്ങൾ സമ്മാനിച്ചു. തദ്ദേശഭരണ മന്ത്രി എ.സി. മൊയ്തീൻ അദ്ധ്യക്ഷനായിരുന്ന ചടങ്ങിൽ നിരവധി മന്ത്രിമാരും ജനപ്രതിനിധികളും ഉദ്യോഗസ്ഥരും പങ്കെടുത്തു.

എല്ലാവർക്കും വീടെന്ന സ്വപ്ന ലക്ഷ്യത്തിലേക്ക് കുതിക്കുന്ന കേരളം ഉത്സവാന്തരീക്ഷത്തിലാണ് ലൈഫിന്റെ നേട്ടത്തെ വരവേറ്റത്. എല്ലാ ജില്ലകളിലും നടന്ന ഗുണഭോക്തൃ സംഗമങ്ങളിൽ വൻ ജനാവലിയാണ് പങ്കെടുത്തത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നൂറുകണക്കിന് കേന്ദ്രങ്ങളിൽ സംഗമങ്ങൾ നടന്നു.



# നമ്മൾ നമുക്കായി

അഭൂതപൂർവ്വമായ പ്രളയദുരന്തമാണല്ലോ 2018 ലും 2019 ലും കേരളത്തിലുണ്ടായത്. ദുരന്തത്തെ നമ്മൾ ധീരമായി അഭിമുഖീകരിച്ചു. അടിയന്തര രക്ഷാ പ്രവർത്തനങ്ങൾക്കും ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കും ഊന്നൽ നൽകി. തുടർന്ന് ഈ ദുരന്തത്തെ ഒരു വെല്ലുവിളിയായി കണ്ട് പ്രകൃതി ക്ഷോഭങ്ങളെ അതിജീവിക്കാൻ പ്രാപ്തമായ നവകേരളം പടുത്തുയർത്തുന്നതിനും അതുവഴി സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങളുടെയും ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനുമുള്ള പുനർനിർമ്മാണ പ്രവർത്തനങ്ങളിലാണ് ഇന്നു നമ്മൾ ശ്രദ്ധ പതിപ്പിച്ചിട്ടുള്ളത്. തുടർച്ചയായ പ്രളയങ്ങളെത്തുടർന്ന് കേരളത്തിന്റെ ദുരന്തപ്രതിരോധ/നിവാരണ സംവിധാനങ്ങളിലും സമീപനങ്ങളിലും അടിമുടി മാറ്റം വരുത്തേണ്ടതുണ്ടെന്ന തിരിച്ചറിവിലാണു നാം. വിദഗ്ധരെ മാത്രമല്ല, സംസ്ഥാനത്തെ എല്ലാ വിഭാഗം ജനങ്ങളെയും പങ്കെടുപ്പിച്ച്, അവരുടെ അറിവും അനുഭവവും ആശയങ്ങളും കൂടി ഉൾക്കൊണ്ട് ജനകീയവും പ്രായോഗികവുമായ പുനർനിർമാണം എന്നതാണ് റീബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ കാഴ്ചപ്പാട്.

ഇതിനായി സംസ്ഥാനത്തെ മുഴുവൻ ജനങ്ങളെയും പങ്കെടുപ്പിച്ചുകൊണ്ട് നമ്മൾ നമുക്കായി എന്ന പേരിൽ ഒരു ജനപങ്കാളിത്തപരിപാടി സംഘടിപ്പിക്കുകയാണ്. അതിജീവനക്ഷമത ഉറപ്പാക്കുന്നതിലേക്കാവശ്യമായ നയസമീപനങ്ങളും തിരുത്തലുകളും കണ്ടെത്തുന്നതിനുള്ള ജനപങ്കാളിത്തത്തോടെയുള്ള വിപുലമായ ക്യാമ്പെയിൻ പ്രസ്തുത പരിപാടിയുടെ ഘടകങ്ങളിലൊന്നാണ്. പ്രത്യേക ഗ്രാമസഭകളിൽ തുടങ്ങി പ്രത്യേക നിയമസഭാ സമ്മേളനത്തിൽ പര്യവസാനിക്കുന്ന വിധത്തിലാണ് ഈ പരിപാടി



**വെള്ളപ്പൊക്കം പോലുള്ള പ്രകൃതി ദുരന്തങ്ങളെയും കാലാവസ്ഥാ വ്യതിയാനത്തെത്തുടർന്നുള്ള മറ്റു ഭീഷണികളെയും പരിഗണിക്കുന്നതും ഭാവിയിലെ ദുരന്തങ്ങളെക്കൂടി ചെറുക്കാൻ ശേഷിയുള്ളതുമായ കേരള പുനർനിർമാണത്തിന് കരുത്തേകുന്നതാണ് RKDP.**

ആസൂത്രണം ചെയ്തിട്ടുള്ളത്. പ്രാദേശിക ജനവിഭാഗങ്ങൾ, യുവാക്കൾ, പണ്ഡിതർ, ആഗോള മലയാളി സമൂഹം, അന്താരാഷ്ട്ര വിദഗ്ധർ എന്നിങ്ങനെ വിവിധ വിഭാഗങ്ങളുമായി നേരിട്ട് സംവദിക്കുന്നതിന് ലക്ഷ്യമിടുന്നു. ലോകത്തെവിടെ നിന്നും അഭിപ്രായം രേഖപ്പെടുത്തുന്നതിനുള്ള ഓൺലൈൻ സംവിധാനം www.rebuild.kerala.gov.in എന്ന സൈറ്റിൽ ഏർപ്പെടുത്തിയിട്ടുണ്ട്.

'നമ്മൾ നമുക്കായി' പരിപാടിയിൽ ആശയസംവാദം ക്രോഡീകരിക്കുന്ന സുപ്രധാന മേഖലകൾ

1. ഭൂവിനിയോഗം (ഭൂപരിപാലനം, കൃഷി, ആവാസം, ഖനനം)
2. ജലപരിപാലനം
3. പ്രാദേശിക സമൂഹവും അതിജീവനവും
4. വനപരിപാലനം
5. ഗതാഗതം, സാങ്കേതികവിദ്യ

പ്രളയത്തിൽ ഉലഞ്ഞുപോയ കേരളത്തെ മുമ്പ് ഉണ്ടായിരുന്നതിനെക്കാൾ മികവുറ്റതായി പുനർനിർമിക്കുക എന്ന സുപ്രധാന ദൗത്യമെന്ന നിലയിലാണ് റീബിൽഡ് കേരള ഇനിഷ്യേറ്റീവിന് സർക്കാർ രൂപം നൽകിയിട്ടുള്ളത്. പ്രളയാനന്തരം, അടിയന്തര രക്ഷാപ്രവർത്തനങ്ങൾക്കും ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കും ശേഷം കേരളം ശ്രദ്ധ പതിപ്പിച്ചത് പുനർനിർമാണ പ്രവർത്തനങ്ങളിലായിരുന്നു. എന്നാൽ പശ്ചാത്തല സൗകര്യങ്ങളുടെയും ഭൂവ്യവസ്ഥകളുടെയും പുനഃസ്ഥാപനം വൻ മുതൽമുടക്കും സമയവും വേണ്ടിവരുന്ന പ്രക്രിയയാണ്.

പ്രളയാനന്തര കേരള പുനർനിർമാണം ലക്ഷ്യമിട്ടുകൊണ്ട് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന കേരള പുനർനിർമാണ വികസന പരിപാടി (Rebuild Kerala Development Program) യുടെ നയരേഖ സർക്കാർ അംഗീകരിച്ച് നടപ്പാക്കി വരുന്നു. പുനർനിർമാണത്തെ സംബന്ധിച്ച പരമ്പരാഗത രീതികൾ പാടേ മാറ്റിവച്ചുകൊണ്ടുള്ള ഒരു നയസമീപനമാണ് കേരള പുനർനിർമാണ വികസന പരിപാടി (RKDP) യിൽ സ്വീകരിച്ചിട്ടുള്ളത്. ഇതിനായുള്ള പ്രവർത്തനങ്ങൾക്ക് മാർഗനിർദേശം നൽകുന്ന സമഗ്ര പ്രവർത്തനപദ്ധതി റീബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ നേതൃത്വത്തിൽ രൂപപ്പെടുത്തിയിട്ടുണ്ട്. പ്രളയദുരന്തത്തിൽ നിന്നുള്ള അതിജീവനം എന്നത് ഒരു വെല്ലുവിളിയായി കണ്ട്, ഭാവിയിൽ ഉണ്ടായേക്കാവുന്ന പ്രകൃതി ദുരന്തങ്ങളെക്കൂടി അതിജീവിക്കാനാകുന്നവിധം കരുത്തോടെ കേരളത്തെ പുനർനിർമിക്കുക എന്നതാണ് കേരള പുനർനിർമാണ വികസന പരിപാടി (Rebuild Kerala Development Program) ലക്ഷ്യമിടുന്നത്.

പരിസ്ഥിതി സൗഹൃദവും അതിജീവനക്ഷമതയുള്ളതുമായ കേരളം എന്ന ലക്ഷ്യത്തിലേക്ക് വഴികാട്ടുന്ന മാർഗരേഖയാണ് RKDP. ഇത്തരത്തിലുള്ള പുനർനിർമാണത്തിന് ഉതകുന്ന മേഖലാടിസ്ഥാനത്തിലുള്ളതും (sector based) വിവിധ മേഖലകളുമായി ബന്ധപ്പെട്ടു കിടക്കുന്നതുമായ നയസമീപനം (cross cutting) സ്ഥാപനതലത്തിലും നിയന്ത്രണതലത്തിലുമുള്ള പ്രവർത്തനങ്ങൾ, മുൻഗണന നൽകേണ്ട പദ്ധതികൾ തുടങ്ങിയവ കേരള പുനർനിർമാണ വികസന പരിപാടി യിൽ ഉൾപ്പെടുന്നു.

വെള്ളപ്പൊക്കം പോലുള്ള പ്രകൃതി ദുരന്തങ്ങളെയും കാലാവസ്ഥാ വ്യതിയാനത്തെത്തുടർന്നുള്ള മറ്റു ഭീഷണികളെയും പരിഗണിക്കുന്നതും ഭാവിയിലെ ദുരന്തങ്ങളെക്കൂടി ചെറുക്കാൻ ശേഷിയുള്ളതുമായ കേരള പുനർനിർമാണത്തിന് കരുത്തേകുന്നതാണ് കേരള പുനർനിർമാണ വികസന പരിപാടി. ഈ നയരേഖ വികസന പങ്കാളികൾക്കു മുമ്പാകെ അവതരിപ്പിച്ച് പുനർനിർമാണത്തിനാവശ്യമായ വിഭവസമാഹരണം സാധ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്കാണ് കേരള പുനർനിർമാണ പരിപാടി ആദ്യഘട്ടത്തിൽ മുൻഗണന നൽകിയിട്ടുള്ളത്. അതിലൂടെ ലോകബാങ്കടക്കമുള്ള വികസന പങ്കാളികളിൽ നിന്നു സാമ്പത്തിക സഹായം ലഭ്യമാക്കാൻ നമുക്കായിട്ടുണ്ട്.

വകുപ്പുതലത്തിൽ വിദഗ്ദ്ധരുമായി നടത്തിയ കൂടിയാലോചനകൾക്കുശേഷം തയ്യാറാക്കിയതാണ് RKDP. ജനാഭിലാഷങ്ങളും അവരുടെ അഭിപ്രായങ്ങളും ഉൾച്ചേർന്നുകൊണ്ട് പ്രസ്തുത രേഖ സമ്പുഷ്ടമാക്കേണ്ടതുണ്ട്. അതിനുള്ള ശ്രമമാണ് 'നമ്മൾ നമുക്കായി' എന്ന പരിപാടി.

2019 ലും വെള്ളപ്പൊക്കം ആവർത്തിച്ചതോടെ ദുരന്തപ്രതിരോധ/നിവാരണ സംവിധാനങ്ങളിലും സമീപനങ്ങളിലും കാതലായ മാറ്റം വേണമെന്ന തിരിച്ചറിവ് പൊതുസമൂഹത്തിൽ ഉണ്ടായിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ പ്രാദേശിക സമൂഹ കേന്ദ്രീകൃത ദുരന്ത നിവാരണ/പ്രതിരോധ പരിപാടികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കണമെന്ന ആവശ്യം പൊ

തുസമൂഹത്തിൽ നിന്ന് ഉയർന്നുവന്നിട്ടുമുണ്ട്.

നിലനിൽക്കുന്ന രീതിശാസ്ത്രത്തിൽ നിന്നുള്ള മാറ്റമാണ് പ്രളയം ഉൾപ്പെടെയുള്ള പ്രകൃതിക്ഷോഭങ്ങളെ മറികടക്കാനുള്ള മാർഗമായി നാം വിലയിരുത്തുന്നത്. കേരളം പരമ്പരാഗതമായി സ്വീകരിച്ചുവരുന്ന കാഴ്ചപ്പാടുകളിലും നയസമീപനങ്ങളിലും ആവശ്യമായ തിരുത്തലുകൾ വരുത്തി മുന്നേറിയാൽ മാത്രമേ അതിജീവനക്ഷമതയുള്ള കേരളസമൂഹം എന്ന മഹത്തായ ലക്ഷ്യം നേടാനാകൂ. ഇത്തരം തിരുത്തലുകൾ ആവശ്യമായ മേഖലകൾ കണ്ടെത്തുകയാണു നാം. ഇതിന് വിദഗ്ധരെ മാത്രമല്ല സംസ്ഥാനത്തെ എല്ലാ ജനങ്ങളെയും പങ്കെടുപ്പിച്ചുകൊണ്ട്, അവരുടെ അറിവും അനുഭവവും ആശയങ്ങളും കൂടി ഉൾക്കൊണ്ടുകൊണ്ട് തികച്ചും ജനകീയവും പ്രായോഗികവുമായ രീതിയിൽ ഒരു ജനപങ്കാളിത്ത ക്യാമ്പയിന് തുടക്കം കുറിക്കുകയാണ്. 'നമ്മൾ നമുക്കായി' എന്ന് പേരിട്ടിരിക്കുന്ന ജനകീയാസൂത്രണ മാതൃകയിലുള്ള ഈ ക്യാമ്പയിന് രണ്ട് ഘടകങ്ങളാണ് ഉണ്ടാകുക.

- ജനകീയപങ്കാളിത്തത്തോടെ അതിജീവനക്ഷമത ഉറപ്പാക്കാൻ വേണ്ട നയവ്യതിയാനങ്ങളും തിരുത്തലുകളും കണ്ടെത്തുന്നതിനുള്ള വിപുലമായ ക്യാമ്പയിൻ.
- എല്ലാ തദ്ദേശ സ്വയംഭരണ സർക്കാരുകളിലും ദുരന്ത മാനേജ്മെന്റ് പ്ലാനുകൾ തയ്യാറാക്കൽ.

## ചർച്ചകളും സംവാദങ്ങളും നടക്കുന്ന തലങ്ങൾ

- പ്രത്യേക ഗ്രാമസഭ കേരളത്തിന്റെ പ്രാദേശിക ആസൂത്രണത്തിന്റെ ഏറ്റവും താഴെ തട്ടിലുള്ള ഗ്രാമസഭകളുടെ പ്രത്യേക സമ്മേളനം വിളിച്ച് ഈ പ്രക്രിയയിൽ ജനകീയ പങ്കാളിത്തം ഉറപ്പാക്കും. ഇത്തരം ഗ്രാമസഭകളിൽ ഉരുത്തിരിയുന്ന നിർദ്ദേശങ്ങൾ പഞ്ചായത്ത് തലത്തിൽ ക്രോഡീകരിക്കുകയും അവ ജില്ലാതലങ്ങളിലെ സമഗ്ര ചർച്ചയ്ക്ക് വിധേയമാക്കുകയും ചെയ്യും
- കേരളത്തിലെ അക്കാദമിക സമൂഹത്തെയും യുവാക്കളെയും ഉൾപ്പെടുത്തി സർവ്വകലാശാലകളുടെ ആഭിമുഖ്യത്തിൽ വിപുലമായ ചർച്ചകൾ.
- വിവിധ വകുപ്പുകളുടെ ആഭിമുഖ്യത്തിൽ സാങ്കേതിക വിദഗ്ധരെ ഉൾപ്പെടുത്തി പ്രത്യേക വിഷയങ്ങളിൽ ടെക്നിക്കൽ സെഷനുകൾ.
- കേരളത്തിനകത്തും പുറത്തുമുള്ള പൊതുസമൂഹത്തിന് ഈ വിഷയങ്ങളിൽ അഭിപ്രായങ്ങളും നിർദേശങ്ങളും രേഖപ്പെടുത്താൻ അവസരം നൽകുന്ന തരത്തിൽ ഓൺലൈൻ സംവിധാനം www.rebuild.kerala.gov.in
- വിദേശമലയാളികൾക്കായി ഓൺലൈൻ ചർച്ചകൾ.
- ഈ അഞ്ച് തലങ്ങളിലെ ചർച്ചകളിൽ ഉരുത്തിരിയുന്ന നിർദ്ദേശങ്ങൾ വിഷയാടിസ്ഥാനത്തിൽ ആർ.കെ.ഐയുടെ നേതൃത്വത്തിൽ സമാഹരിച്ച് വിദഗ്ധസമിതികൾ കുറിപ്പുകൾ തയ്യാറാക്കും. രാജ്യാന്തരതലത്തിൽ വിവിധ മേഖലകളിലെ വിദഗ്ധരുമായി ചർച്ച ചെയ്യാൻ അടുത്ത ഘട്ടത്തിൽ അന്താരാഷ്ട്ര സെമിനാർ സംഘടിപ്പിക്കും.
- സെമിനാറിൽ ഉരുത്തിരിയുന്ന നിർദ്ദേശങ്ങൾ സംബന്ധിച്ച് ആവശ്യമെങ്കിൽ നിയമനിർമാണവുമായി ബന്ധപ്പെട്ടു പ്രത്യേക നിയമസഭാ സമ്മേളനം.

## ദുരന്തലഘൂകരണം, തയ്യാറെടുപ്പ്

ദുരന്തലഘൂകരണം, തയ്യാറെടുപ്പ്, ദുരന്തപ്രതിരോധം/നിവാരണം എന്നീ മേഖലകളിൽ ജനകീയപങ്കാളിത്തവും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വപരമായ ഇടപെടലും ഉറപ്പാക്കി, പ്രാദേശികമായി ദുരന്ത ലഘൂകരണ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടപ്പാക്കിയാൽ ദുരന്തപ്രതിരോധ പ്രവർത്തനങ്ങൾ കൂടുതൽ ക്രിയാത്മകവും ലക്ഷ്യകേന്ദ്രീകൃതവുമാകും. ഇതുമായി ബന്ധപ്പെട്ട ചില പ്രവർത്തനങ്ങൾക്ക് കേരള സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി മുഖേന തുടക്കമിടാനായിട്ടുണ്ട്. എന്നാലിത് കേരളം മുഴുവൻ വ്യാപിപ്പിക്കേണ്ടത് ഇക്കഴിഞ്ഞ പ്രളയത്തിന്റെ കൂടി പശ്ചാത്തലത്തിൽ നാം ഏറ്റവും പ്രാധാന്യത്തോടെ ഏറ്റെടുക്കേണ്ട പ്രവർത്തനമാണ്. ഇതിനായി താഴെ പറയുന്ന പരിപാടികളാണ് ജനപങ്കാളിത്തത്തോടെ നടപ്പാക്കാൻ ലക്ഷ്യമിടുന്നത്.

- ജനകീയപ്രതിരോധം (Civil Defence): എല്ലാ ജില്ലകളിലും പരിശീലനം ലഭിച്ച സന്നദ്ധ പ്രവർത്തകരുടെ ജനകീയ പ്രതിരോധ സേന.
- എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ഒരേ സമയം ദുരന്തനിവാരണ പ്ലാനുകൾ ത



യ്യാറാക്കും.

തദ്ദേശ സ്വയംഭരണ സർക്കാരുകളുടെ അടുത്ത വർഷത്തെ പദ്ധതികൾ ആസൂത്രണം ചെയ്യുന്ന അവസരത്തിൽതന്നെ ദുരന്ത പ്രതിരോധത്തിനും അതിജീവനത്തിനും ഉള്ള പ്രാദേശികമായ പദ്ധതികളും ആസൂത്രണം ചെയ്ത് അംഗീകരിക്കുക വഴി പ്രാദേശിക സർക്കാരുകളുടെ പദ്ധതി ആസൂത്രണത്തിൽ മെച്ചപ്പെട്ട ദുരന്തപ്രതിരോധവും അതിജീവനക്ഷമതയും ഉറപ്പാക്കാനാകും. എല്ലാ ജനപ്രതിനിധികളും അവർ താമസിക്കുന്ന പ്രദേശത്തെ ഗ്രാമസഭകളിൽ പങ്കെടുത്ത് നേതൃത്വം വഹിക്കുമെന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നത്.

ഇതോടൊപ്പം കേരളത്തിന്റെ ദുരന്ത പ്രതിരോധശേഷി വർദ്ധിപ്പിക്കാൻ



താഴെ പറയുന്ന പ്രവർത്തനങ്ങളെ വിവിധ വകുപ്പുകളുടെയും സമൂഹത്തിന്റെയും പിന്തുണയോടെ ഏറ്റെടുക്കുന്നതാണ്.

- ദുരന്ത പരിപാലനവുമായി ബന്ധപ്പെട്ട സർക്കാർ വകുപ്പുകളിൽ ദുരന്തപരിപാലന പദ്ധതികൾ ആവിഷ്കരിക്കൽ (Preparation of Departmental Disaster Managment Plans). ദുരന്തനിവാരണത്തിനായി കണ്ടെത്തിയിട്ടുള്ള 25 വകുപ്പുകളിൽ ദുരന്തപരിപാലന പദ്ധതികൾ ആവിഷ്കരിക്കുന്നതാണ്.
- സ്കൂൾ, ആശുപത്രി മുതലായ കെട്ടിടങ്ങളുടെ ദുരന്താതിജീവന ക്ഷമത തിട്ടപ്പെടുത്തുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ എല്ലാ സ്കൂൾ, ആശുപത്രി കെട്ടിടങ്ങളുടെയും സുരക്ഷാപരിശോധന പ്രത്യേക ദൗത്യമായി ഏറ്റെടുക്കുന്നതാണ്.
- ദുരന്തപ്രതിരോധ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട വകുപ്പുകളിൽ Virtual Cadre രൂപീകരിക്കും.

## വിപുലമായ പ്രചാരണ പ്രവർത്തനങ്ങൾ

പഞ്ചായത്ത് ദുരന്ത മാനേജ്മെന്റ് പ്ലാനുകളുടെ ഭാഗമായി തയ്യാറാക്കുന്ന പ്രവർത്തനങ്ങൾ, സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയും തദ്ദേശ സ്വയംഭരണ വകുപ്പും സംസ്ഥാന ആസൂത്രണ ബോർഡും സംയുക്തമായി ഏറ്റെടുക്കും. ഇതു സംബന്ധിച്ച പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത് കില മുഖേനയായിരിക്കും.

## ഭൂവിനിയോഗം

### ഭൂപരിപാലനം

ഒരു ചതുരശ്ര കിലോമീറ്ററിൽ 860 പേർ താമസിക്കുന്ന കേരളം ജനസാന്ദ്രതയിൽ മൂന്നാം സ്ഥാനത്തുള്ള സംസ്ഥാനമാണ്. പശ്ചിമഘട്ടത്തിനും അറബിക്കടലിനും ഇടയിൽ ഞെരുങ്ങി സ്ഥിതി ചെയ്യുന്ന കേരളത്തിന്റെ സവിശേഷമായ ഭൂപ്രകൃതി ജനവാസത്തിനും വികസനത്തിനും ലഭ്യമാവുന്ന ഭൂലഭ്യത പരിമിതപ്പെടുത്തുന്നു. സംസ്ഥാനത്തിന്റെ നാൽപ്പത്തിയെട്ട് ശതമാനവും വനമേഖലകളും പരിസ്ഥിതി ലോലപ്രദേശങ്ങളും ഉൾപ്പെടുന്ന മലമ്പ്രദേശങ്ങളാണ്. ഇക്കാരണത്താൽ താമസവും കൃഷിയുമെല്ലാം ഇടനാട്ടിലും. താഴ്ന്ന പ്രദേശങ്ങളിലെ ഭൂലഭ്യതയുടെ കുറവ് മലമ്പ്രദേശങ്ങളിലെ വനമേഖലകളുടെ കയ്യേറ്റത്തിനു മാത്രമല്ല, ഇടനാട്ടിലും താഴ്ന്ന പ്രദേശത്തുമുള്ള തണ്ണീർത്തടങ്ങളുടെയും നദീതടങ്ങളുടെയും കയ്യേറ്റങ്ങൾക്കും നെൽവയലുകൾ വ്യാപകമായി നികത്തപ്പെടുന്നതിനും കാരണമായിട്ടുണ്ട്.

ലഭ്യമായ ഭൂമിയിലുള്ള അശാസ്ത്രീയവും കരുതലില്ലാത്തതുമായ മനുഷ്യ ഇടപെടലുകളും മനുഷ്യാധിവാസ മേഖലകളുടെ അനിയന്ത്രിതവും അശാസ്ത്രീയവുമായ വ്യാപനവും പ്രകൃതി ദുരന്തഭീഷണി വർദ്ധിക്കുന്നതിന് ഇടയാക്കിയിട്ടുണ്ട്. അതു കൊണ്ടു തന്നെ സംസ്ഥാനത്തെ ചെങ്കുത്തായ ചെരിവുകളുള്ള മലമ്പ്രദേശങ്ങളും താഴ്ന്ന പ്രദേശങ്ങളും തീരപ്രദേശങ്ങളും ഉൾപ്പെടുന്ന പരിസ്ഥിതി ലോല പ്രദേശങ്ങളുടെയും സംരക്ഷണം അതീവ പ്രാധാന്യമർഹിക്കുന്നു. പ്രളയത്തിന്റെ രൂക്ഷത കുറയ്ക്കുന്നതിനുള്ള സ്വാഭാവിക പരിഹാരം എന്ന നിലയ്ക്ക് സമുദ്ര നിരപ്പിന് താഴെ സ്ഥിതി ചെയ്യുന്ന തണ്ണീർത്തടങ്ങൾ പോലെയുള്ള പ്രദേശങ്ങളുടെ ഭൂപരിപാലനത്തിന് വ്യത്യസ്തമായ സമീപനം ആവശ്യമാണ്. ഇവിടങ്ങളിലെ ഭൂവിനിയോഗത്തിൽ തുടർച്ചയായി വന്നിട്ടുള്ള മാറ്റങ്ങൾ പ്രളയക്കെടുതി രൂക്ഷമാക്കുന്നതിനും സംസ്ഥാനത്തെ ദുരന്ത സാദ്ധ്യത വർദ്ധിപ്പിക്കുന്നതിനും കാരണമായിട്ടുണ്ട്.

പ്രളയത്തിനും ഉരുൾപ്പൊട്ടലിനുമുള്ള പ്രധാന കാരണങ്ങൾ താഴെ പറയുന്നവയുമായി ബന്ധപ്പെട്ടതാണ്.

- ചതുപ്പുകുളങ്ങളും തണ്ണീർത്തടങ്ങളും വയലുകളും കൃഷിയേതര ആവശ്യങ്ങൾക്കും മറ്റ് കരക്കൃഷികൾക്കുമായി നികത്തുകയോ തരം മാറ്റുകയോ ചെയ്യുന്നതുമൂലം ഒഴുകിയെത്തുന്ന മഴവെള്ളം തങ്ങിനിൽക്കുന്നതിനുള്ള താഴ്ന്നയിടങ്ങൾ ഗണ്യമായി കുറഞ്ഞു.
- റോഡുകൾ, കെട്ടിടങ്ങൾ, പാലങ്ങൾ എന്നിവയുടെ നിർമ്മാണത്തിനായി സ്വാഭാവിക നീരൊഴുക്കുകൾ നികത്തുകയോ തടസ്സപ്പെടുത്തുകയോ ചെയ്യുന്നതും കലുങ്കുകൾ, പാലങ്ങൾ, ബണ്ടുകൾ എന്നിവയുടെ അശാസ്ത്രീയമായ നിർമ്മാണവും.
- ആസൂത്രണമില്ലാത്തതും അനിയന്ത്രിതവുമായ നഗരവൽക്കരണം മൂലമുള്ള നിർമ്മാണങ്ങളുടെ പെരുപ്പം, മഴവെള്ളം ഊർന്നിറങ്ങുന്നത്



**തദ്ദേശ സ്വയംഭരണ സർക്കാരുകളുടെ അടുത്ത വർഷത്തെ പദ്ധതികൾ ആസൂത്രണം ചെയ്യുന്ന അവസരത്തിൽത്തന്നെ ദുരന്ത പ്രതിരോധത്തിനും അതിജീവനത്തിനും ഉള്ള പ്രാദേശികമായ പദ്ധതികളും ആസൂത്രണം ചെയ്ത് അംഗീകരിക്കുക വഴി പ്രാദേശിക സർക്കാരുകളുടെ പദ്ധതിയാസൂത്രണത്തിൽ മെച്ചപ്പെട്ട ദുരന്തപ്രതിരോധവും അതിജീവനക്ഷമതയും ഉറപ്പാക്കാനാകും.**

പരിമിതപ്പെടുത്തുകയും അതുവഴി പെട്ടെന്നുള്ള വെള്ളപ്പൊക്കം ഉണ്ടാകുന്നതിനു കാരണമാകുകയും ചെയ്യുന്നു.

- മലനാട്ടിലും തീരപ്രദേശങ്ങളിലുമുള്ള പാരിസ്ഥിതിക ദുർബല മേഖലകളിലെ അശാസ്ത്രീയവും അനിയന്ത്രിതവുമായ ഖനനം, ക്വാറികൾ, കെട്ടിട നിർമ്മാണം, എല്ലായിടത്തുമുള്ള ചുറ്റുമതിലുകൾ, ചരിഞ്ഞ പ്രദേശങ്ങളിലെ റബർ കൃഷി പോലെയുള്ള അശാസ്ത്രീയ കൃഷി രീതികൾ.

ഭൂവിനിയോഗവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് വ്യാപകമായ ചർച്ചകളിലൂടെ അഭിപ്രായ രൂപീകരണത്തിലെത്തേണ്ടതുണ്ട്.

- നിങ്ങളുടെ പ്രദേശത്ത് കഴിഞ്ഞ പത്തുവർഷത്തിനുള്ളിൽ ഭൂവിനിയോഗത്തിൽ എന്തൊക്കെ മാറ്റങ്ങളാണ് ശ്രദ്ധയിൽപ്പെട്ടിട്ടുള്ളത്?
- നിങ്ങൾ താമസിക്കുന്ന സ്ഥലത്ത് എന്തൊക്കെത്തരത്തിലുള്ള തുറസായ സ്ഥലങ്ങളാണുള്ളത്? അവ എങ്ങനെ സംരക്ഷിക്കാം? വസ്തുവിന്റെയും കെട്ടിടങ്ങളുടെയും ചുറ്റുമതിലുകൾ വെള്ളപ്പൊക്കം രൂക്ഷമാക്കിയിട്ടുണ്ടോ? അവ രക്ഷാപ്രവർത്തനങ്ങൾക്ക് തടസ്സമായിട്ടുണ്ടോ? തുറസായ ഇടങ്ങളും പരിസ്ഥിതിയും സംരക്ഷിച്ചുകൊണ്ട് പ്രദേശത്തിന്റെ സാമ്പത്തിക, ധനകാര്യ വികസനത്തിനായി ഭൂമി വികസനം എങ്ങനെ ഉപയോഗപ്പെടുത്താം?
- വിനോദസഞ്ചാരം ഭൂവിനിയോഗത്തെ എങ്ങനെയാണ് ബാധിച്ചിട്ടുള്ളത്? പ്രളയ സാധ്യത വർധിപ്പിക്കുന്നതിൽ ഇതിന് ബന്ധമുണ്ടോ? സുസ്ഥിരമായ മാർഗത്തിലൂടെ വിനോദസഞ്ചാരികളുടെ ആവശ്യങ്ങളെ എങ്ങനെ പൂർത്തീകരിക്കാൻ പറ്റും ?
- ദുരന്ത സാധ്യത ഇല്ലാതാക്കുന്നതിനായി നിങ്ങളുടെ പ്രദേശത്ത് പിന്തുടരാൻ പറ്റുന്ന ഭൂവിനിയോഗ മാതൃകകൾ എന്തൊക്കെയാണ്? കൈയേറ്റം തടയുന്നതിനും ഭൂവിനിയോഗം ശരിയായി നടക്കുന്നതിനുമായി സാമൂഹികാധിഷ്ഠിത നിരീക്ഷണം എങ്ങനെ സാധ്യമാക്കാം?
- മെച്ചപ്പെട്ട ഭൂവിനിയോഗം ഉറപ്പാക്കുന്നതിന് സ്വീകരിക്കാവുന്ന മറ്റ് നിയന്ത്രണങ്ങളും നടപടികളും എന്തൊക്കെയാണ് വരും തലമുറയ്ക്കായി പൊതുഭൂമിയും തുറസ്സായ ഇടങ്ങളും ഇതേപോലെ നിലനിർത്തുന്നതിനും എല്ലാവർക്കും പ്രാപ്യമാക്കുന്നതിനും കഴിയുന്ന തരത്തിൽ, ലഭ്യമായ ഭൂമിയെ എങ്ങനെ സുസ്ഥിരമായി ഉപയോഗപ്പെടുത്താം ?
- ഭൂമി വീണ്ടെടുക്കൽ നിയമങ്ങളിൽ ഉണ്ടായിട്ടുള്ള ഭൂവിനിയോഗത്തേയോ ആവാസവ്യവസ്ഥയേയോ പ്രതികൂലമായി ബാധിച്ചിട്ടുള്ള മാറ്റങ്ങൾ എന്തെല്ലാമാണ്? ഇത് പൂർവ്വസ്ഥിതിയിലാക്കുന്നതിന് സ്വീകരിക്കേണ്ട നടപടികൾ എന്തൊക്കെയാണ് ?

## കൃഷി

കേരള ജനസംഖ്യയുടെ ഏകദേശം 52 ശതമാനം ഗ്രാമീണ മേഖലയിലാണ് ജീവിക്കുന്നത്. 17.15% ഉപജീവനത്തിനായി കൃഷിയെ ആശ്രയിക്കുന്നുണ്ട്. 2018 ലും 2019 ലും ഉണ്ടായ പ്രളയത്തിൽ കടുത്ത നാശനഷ്ടമാണ് ഈ മേഖല അഭിമുഖീകരിച്ചത്. ഉപമേഖലകളായ വിളകൾ, കന്നുകാലി, മത്സ്യകൃഷി എന്നിവയിൽ വിളകളെയാണ് പ്രളയം ഏറ്റവും കൂടുതൽ ബാധിച്ചത്. മേഖലയിലുണ്ടായ മൊത്തം നാശനഷ്ടത്തിന്റെയും 88 ശതമാനവും കാർഷികവിളകളുമായി ബന്ധപ്പെട്ടതായിരുന്നു. സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയെ മാത്രമല്ല, കൃഷിയെ ആശ്ര



**കൃഷിഭൂമി തുണ്ടുകളാക്കിയതും കാർഷിക മേഖലയിലെ ഉയരുന്ന വേതനവും കാരണം സംസ്ഥാനത്തെ മിക്ക പ്രദേശങ്ങളിലും കൃഷി ലാഭകരമല്ലാതായി മാറിയിട്ടുണ്ട്. മലനാട്ടിൽ അതിന്റെ ഭാഗമായ കുന്നിൻ ചരിവുകളിൽ പ്രത്യേകിച്ച് കൃഷി നിരവധി വെല്ലുവിളികൾ നേരിടുന്നു.**

യിച്ചുകഴിയുന്ന ഗ്രാമീണമേഖലയിലെ വലിയൊരു വിഭാഗത്തെ പ്രളയം സാരമായി ബാധിച്ചു. വലിയൊരു വിഭാഗം കർഷകരുടെയും കർഷകത്തൊഴിലാളികളുടെയും, പ്രത്യേകിച്ചും കൃഷിയിലും അനുബന്ധ പ്രവർത്തനങ്ങളിലും ഏർപ്പെട്ടിരിക്കുന്ന സ്ത്രീകളുടെയും മറ്റ് ദുർബല വിഭാഗങ്ങളിൽ ഉൾപ്പെടുന്നവരുടെയും, ജീവനോപാധികളിൽ വലിയ നാശമാണ് പ്രളയം ഉണ്ടാക്കിയത്.

കൃഷി, മത്സ്യബന്ധനം, കന്നുകാലി വളർത്തൽ തുടങ്ങിയ മേഖലകളിൽ പരിസ്ഥിതി സൗഹാർദപരവും സുസ്ഥിരവും അതിജീവനക്ഷമവുമായ പ്രവർത്തനങ്ങളിലൂടെ പ്രളയത്തിന് മുൻപുള്ളതിനേക്കാൾ മെച്ചപ്പെട്ട രീതിയിൽ എത്തിക്കുക എന്നതാണ് പ്രളയശേഷമുള്ള വീണ്ടെടുപ്പിന്റെ സമീപനം.

വസ്തുവകകളുടേയും അടിസ്ഥാന സൗകര്യങ്ങളുടേയും പുന:സ്ഥാപനവും ജനങ്ങൾക്ക് ബദൽ വരുമാന സ്രോതസുകൾ കണ്ടെത്തലുമാണ് ഹ്രസ്വകാല പുനർനിർമാണത്തിലൂടെ ലക്ഷ്യമിടുന്നത്. പാരിസ്ഥികമായി സ്ഥിരമായ സംയോജിത കൃഷി സംവിധാനങ്ങൾ, ജലവിഭവങ്ങളുടെ സാമൂഹ്യാധിഷ്ഠിത പരിപാലനം, പരമ്പരാഗത തദ്ദേശീയ കന്നുകാലി ഇനങ്ങളുടെ പ്രോത്സാഹനം പ്രാദേശിക സാഹചര്യങ്ങളുമായി ഇണങ്ങുന്നത്, മൂല്യ വർധിത ഉത്പന്ന ശൃംഖല മെച്ചപ്പെടുത്തൽ, ഏറ്റവും വേഗത്തിലുള്ള മുന്നറിയിപ്പ് സംവിധാനങ്ങളുടെ സ്ഥാപനം, ജി.പി.എ.എസ്/സാങ്കേതികവിദ്യയുടെ പിൻബലത്തിലുള്ള മെച്ചപ്പെട്ട ആശയവിനിമയ സംവിധാനങ്ങൾ ഒരുക്കൽ എന്നിവയിലൂടെ ഓരോ ഉപമേഖലകളുടെയും അതിജീവനക്ഷമത പുന:സ്ഥാപിക്കുന്നതിനാണ് ഇടക്കാല, ദീർഘകാല പ്രവർത്തനങ്ങൾ ശ്രദ്ധയൂന്നുന്നത്.

കൃഷിഭൂമി തുണ്ടുകളാക്കിയതും കാർഷിക മേഖലയിലെ ഉയരുന്ന വേതനവും കാരണം സംസ്ഥാനത്തെ മിക്ക പ്രദേശങ്ങളിലും കൃഷി ലാഭകരമല്ലാതായി മാറിയിട്ടുണ്ട്. മലനാട്ടിൽ അതിന്റെ ഭാഗമായ കുന്നിൻ ചരിവുകളിൽ പ്രത്യേകിച്ച് കൃഷി നിരവധി വെല്ലുവിളികൾ നേരിടുന്നു. ഇടുക്കിയിലെയും വയനാട്ടിലേയും കൃഷിഭൂമിക്കും തോട്ടവിളകൾക്കും അടുത്തിടെ പ്രകൃതി ദുരന്തങ്ങളിൽ സംഭവിച്ച വ്യാപകമായ നാശം, ചരിവുകളിൽ അശാസ്ത്രീയമായ കൃഷി രീതികൾ പിന്തുടരുന്നതു കാരണം ഉണ്ടായതെന്നു കരുതാവുന്ന വർദ്ധിച്ച രീതിയിലുള്ള മണ്ണൊലിപ്പും മണ്ണിടിച്ചിലും, കൃത്യമായ ആസൂത്രണമില്ലാത്ത കൃഷിരീതികൾ പിന്തുടരുന്നതുമൂലം മണ്ണിനും വിളകൾക്കും ഉണ്ടാകുന്ന നഷ്ടം എന്നിവയും എടുത്തുപറയേണ്ടതാണ്.

നാണ്യവിളകളെക്കാൾ നെൽക്കൃഷിക്കാണ് സംസ്ഥാനത്തെ ജലസേചന സംവിധാനങ്ങൾ കൂടുതൽ അനുയോജ്യമെന്നതിനാൽ ഇപ്പോൾത്തന്നെ ദുർലഭമായിരിക്കുന്ന ഭൂഗർഭജലത്തെ അമിതമായി ചൂഷണം ചെയ്യേണ്ടിവരുന്നു. നെൽകൃഷിയിലുണ്ടായിട്ടുള്ള കുറവു കാരണം അധികമായി ലഭ്യമാകാനിടയുള്ള ജലം, പഴം, പച്ചക്കറി

കൃഷി, പൂകൃഷി എന്നിവക്ക് ഉപയോഗപ്പെടുത്താനാകുന്ന വിധത്തിൽ നിലവിലുള്ള ജലസേചന സംവിധാനങ്ങളെ നിലവിലുള്ളതോ പുതുതായി സൃഷ്ടിക്കുന്നതോ ആയ ജല സ്രോതസുകളുമായി ബന്ധിപ്പിക്കുന്ന വിധത്തിൽ പുനഃക്രമീകരിക്കേണ്ടതുണ്ട്. വളരുന്ന ജനസാന്ദ്രതയും നഗരവൽക്കരണവും കൃഷിഭൂമിയെ ആവാസ, വാണിജ്യ കേന്ദ്രങ്ങളും റോഡുകളും മറ്റുമാക്കി തരം മാറ്റുന്നതിലേക്കു നയിച്ചിട്ടുണ്ട്.

വിള അധിഷ്ഠിത, കാലാവസ്ഥ അധിഷ്ഠിത ഇൻഷുറൻസ് സൗകര്യങ്ങൾ വേണ്ടത്ര പ്രയോജനപ്പെടുത്താത്തതും വലിയ ആശങ്ക ഉയർത്തുന്നു.

2015 ൽ സംസ്ഥാന ആസൂത്രണ ബോർഡ് നേതൃത്വം നൽകിയ പദ്ധതി പ്രകാരം കേരളത്തിന്റെ കാർഷികപാരിസ്ഥിതിക അടിസ്ഥാനത്തിലുള്ള തരംതിരിക്കൽ ആരംഭിച്ചിട്ടുണ്ട്.

കാലാവസ്ഥയുടെയും ഭൂതല പഠനത്തിന്റെയും ഭൂവിനിയോഗത്തിന്റെയും മണ്ണിന്റെ പ്രത്യേകതയുടെയും അടിസ്ഥാനത്തിൽ കേരളത്തെ അഞ്ച് പ്രധാന കാർഷിക പാരിസ്ഥിതിക മേഖലകളായും (AEZ) 23 കാർഷികപരിസ്ഥിതി യൂണിറ്റുകളായും (എ.ഇ.യു) വിഭജിച്ചിട്ടുണ്ട്. ഈ 23 യൂണിറ്റുകളെ വീണ്ടും ഭരണാതിർത്തികളുടെ അടിസ്ഥാനത്തിൽ 20 കൃഷിപരിസ്ഥിതി പരിപാലന യൂണിറ്റുകളായും (എ.ഇ.എം.യു) വിഭജിച്ചിട്ടുണ്ട്. കാർഷിക പാരിസ്ഥിതിക മേഖലകൾക്കും കൃഷി പരിസ്ഥിതി പരിപാലന യൂണിറ്റുകൾക്കും അനുയോജ്യമായ തരത്തിൽ ഫലപ്രദമായ ഭൂവിനിയോഗ ആസൂത്രണവും വിള രീതികളും വിഭവ വിനിയോഗവും ഉപയുക്തതയും വ്യാപന പ്രവർത്തനങ്ങളും ഉറപ്പാക്കുന്നതിനും കാർഷികപാരിസ്ഥിതിക മേഖലകളുടെ നടപ്പാക്കലിനുമായി ജനപങ്കാളിത്തത്തോടെയുള്ള ആസൂത്രണവും തീരുമാനങ്ങളും അത്യാവശ്യമാണ്.

ഇതുവരെ വിശദമാക്കിയ കാര്യങ്ങളുമായി ബന്ധപ്പെട്ട് താഴെ പറയുന്ന ചോദ്യങ്ങൾ ചർച്ച ചെയ്യാവുന്നതാണ്.

- പ്രകൃതി ദുരന്തങ്ങളുടെ പശ്ചാത്തലത്തിൽ കൃഷിയുടെയും അനുബന്ധ പ്രവർത്തനങ്ങളുടെയും അതിജീവനക്ഷമത ഉറപ്പാക്കുന്ന തരത്തിൽ നിലവിലുള്ള വിള രീതികളിലും കൃഷി സംവിധാനങ്ങളിലും ഏതു തരത്തിലുള്ള മാറ്റങ്ങളാണ് കൊണ്ടുവരാൻ സാധിക്കുക? നിലവിലുള്ള (1) സംയാജിത കൃഷി, (2) ബഹുവിള കൃഷി (3) വിള പരിവർത്തനം മുതലായവ ദുരന്തങ്ങളെ അതിജീവിക്കുന്നതിന് എത്രത്തോളം ഫലപ്രദമാണ്?
- തരിശുപ്രദേശങ്ങളിൽ കൂട്ടുകൃഷി പ്രോത്സാഹിപ്പിക്കാനുള്ള വഴികൾ എന്തൊക്കെയാണ്? ഇതിനായി സാങ്കേതികവും (ജലലഭ്യത തുടങ്ങിയ) സ്ഥാപനപരവും സാമ്പത്തികവും മറ്റുമായ ആവശ്യങ്ങൾ എന്തൊക്കെയാണ്?
- വ്യാവസായിക, വാണിജ്യ ആവശ്യങ്ങൾ പോലെയുള്ള കാർഷികേതര ആവശ്യങ്ങൾക്കായി കൃഷിഭൂമി ഉപയോഗിച്ചുവരുന്ന പ്രവണത സമീപകാലത്ത് വിർദ്ധിച്ചിട്ടുണ്ട്. കൃഷിയുടെയും അനുബന്ധ പ്രവർത്തനങ്ങളുടെയും ദുരന്ത പ്രതിരോധക്ഷമതയ്ക്കു തടസം സൃഷ്ടിക്കുന്ന തരത്തിലുള്ള ഇത്തരം പ്രവർത്തനങ്ങളെ നിയന്ത്രിക്കുന്നതിന് എന്തൊക്കെ ചെയ്യാനാകും? ഇത്തരം പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിന് എന്തൊക്കെ ചെയ്യാനാകും? ഇത്തരം പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിന് ഇന്ന് നിലവിലുള്ള മാർഗരേഖകളും നിയമങ്ങളും എത്രമാത്രം പ്രയോജനകരമാണ്? ഇത്തരം നിയന്ത്രണങ്ങളും നിയമങ്ങളും കൂടുതൽ ഫലപ്രദമാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കാൻ സാധിക്കും?
- AEMU, AEZ എന്നിവയ്ക്ക് അനുയോജ്യമായ രീതിയിൽ പ്രാദേശിക ആസൂത്രണം, അനുയോജ്യമായ വിളകൾ രേഖപ്പെടുത്തൽ, വിഭവ വിനിയോഗം, പദ്ധതികൾ/ഇടപെടലുകളുടെ സംശോധനം മുതലായവ ഉറപ്പാക്കുന്നതിന് സ്വീകരിക്കേണ്ട തന്ത്രങ്ങൾ എന്തൊക്കെയാണ്? കൃഷി വകുപ്പിന്റെ ജില്ല, ബ്ലോക്ക് ഗ്രാമതല സ്ഥാപനങ്ങളുടെ അതിർത്തി പുനർനിർണയിക്കുമ്പോൾ എന്തൊക്കെ നിർണായക പരിഗണനകളാണ് ഉണ്ടാവേണ്ടത്? ഇതുമായി ബന്ധപ്പെട്ട വെല്ലുവിളികൾ എന്തൊക്കെയാണ് ആ വെല്ലുവിളികൾ നേരിടാൻ പരിഹാരങ്ങൾ എന്തൊക്കെയാണ്?



## അടിക്കുറിപ്പ്

- കന്നുകാലി പരിപാലനം, മത്സ്യ പരിപാലനം, തേനീച്ച വളർത്തൽ, മറ്റ് അനുബന്ധ പ്രവർത്തനങ്ങൾ എന്നിവയെ കാർഷിക വിളകളുമായി സംയോജിപ്പിക്കുന്നതിനെയാണ് സംയോജിത കൃഷി എന്ന് പരാമർശിച്ചിരിക്കുന്നത്.
- ഒരേ കാലത്ത് ഒരേ ഭൂമിയിൽ ഒന്നിൽ കൂടുതൽ വിളകൾ കൃഷി ചെയ്യുന്നതിനേയാണ് (ഏകവിളയ്ക്ക് പകരം) ബഹുവിള കൃഷി എന്ന് പറയുന്നത്.
- ഒരേ കൃഷിഭൂമിയിൽ വ്യത്യസ്ത വിളകൾ മാറിമാറി കൃഷി ചെയ്യുന്നതിനെയാണ് വിള പരിവർത്തനം എന്ന് പറയുന്നത്.

## ആവാസം

പ്രളയമാണ് സംസ്ഥാനത്തെ ബാ

ധിക്കാറുള്ള ഏറ്റവും വലിയ പ്രകൃതി ദുരന്തം. സംസ്ഥാന വിസ്തൃതിയുടെ ഏകദേശം 14.5 ശതമാനം പ്രളയ സാധ്യതയുള്ള പ്രദേശങ്ങളാണ് ചില ജില്ലകളിൽ ഇത് 50 ശതമാനത്തോളമാണ് ദുരന്തസാധ്യതയേറിയ ജില്ലകളിലും പ്രദേശങ്ങളിലുമുള്ള ആവാസകേന്ദ്രങ്ങൾ അതുകൊണ്ടുതന്നെ ഭീഷണിയിലാണ്.

ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളിൽ നിന്നു വ്യത്യസ്തമായ ആവാസരീതിയാണ് കേരളത്തിലുള്ളത്. ജനസംഖ്യയുടെ മുക്കാൽഭാഗവും നഗരപ്രദേശങ്ങളിലോ നഗരപ്രാന്തങ്ങളിലോ അതിവേഗം നഗരവത്കരിക്കപ്പെടുന്ന ഗ്രാമങ്ങളിലോ ആണ് ജീവിക്കുന്നത്. ജനവാസ പ്രദേശങ്ങളെ വിഭജിക്കുന്ന തരത്തിൽ വിശാലവും തുറസായതുമായ സ്ഥലങ്ങൾ ഇല്ലാത്തതിനാൽ തുടർച്ചയുള്ള തരത്തിലുള്ള ജനവാസമാണ് ഇവിടെയുള്ളത്. സംസ്ഥാനത്ത് ഉടനീളം ധാരാളം ചെറിയ, ഇടത്തരം പട്ടണങ്ങൾ കാണപ്പെടുന്നു. അതേസമയം, വലിയ കൃഷിഭൂമിയും അവയ്ക്കിടയ്ക്ക് ചെറിയ ജനവാസകേന്ദ്രങ്ങളുമെന്ന തരത്തിലാണ് ഗ്രാമങ്ങൾ. 2011 ലെ കാനേഷുമാരി പ്രകാരം സംസ്ഥാന ജനസംഖ്യ ഗ്രാമ, നഗര പ്രദേശങ്ങളിൽ ഏകദേശം തുല്യമായി വിഭജിക്കപ്പെട്ടിരിക്കുന്നു. 1.6 കോടി ജനങ്ങൾ (ഏകദേശം 47.7%) നഗര പ്രദേശങ്ങളിലും 1.74 കോടി (ഏകദേശം 52.3%) ജനങ്ങൾ നഗരങ്ങളിലും താമസിക്കുന്നവരാണ്. 2011 ലെ കണക്ക് പ്രകാരം 92.72 ശതമാനമാണ് നഗര ജനസംഖ്യയുടെ ദശാബ്ദ വളർച്ച നിരക്ക്.

ഈ വിഷയവുമായി ബന്ധപ്പെട്ട് താഴെപറയുന്ന പ്രശ്നങ്ങൾ ചർച്ചചെയ്യാവുന്നതാണ്.

### പ്രശ്നങ്ങൾ തിരിച്ചറിയൽ

- സമീപ വർഷങ്ങളിൽ നിങ്ങളുടെ പ്രദേശത്ത് ശ്രദ്ധയിൽപ്പെട്ട ആവാസ വ്യവസ്ഥയിലെ മാറ്റങ്ങൾ എന്തെല്ലാമാണ്? (നിർമ്മിക്കുന്ന വീടുകളുടെ വലിപ്പം, എണ്ണം, നിർമാണരീതി എന്നിവ പരിഗണിച്ച്)
- പുതിയ വീടുകൾ വ്യാപകമാകുന്നത് നിങ്ങളുടെ പ്രദേശത്തെ ജലസ്രോതസുകളേയും ജലാശയങ്ങളെയും ബാധിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവ പ്രളയത്തിന്റെയോ വരൾച്ചയുടെയോ ആഘാതം വർധിക്കാൻ കാരണമായിട്ടുണ്ടോ?
- പുതിയ ആവാസപ്രദേശങ്ങളെ പ്രളയം സ്ഥിരമായി ബാധിക്കുന്നുണ്ടോ? ഈ പ്രദേശങ്ങളിൽ സ്ഥിരമായി പ്രളയം സംഭവിക്കുന്നതിനുള്ള കാരണങ്ങൾ എന്തെല്ലാമായിരിക്കാം?
- ആവാസ പ്രദേശങ്ങളിൽ അഭിമുഖീകരിക്കുന്ന ഇത്തരം ദുരന്തങ്ങളിൽ സർക്കാരിനും ജനങ്ങൾക്കുമുള്ള പങ്ക് എത്രത്തോളമാണ്?

> **പ്രളയമാണ് സംസ്ഥാനത്തെ ബാധിക്കാറുള്ള ഏറ്റവും വലിയ പ്രകൃതി ദുരന്തം. സംസ്ഥാന വിസ്തൃതിയുടെ ഏകദേശം 14.5 ശതമാനം പ്രളയ സാധ്യതയുള്ള പ്രദേശങ്ങളാണ് ചില ജില്ലകളിൽ ഇത് 50 ശതമാനത്തോളമാണ് ദുരന്തസാധ്യതയേറിയ ജില്ലകളിലും പ്രദേശങ്ങളിലുമുള്ള ആവാസകേന്ദ്രങ്ങൾ അതുകൊണ്ടുതന്നെ ഭീഷണിയിലാണ്.**

### പരിഹാരങ്ങൾ

- പ്രളയം, കാലാവസ്ഥാ വ്യതിയാനം എന്നിവയെ പ്രതിരോധിക്കുന്ന രീതിയിലുള്ള കെട്ടിട നിർമാണ രീതികൾ പരിചിതമാണോ? നിങ്ങളുടെ അഭിപ്രായത്തിൽ വീടുകൾ, കെട്ടിടങ്ങൾ, ആവാസമേഖലകൾ എന്നിവ പ്രളയത്തെ പ്രതിരോധിക്കുന്ന രീതിയിൽ എങ്ങനെ നിർമിക്കാം. (പ്രളയത്തെ പ്രതിരോധിക്കുന്നതിനും ജീവനും സ്വത്തും സംരക്ഷിക്കുന്നതിനുമായി സ്വീകരിക്കേണ്ട നടപടികൾ, സംസ്ഥാന വ്യാപകമായി സ്വീകരിക്കാവുന്ന നൂതന നിർമാണ സാമഗ്രികൾ, സാങ്കേതിക വിദ്യകൾ എന്നിവ)
- ഇത്തരം ആവാസ കേന്ദ്രങ്ങളിൽ ഭാവിയിൽ സംഭവിച്ചേക്കാവുന്ന പ്രശ്നങ്ങൾ ലഘൂകരിക്കുന്നതിന് സ്വീകരിക്കാവുന്ന നടപടികൾ എന്തെല്ലാമാണ്? (നിങ്ങളുടെ പ്രദേശത്തെ ഉയർന്ന ജനസാന്ദ്രതയും വസ്തുവിന്റെ ലഭ്യതക്കുറവും പരിഹരിക്കാൻ സ്വീകരിക്കാവുന്ന ബദൽ നടപടികൾ)
- ശരിയായ കെട്ടിടനിർമാണ ചട്ടങ്ങൾ നടപ്പിലാക്കുന്നതിലൂടെ അപകടസാധ്യതയുള്ള പ്രദേശങ്ങളിൽ സംഭവിക്കാവുന്ന നഷ്ടങ്ങൾ കുറയ്ക്കാൻ സാധിക്കുമോ? (അപകട സാധ്യതാ പ്രദേശങ്ങൾ തിരിച്ചറിയുക)

### നിർവഹണം നിയമങ്ങൾ നടപ്പാക്കൽ

- ദുരന്തസാധ്യതയുള്ള ഇടങ്ങളിൽ പഴുതില്ലാത്ത വിധം നിയമങ്ങളും ചട്ടങ്ങളും നടപ്പാക്കുന്നതിനായി എങ്ങനെയുള്ള സമീപനമാണ് സ്വീകരിക്കേണ്ടത്?
- കെട്ടിട നിർമ്മാണ നിയമങ്ങളിലും മുനിസിപ്പാലിറ്റി/പഞ്ചായത്ത് ചട്ടങ്ങളിലും ഉൾക്കൊള്ളിക്കാവുന്നതും നിലവിൽ സംസ്ഥാനത്ത് സ്വീകരിച്ചുവരുന്നതുമായ ബദൽ പരിഹാര മാർഗങ്ങളും എന്തെല്ലാമാണ്?
- ഭാവിയിൽ ഉണ്ടായേക്കാവുന്ന കയ്യേറ്റങ്ങളെ ചെറുക്കാനും നിരീക്ഷിക്കാനും പ്രാദേശിക സമൂഹങ്ങൾക്ക് എന്തൊക്കെ ചെയ്യാനാകും?
- പുതിയ ആവാസകേന്ദ്രങ്ങളിലും ദുരന്തസാധ്യത മേഖലകളിലും ഭൂവിനിയോഗവുമായി ബന്ധപ്പെട്ട് കൊണ്ടുവരേണ്ട നിയന്ത്രണങ്ങളും നിയമനടപടികളും (ഭൂവിനിയോഗത്തിലും ആവാസകേന്ദ്രങ്ങളുടെ രൂപകൽപനയിലും സംസ്ഥാനതലത്തിൽ സ്വീകരിക്കേണ്ട സമീപനം, നിലവിലുള്ള സംവിധാനത്തിലെ അപര്യാപ്തതകൾ എന്തൊക്കെ, ഭൂപരിപാലന രീതികളിൽ വരുത്തേണ്ട മാറ്റങ്ങൾ എന്തൊക്കെ)

(തുടരും)

കടപ്പാട്: റീ ബിൽഡ് കേരള ഇനിഷ്യേറ്റീവ്



# കുറിച്യാട്

## കാടിറങ്ങാത്ത കാട്ടുനായ്ക്കരുടെ ഗ്രാമം

**കാടുമായി പൊരുത്തപ്പെട്ട് മാത്രം ജീവിതം പൂരിപ്പിക്കുന്ന ഒരു കൂട്ടം മനുഷ്യരെയും അവർക്കു ചുറ്റുമുള്ള ലോകത്തെയും പരിചയപ്പെടാൻ ഒരു യാത്ര.**

രമേഷ്കുമാർ വെള്ളമുണ്ട

വൈദ്യുതിയോ ടാറിട്ട റോഡുകളോ ഇല്ല. വാഹനങ്ങളുടെ ഇരമ്പലുകളുമില്ല. മൊബൈൽ ഫോണുമില്ല. വിവരങ്ങളറിയാൻ ദിനപത്രം പോലും കടന്നുവരാത്ത ഒരു ഗ്രാമം. ഉത്തരേന്ത്യൻ ഗ്രാമ വിശേഷമല്ല. കേരളത്തിൽ ഇന്നും ശേഷിക്കുന്ന ഒരു വനഗ്രാമാമാണിത്.

വയനാടിന്റെ വിദൂര ഗ്രാമ ഭംഗികളിൽ കുറിച്യാട് എന്ന വനഗ്രാമം വരച്ചിടുന്നത് അപൂർവ്വമായൊരു ജീവിത ചിത്രമാണ്. നിബിഡവനത്തിനുള്ളിലെ പച്ചപ്പിന്റെ കൂടാരത്തിൽ നിന്നും ഗ്രാമവാസികൾക്ക് കുടിയിറങ്ങാൻ സമയമായി. ഇനി ഈ ഗ്രാമവും കാടിനുള്ളിലേക്ക് ഓർമ്മകളെ ചേർക്കും. സ്വയം സന്നദ്ധ പുനരധിവാസത്തിൽ വന്യമൃഗങ്ങൾക്കായി സ്വന്തം ഗ്രാമത്തെയും ജീവിത പരമ്പരകളെയും വിട്ടുകൊടുക്കുയാണ് ആദിവാസികൾ. വയനാടിന്റെ ഗ്രാമീണ ഭൂപടത്തിൽ നിന്നും പച്ചപ്പുകൾ ഈ നാടിനെ പുണരുമ്പോൾ ഇവിടെ ജനിച്ചു വളർന്ന കാടിന്റെ മക്കൾ അടരുവാൻ വയ്യാത്ത നോവിന്റെ കഥകളാണ് പറയുക.

കാട്ടുനായ്ക്കരുടെ സങ്കേതമായ കുറിച്യാടും അവരുടെ ജീവിത പരിസരങ്ങളും കേട്ടറിയുന്നവരുടെ മനസ്സിൽ ഒരു ആഗ്രഹം മുളപൊട്ടും. കാടുമായി പൊരുത്തപ്പെട്ട് മാത്രം ജീവിതം പൂരിപ്പിക്കുന്ന ഒരു കൂട്ടം മനുഷ്യരെയും അവർക്കു ചുറ്റുമുള്ള ലോകത്തെയും പരിചയപ്പെടാൻ ഒരു യാത്ര. മൊബൈലിന്റെയും വാട്സാപ്പിന്റെയും കാലത്ത് അതൊന്നുമില്ലാത്ത ഒരു ജനതയുടെ ജീവിതമറിയാനുള്ള വെമ്പൽ. വേനലിന്റെ അവസാന പാദത്തിൽ സുൽത്താൻ ബത്തേരിയിൽ നിന്നും പുൽപ്പള്ളി റോഡിലൂടെ ഈ ഗ്രാമത്തെ ലക്ഷ്യം വെച്ചുള്ള യാത്രയ്ക്ക് അവസരമൊരുങ്ങി. ഇരുഭാഗത്തും കുട ചൂടിയ പച്ചപ്പിനുള്ളിലൂടെ കാടിന്റെ കുളിരുകളെ പിന്നിട്ട് കുറിച്യാടെന്ന സ്വപ്നത്തിലേക്കുള്ള പ്രയാണം. വന്യജീവി സങ്കേതത്തിനുള്ളിലായതിനാലും ജനവാസ മേഖലയിൽ നിന്നും പത്ത് കിലോമീറ്ററോളം ഉൾവനത്തിലായതിനാലും കുറിച്യാടെത്തണമെങ്കിൽ വനംവകുപ്പ് അധികൃതരുടെ അനുമതി ആവശ്യമാണ്. സഞ്ചാരികളെയൊന്നും അധികൃതർ ഇവിടേക്ക് പ്രോത്സാഹിപ്പിക്കുന്നില്ല. ഇവിടുത്തെ ഗ്രാമീണരുമായി ബന്ധപ്പെട്ട കാര്യങ്ങൾക്കായി മാത്രം പുറമേ നിന്നും കടത്തിവിടും. പോകുന്നവരുടെ വിവരങ്ങൾ ഫോറസ്റ്റ് റെയ്ഞ്ച് ഓഫീസിൽ രേഖപ്പെടുത്തേണ്ടിയും വരും.



ചെതലയത്ത് നിന്നും ഇടത്തോട്ട് തിരിഞ്ഞ് അൽപ്പം മുന്നോട്ട് പോയപ്പോഴേക്കും ചെമ്മൺ വനപാതയ്ക്ക് നടുവിൽ ഇരുമ്പ് മുള്ളുകൾ കോർത്ത ഗെയിറ്റായി. കാട്ടാനകൾ പലതവണയും പുറത്തേക്കുള്ള ഈ കവാടത്തെ തകർക്കാൻ ശ്രമിച്ചതിന്റെ പരിക്കുകൾ കാണാം. പിന്നീടങ്ങോട്ട് വാഹനങ്ങൾ വല്ലപ്പോഴും മാത്രം പോകുന്ന കാട്ടുപാതകളിലൂടെയാണ് യാത്ര. തുടക്കത്തിൽ തന്നെ കുത്തനെ താഴോട്ട് തലതല്ലിയലിഞ്ഞു പോകുന്ന ചെതലയം വെള്ളച്ചാട്ടം. പിന്നീട് അങ്ങോട്ട് ഇടുങ്ങിയ വഴിയും അതിനെ മൂടി നിൽക്കുന്ന കാടും വൻമരങ്ങളുമെല്ലാം കുറിച്യാട് യാത്രയ്ക്ക് ആവേശം കൂട്ടി. ആകാശത്തേക്ക് തലകൾ നീട്ടിയും ചാഞ്ഞും ചെരിഞ്ഞും വളർന്ന മരുത് മരങ്ങൾക്കിടയിൽ മലമ്പാമ്പിനെപോലുയുള്ള കാട്ടുവള്ളികൾ. നട്ടുച്ചയിലും ഒരു തരി സൂര്യപ്രകാശം പോലും അരിച്ചിറങ്ങാത്ത കാട്ടുചോലകൾ. ആൻഡമാൻ കാടുകളെ പോലെ ഇടതടവില്ലാതെ കാട് നീണ്ടു പോകുന്നതിന്റെ കാഴ്ചകൾ. ഏതുനിമിഷം മുന്നിൽ വന്നുപെടാനുള്ള കാട്ടാനകളുടെ രൂപം മനസ്സിലുണ്ട്. അത്രയധികം ആനത്താരകളും കടന്നാണ് കുറിച്യാടേക്കുള്ള പാതകൾ മുന്നിലുള്ളത്. ഈ വഴികൾ തന്നെയാണ് കുറിച്യാടുള്ള ഗ്രാമീണർക്കും കാടിന് പുറത്തേക്കുള്ള വഴി. ഏതു സമയത്തും ഈ കാടിനെ കടന്ന് പുറത്തേക്കും തിരിച്ചു ഗ്രാമത്തിലേക്കും ഇതിലൂടെ യാത്ര ചെയ്യാൻ ഇവർക്കൊന്നും പരിഭ്രമമില്ല. അത്രയധികം കാടുമായി ഇഴകി ചേർന്നതാണ് ഇവരുടെയെല്ലാം ജീവിതം. ഒരു ജീപ്പിന് കഷ്ടി കടന്നു പോകാൻ കഴിയുന്ന വഴികളിൽ കയറ്റവും ഇറക്കവും പിന്നിട്ടാണ് യാത്ര. കാടിന്റെ ഇരുണ്ട കാഴ്ചകൾ പിന്നിട്ട് ഏഴുകിലോമീറ്ററോളം സഞ്ചരിച്ചതോടെ വിശാലമായ പച്ചപ്പുൽ മൈതാനം കൺമുന്നിലേക്ക് തെളിഞ്ഞു. ഒരു കാലത്ത് ഇത് നെല്ലുവിളയുന്നപാടമായിരുന്നു. കൂടെയുള്ള വനം വകുപ്പിന്റെ വാച്ചർ രാജു പറഞ്ഞു. ഈ പാടത്തെ മുറിച്ചു കടന്നതോടെ പ്രകൃതി വരച്ച ഒരു ചിത്രം പോലെ കുറിച്യാടെന്ന ദേശം മാടിവിളിച്ചു.

## സ്വപ്ന സുന്ദര ഗ്രാമം

വേടരാജാക്കന്മാരായിരുന്നു ഒരു കാലത്ത് വയനാടിന്റെ അധിപർ. പിന്നീട് വന്നവരെല്ലാം ഇവരിൽ നിന്നും വയനാടിനെ തങ്ങളുടേതാക്കി മാറ്റി. ഈ പുരാവൃത്തങ്ങളിൽ നിന്നും കുറിച്യാടിനെ നിരീക്ഷിക്കുമ്പോൾ രാജ്യം നഷ്ടപ്പെട്ട രാജകുലങ്ങൾ ഇന്ന് ഈ കാടിനുള്ളിൽ അഭയം തേടിയിരിക്കുന്നു. ഇവർക്കിടയിലേക്ക് കർണ്ണാടകയിൽ നിന്നും വന്ന ചെട്ടിമാരും ഒന്നര നൂറ്റാണ്ട് മുമ്പ് ചേക്കേറി.ഒരു കാലത്ത് ഇവിടം കുറിച്യരും താമസമാക്കിയതായി പറയപ്പെടുന്നു. അതുകൊണ്ടാണ് കുറിച്യാടെന്ന പേരിനും കാരണമായത്. ബ്രിട്ടീഷ് സൈന്യത്തിൽ നിന്നും അകന്ന് പഴശ്ശിരാജാവ് ഇവിടം ഒളിവിൽ കഴിയുകയും രാജാവിനെ തേടി ഇവിടെ സൈന്യം വന്നതായും രേഖകളിലുണ്ട്. അക്കാലത്തേതെന്ന് കരുതപ്പെടുന്ന പീരങ്കി ഉണ്ടകളും ഇവിടെ നിന്നും കണ്ടെടുത്തിട്ടുണ്ട്.

മൃഗങ്ങളെ വേട്ടയാടിയും കാട്ടുകിഴങ്ങുകൾ ഭക്ഷിച്ചും കഴിഞ്ഞ കാട്ടുനായ്ക്കരവാട്ടെ ചെട്ടിമാരുടെ കൃഷി പരീക്ഷണങ്ങളിൽ നിന്നും ഒഴിഞ്ഞു നിന്നു. ചതുപ്പ് നിലങ്ങളെ ഇവർ നല്ല ഒന്നാന്തരം നെല്ലുവിളയുന്ന പാടങ്ങളാക്കി. കാടിന്റെ ഓരങ്ങൾ ചേർന്ന് കാപ്പിയും കുരുമുളകുമെല്ലാം വെച്ചുപിടിപ്പിച്ചു. നെൽകൃഷി പുരോഗമിച്ചതോടെ അതുവരെയും രാപകൽ

**കാലം ഏറെ മുന്നോട്ട് വന്നപ്പോൾ വയനാട്ടിലെ വനസമീപ ഗ്രാമങ്ങളെല്ലാം വന്യജീവി മനുഷ്യ പോരാട്ടത്തിന്റെ രോദനങ്ങൾ ഉയർത്തിയപ്പോൾ കുറിച്യാടിന് ഇതിനോടൊന്നും പരിഭവമുണ്ടായിരുന്നില്ല. പിൽക്കാലം സൗരോർജ്ജ വേലികൾ കൊണ്ടും കിടങ്ങുകൾ തീർത്തും കാടും നാടും വേർതിരിക്കപ്പെട്ടപ്പോൾ കുറിച്യാട് മാത്രം കാടിനോട് വേലികളോ മതിലുകളോ ഇല്ലാതെ ചേർന്നു നിന്നു.**

കാടിനുള്ളിലേക്ക് പോകാൻ തുടങ്ങിയ കാട്ടുനായ്ക്കർ ചെട്ടിമാരുടെ കൃഷിയിടങ്ങളിൽ പണിയാളുകളായി. കൂലിയായി നെല്ലും ചെലവും കിട്ടിയതോടെ കാടിനുള്ളിൽ ആദ്യമായി പട്ടിണി അകന്നു. അങ്ങിനെ ചെട്ടിമാരും കാട്ടുനായക്കരും മാത്രമുള്ള കുറിച്യാട് ഒരു സ്വപ്ന സുന്ദരഗ്രാമമായി.

കാലം ഏറെ മുന്നോട്ട് വന്നപ്പോൾ വയനാട്ടിലെ വനസമീപ ഗ്രാമങ്ങളെല്ലാം വന്യജീവി മനുഷ്യ പോരാട്ടത്തിന്റെ രോദനങ്ങൾ ഉയർത്തിയപ്പോൾ കുറിച്യാടിന് ഇതിനോടൊന്നും പരിഭവമുണ്ടായിരുന്നില്ല. പിൽക്കാലം സൗരോർജ്ജ വേലികൾ കൊണ്ടും കിടങ്ങുകൾ തീർത്തും കാടും നാടും വേർതിരിക്കപ്പെട്ടപ്പോൾ കുറിച്യാട് മാത്രം കാടിനോട് വേലികളോ മതിലുകളോ ഇല്ലാതെ ചേർന്നു നിന്നു. കാട്ടാനയും കാട്ടുപോത്തുകളും വിഹരിക്കുന്ന കാടിനുള്ളിൽ ഇവർക്കായി വേർതിരിക്കപ്പെട്ട മറ്റൊരു ലോകം വേണ്ടന്നായിരുന്നു ഈ വനവാസികളുടെ തീരുമാനം. ഇന്നും കാട്ടാനയും കരടിയുമൊക്കെ വീടിന് മുറ്റത്ത് വന്നണയുമ്പോഴും ഭയപ്പാടില്ലാതെ ഇവർ ഇതിനുള്ളിൽ കഴിയും. പാട്ടകൊട്ടിയും പന്തം വീശിയും നെല്ലുവിളയുന്ന പാടങ്ങൾക്കും ഇവർ രാത്രി മുഴുവൻ കാവലിരുന്നു. കിലോമീറ്ററുകൾ സഞ്ചരിച്ച് പുറം ലോകത്തേക്ക് പോകുന്നത് വല്ലപ്പോഴും മാത്രം. അത്യാവശ്യത്തിനുള്ളതെല്ലാം കുടുംബത്തോടെ കാടിറങ്ങി തലയിലേന്തി ഗ്രാമത്തിലെത്തിക്കും. കാടിന്റെയും കാട്ടുമൃഗങ്ങളുടെയുമെല്ലാം രീതികൾ ഇവർക്ക് മന:പാഠമാണ്. കനത്തു പെയ്യുന്ന മഴക്കാലവും കടുത്ത വേനലും മഞ്ഞും മകരവുമെല്ലാം കാടിനുള്ളിൽ കാഴ്ചകളായി വിരുന്നെത്തും. ഈ വിരുന്നുകാലമെല്ലാം ഇവർക്ക് ആഘോഷമായി കടന്നുപോയി. കലണ്ടറുകളില്ലാതെ, കാടിന്റെ പൂക്കാലമെണ്ണി ഇവർ പ്രായത്തെ പോലും കണക്കാക്കി. പാഠപുസ്തകങ്ങൾക്ക് പകരം ഇവർ കുട്ടികളെ കാടുകയറാൻ പഠിപ്പിച്ചു. ആചാരങ്ങൾക്കും അനുഷ്ഠാനങ്ങൾക്കും കാടെന്ന പോലെ കുടപിടിച്ചു. പുറംലോകത്തെ വിസ്മയങ്ങളിൽ നിന്നെല്ലാം അകന്ന് കാടിന്റെ ഉള്ളറകളിലെ രഹസ്യം തേടി അലയാനായിരുന്നു ഇവർക്കെല്ലാം ഇഷ്ടം.

## അടരാൻ വയ്യാത്ത ജീവിതം

കാലം മാറി. കാട്ടിൽ കടുവകളും കാട്ടാനകളും കൂടിക്കൂടി വന്നു. ലോകത്തിൽ വംശനാശത്തിന്റെ വക്കിലെത്തിയിരുന്ന കടുവകളുടെ ആവാസ മേഖലയായി വയനാട് വന്യജീവി സങ്കേതം മാറിയതോടെ നാഷണൽ ടൈഗർ കൺസർവേഷൻ സൊസൈറ്റിയുടെ ശ്രദ്ധയും ഇവിടേക്ക് പതിഞ്ഞു. അതോടെയാണ് വനഗ്രാമങ്ങളുടെ കാടിന് പുറത്തേക്കുള്ള സ്വയം സന്നദ്ധ പുനരധിവാസത്തിന് കേന്ദ്ര സർക്കാർ പദ്ധതി തയ്യാറാക്കിയത്. അതിന് മുമ്പ് തന്നെ ഗ്രാമീണരെ കാടിനുള്ളിൽ നിന്നും പുറത്തേക്ക് കൊണ്ടുവാരാൻ അധികൃതർ ഇവിടെ പദ്ധതിയിട്ടിരുന്നു. കൃഷി ചെയ്യാൻ ചെട്ടിമാർക്ക് അവസരം നിഷേധിച്ചു. പാട്ടക്കരാർ റദ്ദുചെയ്തും മറ്റും ഇവരെ പുറത്തേക്ക് കൊണ്ടുവരാനുള്ള നീക്കം അതിശക്തമായിരുന്നു. ആകെയുണ്ടായിരുന്ന ഏകാധ്യാപക വിദ്യാലയവും അങ്കണവാടിയും അടച്ചുപൂട്ടി.

സ്വന്തം ഇഷ്ടപ്രകാരം ഇവർക്ക് കാടിനുള്ളിൽ നിന്നും പുറത്തേക്ക് ജീവിതം പറിച്ചുനാടാം. ഇങ്ങനെ പോകുന്ന കുടുംബത്തിന് പത്ത് ലക്ഷം രൂപ സർക്കാർ നൽകും.സ്ഥലവും വീടുമൊരുക്കാനുള്ള സൗകര്യവും സർക്കാർ നൽകും. ഈ പദ്ധതി കുറിച്യാടിനെയും നോട്ടമിട്ടു. അതുവരെയും കാടിന് പുറത്ത് മറ്റൊരു ജീവിതത്തെ സങ്കൽപ്പിച്ചിട്ടില്ലാത്ത ഇവർക്കാകട്ടെ ഈ ഗ്രാമത്തോട് വിടപറയുന്നതിലായിരുന്നു ഏറെ വിഷമം. സ്വമേധയാ ഇവിടെ നിന്നും കാടിന് പുറത്തേക്കുള്ള വഴി ആദ്യം തെരഞ്ഞെടുത്തത് ചെട്ടി സമുദായക്കാരായിരുന്നു. വിയർപ്പൊഴുക്കിയ കൃഷിയിടങ്ങളും വീടെന്ന തണലും കാടെന്ന വിഹാരവും ഉപേക്ഷിച്ച് ഇവർ കൂട്ടമായി കാടിറങ്ങി. അതിനുപിന്നാലെ ഇവരുടെ പണിയാളുകളായിരുന്ന പണിയ കുടുംബങ്ങളും പുറത്തേക്കിറങ്ങി. എന്നാൽ കാടിന്റെ ഗന്ധം ജീവശ്വാസമായി കാണുന്ന കാട്ടുനായ്ക്കർക്ക് അതിന് മനസ്സുവന്നില്ല.

കാടിനെ പിരിയാൻ കഴിയാത്ത കാട്ടുനായ്ക്കർ അങ്ങനെ ഇവിടെ ബാക്കിയായി. കാടിനെ കൃഷിയുടെ താളങ്ങൾ പഠിപ്പിച്ച ചെട്ടിമാർ പോയതോടെ ആ കൃഷിയിടങ്ങളൊക്കെ കാടുകയറി. വിശാലമായ വയലുകൾ തരിശായി പഴമയിലേക്കുള്ള രൂപാന്തരണത്തിലാണ്.കൃഷി ശീലിച്ചിട്ടില്ലാത്ത ഇവർക്കെല്ലാം ജീവിക്കാൻ കാട് കനിയണമെന്ന് തന്നെയായി. ഇരുപതതോളം വീടുകളിലായി എഴുപതോളം കാട്ടുനായ്ക്കരാണ് ഇന്ന് കുറിച്യാടിൽ താമസമുള്ളത്. അതിൽ 52 പേർ മുതിർന്നവരാണ്. ആകെയുള്ള വിദ്യാലയവും അടച്ചുപൂട്ടിയതോടെ കുട്ടികൾ ഇന്ന് പുറത്തുള്ള സർക്കാർ ഹോസ്റ്റലുകളിൽ താമസിച്ചാണ് പഠിക്കുന്നത്. കാടിന് പുറത്തേക്ക് ആവശ്യങ്ങൾക്കെല്ലാം പോകാൻ ഒരു ജീപ്പും ഇവർ സംഘടിപ്പിച്ചു. മുമ്പ് ചെട്ടിമാരുമായി ചേർ



**ജീവിത ചക്രത്തെ രണ്ടായി മുറിക്കാൻ ഇഷ്ടമില്ലാതിരുന്നിട്ടും ഇവർ കാടിനോട് ഒട്ടി നിൽക്കുന്നു. ഒരിക്കൽ പോയവർ പിന്നീട് തിരികെയെത്തുന്നു. ഈ പച്ചപ്പും ശുദ്ധവായുവും വെള്ളവും വന്യമൃഗങ്ങൾക്കായി നൽകി കാട് വിട്ട് പുറത്തുപോകാനാണ് ഒടുവിൽ സമ്മതിക്കുന്നത്.**



ന്ന് വാങ്ങിയതാണ് ഈ ജീപ്പ്. അവർ പോയതോടെ ഈ വാഹനത്തിന്റെ ചെലവും ഇവർക്ക് ബാധ്യതയായി മാറി. കാടിനുള്ളിൽ നിന്നും അന്നന്നുള്ള ചെലവിനുള്ളതെല്ലാം തേടി അലയുന്ന ഇവർക്ക് ഈ വാഹനം കൊണ്ടുനടക്കാനും പരിമിതികൾ ഏറെയായിരുന്നു.

## വീണ്ടുമൊരു തേൻകാലം

കാടിന് പൂക്കാലമെത്തുമ്പോൾ കാട്ടുനായ്ക്കർക്കും മനസ്സ് നിറയും. പിന്നീട് മൂന്നുമാസത്തോളം കാടാകെ തേൻമണക്കും. വൻമരങ്ങളുടെ ശിഖരങ്ങളിൽ തേനീച്ചകൾ കൂട്ടത്തോടെ കൂടൊരുക്കും കാലം. കാറ്റിൽ ഉലയുന്ന തേനീച്ചക്കൂടുകളിൽ നിന്നും തേൻ പാട്ടകൾ അടർത്താൻ സമയവും കാലവുമെല്ലാം നോക്കണം. ഓരോ കുടുംബത്തിനുമായി ഓരോ മരങ്ങളും കാടിനുള്ളിൽ വീതം വെച്ചിട്ടുണ്ടാകും. കൊമ്പുതേനുള്ള മരങ്ങളുടെ താഴെ ഓരോ കുടുംബത്തിനും പ്രത്യേക അടയാളങ്ങൾ മാസങ്ങൾക്ക് മുമ്പേ കത്തിമുന കൊണ്ട് കോറിയിട്ടുണ്ടാകും. ഈ കുടുംബങ്ങൾക്ക് മാത്രമാണ് ഈ മരങ്ങളിൽ നിന്നും തേനെടുക്കാനുള്ള അവകാശം. കാടിന്റെ അലിഖിതമായൊരു നിയമമാണത്. ഏതു ദാരിദ്രകാലത്തും ഈ ഗോത്രനിയമങ്ങളെ തെറ്റിക്കാൻ ഇവർ തയ്യാറായിരുന്നില്ല. വാവ് മൂക്കുമ്പോൾ തേനെടുക്കാൻ ഇവർ കുടുബത്തോടെ കാടിനുള്ളിലേക്ക് യാത്രയാകും. മിക്കവാറും ഒരാഴ്ച വരെ നീളമുള്ള യാത്രയാവുമത്. ചെറിയ കുട്ടികളമെല്ലാമടക്കം പാറയിടുക്കിലും മറ്റും അന്തിയുറങ്ങി ഇവർ രാത്രികൾ പിന്നിലാക്കും. പകൽ സമയം മുഴുവൻ തേൻശേഖരണത്തിനായി ചെലവിടും. തേനീച്ചയുടെ കുത്തേൽക്കാതെ വലിയ മരത്തിനുമുകളിൽ നിന്നും തേനെടുക്കൽ അതിസാഹസികമാണ്. പരമ്പരാഗതമായി ഇവർ പഠിച്ചെടുത്ത ഈ നൈപുണ്യം ഇവരിൽ മാത്രം ഇന്നും ഒതുങ്ങുന്നു. പൂമ്പൊടികൾ നിറഞ്ഞ ഇളം തേൻപാട്ടകൾ ഇവർക്ക് ഈ സമയത്തെല്ലാം കാടിനുള്ളിലെ ഭക്ഷണവുമാണ്. തേൻപാട്ടകൾ കൊണ്ട് മാത്രം ദിവസങ്ങളോളം ഇവർ വിശപ്പടക്കും. തേൻപാട്ടകൾ ഒന്നായി തുണിയിൽ



കെട്ടി തിരികെ യാത്രതുടരും. കോളനിയിലെത്തിയാൽ ഇവയെല്ലാം തരം തിരിച്ച് വെച്ച് ലഭ്യമായ പാത്രങ്ങളിലേക്ക് പിഴിഞ്ഞെടുക്കും. തേൻകാലമായാൽ ഇവരുടെ വീടിന് ചുറ്റുമെല്ലാം തേനീച്ചകൾ വട്ടമിട്ട് പറക്കുന്നതുകാണാം. ഇങ്ങനെ ശേഖരിക്കുന്ന തേൻ വനം വകുപ്പിന്റെ സൊസൈറ്റിയിലെത്തിച്ചും മറ്റുമാണ് വിൽപ്പന നടത്തുക. പുറമെ നിന്നും ആവശ്യക്കാരും തേൻ തേടി വരും. ഒരു ലിറ്റർ തേനിന് 600 രൂപ വരെയാണ് ഇവർക്ക് വില ലഭിക്കുക. ഒരു വർഷക്കാലത്തേക്കുള്ള ഇവരുടെ സമ്പാദ്യവും ഇതു തന്നെയാണ്. പരമാവധി തേൻ ശേഖരിച്ച് വിൽക്കാനാണ് ഇക്കാലത്ത് ഇവരെല്ലാം ഉത്സാഹിക്കുക. പകൽ സമയം കോളനികളെല്ലാം ശൂന്യമായിരിക്കും. എല്ലാവരും കാടിനുള്ളിൽ നിന്നും തേനെടുക്കാൻ പോയിട്ടുണ്ടാകും. പേരിന് ഒന്നോ രണ്ടോ പേർമാത്രമാണ് ഈ സമയങ്ങളിൽ കോളനിയിലുണ്ടാവുക. ഈ സമയം നോക്കി കരടികളും വീടിനുള്ളിലെ തേൻ നുണയാനെത്താറുണ്ടെന്നും ഇവർ പറയുന്നു. പ്രളയവും അടിക്കടിയുണ്ടാവുന്ന കാലാവസ്ഥ മാറ്റവുമെല്ലാം തേൻ കുറയുന്നതിന് കാരണമായതോടെ കുറിച്യാടിന്റെ പ്രതീക്ഷകൾക്കും മങ്ങലേൽക്കുകയാണ്.

## കാടിറങ്ങാത്ത മോഹങ്ങൾ

സ്വയം സന്നദ്ധ പുനരധിവാസം വന്നതുമുതൽ സർക്കാരിന് ഈ ഗ്രാമത്തെ സൗകര്യങ്ങളെത്തിച്ച് കാലമേറെ സംരക്ഷിക്കാൻ കഴിയില്ല. വൈദ്യുതിയോ റോഡോ വന്യമൃഗ ശല്യം തടയുന്നതിനുള്ള സൗകര്യങ്ങളോ ഏർപ്പെടുത്താനാവില്ല. ഈ സാഹചര്യത്തിൽ ഇവർക്ക് മുന്നിൽ ഒന്നുമാത്രം. ഈ കാടിനെയും ഗ്രാമത്തെയും കൈവിടുക. ജീവിത ചക്രത്തെ രണ്ടായി മുറിക്കാൻ ഇഷ്ടമില്ലാതിരുന്നിട്ടും ഇവർ കാടിനോട് ഒട്ടി നിൽക്കുന്നു. ഒരിക്കൽ പോയവർ പിന്നീട് തിരികെയെത്തുന്നു. ഈ പച്ചപ്പും ശുദ്ധവായുവും വെള്ളവും വന്യമൃഗങ്ങൾക്കായി നൽകി കാട് വിട്ട് പുറത്തുപോകാനാണ് ഒടുവിൽ സമ്മതിക്കുന്നത്. ഇവർക്കായി പറ്റിയൊരിടം അന്വേഷിക്കുകയാണ് അധികൃതരും. പോകാനില്ല. ഇവിടെ തന്നെ മരിക്കണമെന്നാണ് ആഗ്രഹം. ഇവിടെത്തന്നെ ജനിച്ചു വളർന്ന പ്രായം തൊണ്ണൂറിനോടടുത്ത മാസ്തി പറയുന്നു. പിന്നെ എല്ലാരും പോകുമ്പോ ഞാനൊറ്റയ്ക്ക് ഇവിടെ നിക്കാൻ പറ്റ്വോ. മനസ്സില്ലാ മനസ്സോടെയാണ് പത്ത് മക്കളുടെ അമ്മ കൂടിയായ കുറിച്യാടിന്റെ ഈ മുത്തശ്ശി കാടിനോട് വിട പറയാൻ നിൽക്കുന്നത്. കന്നുകാലി വളർത്തൽ പലരും തൊഴിലായി സ്വീകരിച്ചിട്ടുണ്ട്. ഇതെല്ലാം വിട്ട് പുതിയ ലോകം ഇവരെ കാത്തിരിക്കുന്നത് അനേകം വെല്ലുവിളികളുമായാണ്. ചരിത്രാതീത കാലത്ത് വയനാട് വനത്താൽ ചുറ്റപ്പെട്ടതായിരുന്നു. പലതരത്തിലുള്ള അധിനിവേശങ്ങളും കാടിന്റെ മക്കളെ ഉൾക്കാടുകളിലേക്ക് മടക്കിക്കൊണ്ടുപോയി. അത്തരത്തിൽ എപ്പോഴോ കുറിച്യാടും ഈ മണ്ണിന്റെ മക്കൾക്ക് അഭയമായി. ഒടുവിൽ കാട് ഇവരെ പുണരാൻ എത്തുമ്പോൾ അതിനുള്ളിൽ നിന്നുള്ള പലായനത്തിൽ ഇവർക്ക് നഷ്ടമാകുന്നത് സ്വന്തം വേരുകൾ കൂടി തന്നെയാണ്.ഒരു ഗ്രാമം അങ്ങിനെ ഒരു ഭൂപടത്തിൽ നിന്നും മായുമ്പോൾ അവരുടെ ഓർമ്മകളും കാട് പോലെ നിഗൂഢമായ ഒരു തുരുത്തായിമാറുകയാണ്.●
















**മുഖ്യമന്ത്രിയുടെ ഹരിത അവാർഡിൽ ഒന്നാം സ്ഥാനം**

# പുതുമയേറുന്ന പദ്ധതികളുമായി പഴയന്നൂർ ബ്ലോക്ക് പഞ്ചായത്ത്

ലോകത്തിനാകെ വെല്ലുവിളി സൃഷ്ടിച്ചുകൊണ്ടിരിക്കുന്ന മാലിന്യപ്രശ്നത്തെ ക്രിയാത്മകമായ പ്രവർത്തനങ്ങളിലൂടെ അതിജീവിക്കാനുള്ള ശ്രമങ്ങളാണ് പഴയന്നൂർ ബ്ലോക്ക് പഞ്ചായത്തിനെ ശ്രദ്ധേയമാക്കുന്നത്. മാലിന്യസംസ്കരണ സംവിധാനങ്ങളൊരുക്കിയതും കാർഷികരംഗത്ത് നൂതനമായ പദ്ധതികൾ ആവിഷ്കരിച്ചതുമൊക്കെയാണ് സംസ്ഥാനതല ഹരിതകേരളം പുരസ്കാരത്തിലേക്ക് ബ്ലോക്കിനെ കൈപിടിച്ചുയർത്തിയത്.

## ശുചിത്വ ഉപമിഷനുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ

ബ്ലോക്ക് പഞ്ചായത്തിലെ 6 ഗ്രാമപഞ്ചായത്തുകളിലായി 108 വാർഡുകളിൽ നിന്നും പ്ലാസ്റ്റിക് മാലിന്യങ്ങൾ സംഭരിച്ച് അത് സംസ്കരിച്ച് നാറ്റ്പാക് നിർദേശ പ്രകാരമുള്ള ടാറിംഗ് പ്രവൃത്തികൾക്ക് ഉപയോഗപ്പെടുത്തി. ഹരിത കേരള മിഷൻ നൽകിയ പ്രചോദനം ബ്ലോക്ക് പഞ്ചായത്തിന്റെ ഈ മാതൃകാ പദ്ധതിക്ക് സഹായകമായി.

- ബ്ലോക്ക് പഞ്ചായത്തിലെ 6 ഗ്രാമപഞ്ചായത്തുകളിലെ 108 വാർഡുകളിൽ നിന്നും 3 വീതം ഹരിതകർമ്മ സേനാംഗങ്ങളെ തിരഞ്ഞെടുത്ത് ഇവർക്ക് ബ്ലോക്ക് തല പരിശീലനം നൽകി.
- പഴയന്നൂർ ബ്ലോക്ക് പഞ്ചായത്ത്

പദ്ധതി വിഹിതത്തിൽ നിന്നും തുക വകയിരുത്തി പഴയന്നൂർ ഗ്രാമപഞ്ചായത്തിലെ വടക്കേത്തറ വില്ലേജിൽ ഒരേക്കർ സ്ഥലം വാങ്ങി, മാലിന്യ സംസ്കരണത്തിന് പ്ലാസ്റ്റിക് ഷ്രഡിംഗ് ആന്റ് ബയലിംഗ് യൂണിറ്റ് ആരംഭിച്ചു.

- ഹരിത കർമ്മസേന അംഗങ്ങൾക്ക് ബ്ലോക്ക് പഞ്ചായത്ത് നിശ്ചയിച്ച യൂണിഫോം നൽകി. മാലിന്യ സംഭരണത്തിനും, അവ സംസ്കരണ കേന്ദ്രത്തിൽ എത്തിക്കുന്നതിനും വാഹനങ്ങൾ ലഭ്യമാക്കി.
- ഹരിത കർമ്മസേന അംഗങ്ങൾ വീടുകളിൽ നിന്നുമുള്ള മാലിന്യം അർബാനയിൽ സംഭരിച്ച് ബ്ലോക്ക് പഞ്ചായത്ത് സംസ്കരണ കേന്ദ്രത്തിൽ എത്തിക്കുന്നു.
- ഹരിത കർമ്മസേന അംഗങ്ങളുടെ പ്രവർത്തനത്തിന്, പദ്ധതി ആരംഭിച്ച് രണ്ടാമത് മാസം മുതൽ 30 രൂപ വീതം വീടുകളിൽ നിന്ന് ഇതിനായി ഈടാക്കുന്നു.
- ഹരിത കർമ്മസേന അംഗങ്ങൾ സംഭരിച്ച പൊതുയിടങ്ങളിലെ അജൈവ മാലിന്യങ്ങൾ ഗ്രാമപഞ്ചായത്തുകൾ അവരുടെ വാഹനങ്ങളിൽ ബ്ലോക്ക് പഞ്ചായത്ത് സംസ്കരണ കേന്ദ്രത്തിലേക്ക് എത്തിക്കുന്നു.

## ഗ്രീൻ പ്രോട്ടോക്കോൾ

- ബ്ലോക്ക് പഞ്ചായത്ത് കാന്റീനിൽ പ്ലാസ്റ്റിക് അനുബന്ധ സാധനങ്ങളെല്ലാം നിരാകരിച്ചു. പകരം സ്റ്റീൽ പാത്രങ്ങൾ ഉപയോഗിച്ചു വരുന്നു.
- ബ്ലോക്ക് പഞ്ചായത്തിന്റെ എല്ലാ പരിപാടികളിലും യൂസ് ആന്റ് ത്രോ ഇനങ്ങൾ ഒഴിവാക്കി, പകരം പുനരുപയോഗത്തിന് സാധ്യമായ സാധന സാമഗ്രികൾ തയ്യാറാക്കി നൽകി.
- ഗ്രീൻ പ്രോട്ടോക്കോൾ സന്ദേശം സ്കൂൾ വിദ്യാർത്ഥികളിലേക്ക് എത്തിക്കുന്നതിന് വേണ്ടി യൂസ് ആന്റ് ത്രോ പേനകൾക്ക് പകരം മഷി നിറച്ച് ഉപയോഗിക്കാവുന്ന പേനകൾ വിദ്യാർത്ഥികൾക്ക് നൽകി ഈ പദ്ധതിക്ക് തുടക്കം കുറിച്ചു.
- ബഡ്സ് റീഹാബിലിറ്റേഷൻ പദ്ധതി കേരളത്തിലാദ്യമായി തദേശ സ്വയം ഭരണ കോഡിനേഷൻ കമ്മറ്റിയുടെ അനുമതിയോടുകൂടി നടപ്പിലാക്കി. ഇത്തരം സ്കൂളുകളിലെ അന്തേവാസികൾക്ക് പേപ്പർ പേന നിർമ്മാണം, പേപ്പർ പ്ലേറ്റ് നിർമ്മാണം, പച്ചക്കറി തൈ ഉത്പാദനം തുടങ്ങിയവയിൽ പ്രത്യേകം പരിശീലനം നൽകി.
- പാലിയേറ്റീവ് പ്രവർത്തനങ്ങളുടെ ഭാഗമായി പാലിയേറ്റീവ് രോഗികൾക്കും അവരുടെ കൂട്ടിരുപ്പുകാർക്കും പേപ്പർ പേന നിർമ്മാണത്തിൽ പരിശീലനം നൽകി.
- ബ്ലോക്ക് പഞ്ചായത്ത് നടപ്പിലാക്കുന്ന വിവിധ പരിപാടികളിൽ ഇവരിൽ നിന്നുമാണ് പേനകൾ വാങ്ങുന്നത്.
- ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ സ്കൂളുകളിലും ഇത്തരം പേനകൾ ഉപയോഗിക്കുന്നതിന് പ്രചാരണ പരിപാടികൾ സംഘടിപ്പിക്കുന്നു.



- വിവിധ കാർഷിക പരിപാടികളിൽ വിത്ത് ഉൾപ്പെടുത്തിയ പേപ്പർ പേനകൾ നൽകുന്നു.
- ബ്ലോക്ക് പഞ്ചായത്ത് അനുബന്ധ സ്ഥാപനങ്ങളിലും നിർബന്ധമായും ഇത്തരം പേനകൾ ഉപയോഗിക്കുന്നതിന് നിർദേശം നൽകിയിട്ടുണ്ട്.

### നീർത്തട മാസ്റ്റർ പ്ലാൻ ഉപയോഗിച്ച് 2018-19 ൽ നടപ്പിലാക്കിയ പ്രവർത്തനങ്ങൾ

| | |
|---|---|
| ശുചീകരിച്ച കുളങ്ങൾ | 26 |
| ശുചീകരിച്ച തോടുകൾ | 32 |
| പുതുതായി നിർമ്മിച്ച കുളങ്ങൾ | 53 |
| പുനരുജ്ജീവിപ്പിച്ച കുളങ്ങൾ | 13 |
| പുനരുജ്ജീവിപ്പിച്ച തോടുകൾ | 18 |
| പുനരുജ്ജീവിപ്പിച്ച പുഴകൾ | 1 |

### ജലസംരക്ഷണ ഉപമിഷനുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ

**നീർത്തട മാസ്റ്റർ പ്ലാൻ സംബന്ധിച്ച വിശദാംശങ്ങൾ**

- ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ 6 ഗ്രാമപഞ്ചായത്തുകൾക്ക് വേണ്ടി നീർത്തട മാസ്റ്റർ പ്ലാൻ തയ്യാറാക്കി.
- ഗ്രാമപഞ്ചായത്തുകളിൽ തെക്ക്-വടക്ക് നടത്തം നടത്തി വിവിധ ജലസ്രോതസുകളെ സംബന്ധിച്ച കൃത്യമായ രേഖ തയ്യാറാക്കി.
- ജില്ലയിൽ ആദ്യമായി മാസ്റ്റർ പ്ലാൻ തയ്യാറാക്കി, ഇത് സംബന്ധിച്ച പ്രവർത്തനങ്ങൾ നടപ്പിലാക്കി.
- വ്യക്തിഗത ഗുണഭോക്താക്കളുടെ വിവരങ്ങൾ നീർത്തടം സഹിതം ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഓരോ നീർത്തടങ്ങളിലും പൊതു/വ്യക്തിഗത ഇടപെടൽ സംബന്ധിച്ച വിവരങ്ങൾ കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്.

### പുഴ നടത്തം

- 2018 പ്രളയത്തിന് ശേഷം ഗ്രാമ/ബ്ലോക്ക് പഞ്ചായത്ത് ജനപ്രധിനിധികളും, ഉദ്യോഗസ്ഥരും, വിദ്യാർത്ഥികളും, സാമൂഹ്യ പ്രവർത്തകരും അടങ്ങുന്ന സംഘം ചീരക്കുഴി ഡാം പരിസരത്തു നിന്നും ഭാരതപ്പുഴ കൂട്ടിൽമുക്ക് വരെയുള്ള പ്രദേശത്ത് പുഴ നടത്തം സംഘടിപ്പിച്ചു.
- 'പുഴ സംരക്ഷണ പ്രവർത്തനം' എന്ന പേരിൽ ബ്ലോക്ക് പഞ്ചായത്ത് പദ്ധതി വിഹിതം വകയിരുത്തി മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ഉപയോഗപ്പെടുത്തി പുഴയുടെ തീരങ്ങളിൽ മുളതൈകൾ വച്ചുപിടിപ്പിച്ചു.

### മഹിളാ കിസാൻ സശാക്തീകരൺ പരിയോജന

മഹിളാ കിസാൻ സശാക്തീകരൺ പരിയോജനയുടെ ഭാഗമായി നെൽക്കൃഷി കൂടുതൽ ലഭാകരമാക്കുന്നതിന് യന്ത്രവത്കരണം നടത്തി കൃഷി

വിപുലീകരിക്കുന്നതിനായി പഴയന്നൂർ ബ്ലോക്കിൽ "പൊൻകതിർ" വനിതാ ലേബർ ബാങ്ക് രൂപീകരിക്കുകയും 80 വനിതകൾക്ക് പരിശീലനം നൽകി പ്രാപ്തരാക്കിയിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ വർഷം തോറും ഏകദേശം 100 മുതൽ 125 ഏക്കർ സ്ഥലത്ത് യന്ത്രങ്ങൾ ഉപയോഗിച്ച് കൃഷി ചെയ്യുന്നുണ്ട്. ഏക്കറിന് 4000 രൂപ നിരക്കിൽ കർഷകർക്ക് ലാഭകരമായ രീതിയിലാണ് പൊൻകതിർ വനിതാ ലേബർ ബാങ്ക് കൃഷി ചെയ്തു നൽകുന്നത്.





## കൃഷി ഉപമിഷനുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ

### കൃഷിയോഗ്യമാക്കിയ തരിശുഭൂമി

- പഴയന്നൂർ ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ 368 ഹെക്ടർ സ്ഥലമാണ് നിലവിൽ തരിശുഭൂമി ആയി ബ്ലോക്ക് പഞ്ചായത്ത് കണ്ടെത്തിയത്.
- സമഗ്ര ചേലക്കര തരിശുരഹിത നാട് 'സചേതന' എന്ന പേരിൽ ചേലക്കര മണ്ഡലത്തിൽ ഒരു തരിശുരഹിത ഗ്രാമം പദ്ധതി നടപ്പിലാക്കുന്നു.
- 334 ഹെക്ടർ സ്ഥലം നിലവിൽ തരിശുരഹിത പ്രദേശമാക്കി മാറ്റാൻ സാധിച്ചിട്ടുണ്ട്.
- നെൽകൃഷി, പച്ചക്കറി, വാഴ, സുഗന്ധവ്യഞ്ജന കൃഷികൾ എന്നിവക്കാണ് തരിശുഭൂമി കൃഷി ചെയ്യുന്നതിന് പ്രാധാന്യം നൽകിയത്.
- MKSP, മഹാലക്ഷ്മി ഹരിത സേന, വിവിധ ഗ്രാമപഞ്ചായത്തുകളിൽ ആരംഭിച്ച കർമ്മസേനകൾ, ബ്ലോക്ക് പഞ്ചായത്ത് തനത് അഗ്രോ സർവ്വീസ് സെന്റർ MGNREGS പദ്ധതിയിൽ രജിസ്റ്റർ ചെയ്ത ഗ്രൂപ്പുകൾ, പുരുഷ സ്വയം സഹായ സംഘങ്ങൾ, വിവിധ ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾ എന്നിവരെ ഉപയോഗപ്പെടുത്തി.
- 2018-19 സാമ്പത്തിക വർഷത്തിൽ ബ്ലോക്ക് പഞ്ചായത്ത് നടപ്പിലാക്കിയ തരിശുഗ്രാമം പരിപാടിയുടെ ഭാഗമായി 'അന്നപൂർണ്ണ' എന്ന പേരിൽ ബ്ലോക്ക് പഞ്ചായത്ത് പദ്ധതി വിഹിതം വകയിരുത്തി 100% സബ്സിഡിയായി നെൽവിത്ത് വിതരണം ചെയ്തു.
- കൃഷിയിറക്കുന്നതിനുള്ള ഉഴവ് കൂലി പദ്ധതി തയ്യാറാക്കി കർഷകർക്ക് നൽകി.
- ബ്ലോക്ക് പഞ്ചായത്തിന്റെ ഒരു വാർഡ് 'ഹരിത സമൃദ്ധി' വാർഡ് ആയി ഏറ്റെടുത്തു (വാർഡ്.14 പാഞ്ഞാൾ ഗ്രാമപഞ്ചായത്ത്)

### പാറ ക്വാറികൾ

- ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ 3 പ്രധാനപ്പെട്ട പാറ ക്വാറികളിൽ മത്സ്യ ഫെഡുമായി സഹകരിച്ചു മത്സ്യകൃഷി നടപ്പിലാക്കുന്നു.
- മറ്റുള്ള പാറ ക്വാറികളിലെ വെള്ളം ജലസേചന ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നു.
- ജൈവ മാലിന്യ സംസ്കരണത്തിന് വേണ്ടി ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ ഗ്രാമ പഞ്ചായത്തുകളുമായി ചേർന്ന് ജൈവ മാലിന്യ സംസ്കരണ പ്ലാന്റ് ആരംഭിച്ചിട്ടുണ്ട്.
- പഴയന്നൂർ ഗ്രാമപഞ്ചായത്ത് ഏറ്റെടുത്ത സ്ഥലത്ത് ജൈവ മാലിന്യങ്ങൾ സംഭരിച്ച് 'കർഷക മിത്ര' എന്ന പേരിലുള്ള ജൈവവളമാക്കി വിപണനം ചെയ്തുവരുന്നു.

**ബ്ലോക്ക് പഞ്ചായത്ത് മാലിന്യ സംസ്കരണ കേന്ദ്രത്തിൽ പൊടിച്ച പ്ലാസ്റ്റിക്ക് വിവിധ റോഡ് നിർമ്മാണ പ്രവൃത്തിയിലേക്ക് ഉപയോഗിച്ചു.**

- സംസ്കരണ കേന്ദ്രത്തിൽ പൊടിച്ച പ്ലാസ്റ്റിക് കിലോഗ്രാമിന് 24 രൂപ ക്രമത്തിലാണ് കരാറുകാർക്ക് നൽകിയിരുന്നത്.
- 2019-20 സാമ്പത്തിക വർഷത്തിൽ ബ്ലോക്ക് പഞ്ചായത്ത് നിർമ്മിക്കുന്ന എല്ലാ റോഡുകളിലും നിശ്ചിത അളവിൽ പൊടിച്ച പ്ലാസ്റ്റിക് ചേർക്കുന്നതിന് ബന്ധപ്പെട്ടവർക്ക് നിർദേശം നൽകിയിട്ടുണ്ട്. ആയത് നടപ്പിലാക്കി വരുന്നു.

### ജൈവകൃഷി അവലംബിച്ചുള്ള കൃഷി സംവിധാനങ്ങൾ

- ജൈവകൃഷി രീതി പ്രോത്സാഹന പരിപാടികൾ ബ്ലോക്ക് പഞ്ചായത്ത് തലത്തിൽ സംഘടിപ്പിച്ചു.
- ജൈവകൃഷി അവലംബിച്ച് മികച്ച രീതിയിൽ കൃഷി ചെയ്യുന്ന കർഷകരെ അനുമോദിക്കുന്ന ചടങ്ങുകൾ നടത്തി വരുന്നു.
- ജൈവകൃഷിക്ക് ആവശ്യമായ ജൈവവളം ലഭ്യമാക്കുന്നതിന് തൊഴിലുറപ്പ് പദ്ധതിയെ ഉപയോഗപ്പെടുത്തി കമ്പോസ്റ്റ് പിറ്റുകൾ നിർമ്മിച്ച് നൽകുന്നു.

### സൂക്ഷ്മ ജലസേചന സംവിധാനങ്ങൾ

- കണിക ജലസേചനപദ്ധതി ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ ആരംഭിച്ചു.
- സൂക്ഷ്മ ജലസേചന സംവിധാനങ്ങൾ സംബന്ധിച്ച് കേരള കാർഷിക സർവ്വകലാശാല, കൃഷി വിജ്ഞാൻ കേന്ദ്രം എന്നിവയുടെ സഹായത്തോടുകൂടി കർഷക പരിശീലനം ബ്ലോക്ക് പഞ്ചായത്ത് തലത്തിൽ സംഘടിപ്പിച്ചു.
- ഹെക്ടർ സ്ഥലത്തെ കർഷകർക്ക് ഇതിന്റെ സഹായം ലഭ്യമാക്കി.

### നല്ലമുറ കൃഷി

- ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ 6 ഗ്രാമപഞ്ചായത്തുകളിലും GAP (Good Agriculture practice) ക്ലസ്റ്റ

റുകൾ നടപ്പിലാക്കുന്നുണ്ട്.

- നിരോധിത രാസവളങ്ങൾ, കീടനാശിനികൾ എന്നിവ ഉപയോഗിക്കാറില്ല.
- കർഷകർ ചെയ്ത പ്രവൃത്തികളുടെ ഡയറി എഴുതി സൂക്ഷിക്കാറുണ്ട്
- കാർഷിക ഉത്പന്നങ്ങൾക്ക് കൂടുതൽ വില ലഭ്യമാക്കുന്നു.
- ആഴ്ചച്ചന്തകൾ സംഘടിപ്പിക്കുന്നു. (വള്ളത്തോൾ നഗർ, പാഞ്ഞാൾ, കൊണ്ടാഴി, തിരുവില്വാമല ഗ്രാമപഞ്ചായത്തുകളിൽ)
- BLFO (ബ്ലോക്ക് ലെവൽ ഫെഡറേറ്റഡ് ഓർഗനൈസേഷൻ) ചേലക്കര ഗ്രാമപഞ്ചായത്തിൽ നടത്തി വരുന്നു.

### കാർഷിക കർമ്മസേന പ്രവർത്തനങ്ങൾ

- ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ 6 ഗ്രാമപഞ്ചായത്തുകളിലും കാർഷിക കർമ്മസേനകൾ രൂപീകരിച്ചിട്ടുണ്ട്.
- കാർഷിക കർമ്മസേനയ്ക്ക് 9 ഇനങ്ങളിൽ പരിശീലനം നൽകിയിട്ടുണ്ട്.
    - തെങ്ങുകയറ്റം
    - ഹൈബ്രിഡ് തെങ്ങിൻ തൈ ഉദ്പാദനം
    - നീര ചെത്ത്
    - ഡ്രിപ്പ് ഇറിഗേഷൻ
    - ജീവാണു വളം നിർമ്മാണം
    - കിണർ റീച്ചാർജ്ജ്
    - പശു പരിപാലനം
    - ഗ്രോബാഗ് പച്ചക്കറി
    - ജൈവ കീടനാശിനി

### കാർഷിക ഉത്പാദന വിപണനത്തിനായി നടപ്പിലാക്കിയ പദ്ധതികൾ

- ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ 'എക്കോഷോപ്പ്' ആരംഭിച്ചു
- കാർഷിക ഉൽപ്പന്നങ്ങളുടെ വിപണനത്തിന് വേണ്ടി അഗ്രോ സർവ്വീസ് സെന്ററിന്റെ വിപണന കേന്ദ്രം ആരംഭിച്ചു.
- പഴയന്നൂർ ബ്ലോക്ക് പഞ്ചായത്ത് പരിധിയിലുള്ള സംസ്ഥാന സീഡ് ഫാമിൽ വിപണനത്തിനു വേണ്ടിയുള്ള ഒരു ഔട്ട്ലെറ്റ് തൃശ്ശൂർ ജില്ലാ പഞ്ചായത്തിന്റെ സഹായത്തോടുകൂടി ആരംഭിച്ചു.
- ചേലക്കര പരക്കാട് ജില്ലാ കൃഷിത്തോട്ടം വിപണന കേന്ദ്രം തൃശ്ശൂർ ജില്ലാ പഞ്ചായത്തിന്റെ സഹായത്തോടുകൂടി ആരംഭിച്ചു.
- ഉത്സവ സീസണുകളിൽ ഗ്രാമ/ബ്ലോക്ക് തലത്തിൽ വിപണന കേന്ദ്രങ്ങൾ നടത്താറുണ്ട്.
- ജൈവ കർഷകർക്ക് വേണ്ടിയുള്ള പ്രത്യേക മാർക്കറ്റുകൾ ഉത്സവ സീസണുകളിൽ നടത്താറുണ്ട്.

## മറ്റു പ്രവർത്തനങ്ങൾ

### പച്ചത്തുരുത്ത്

- ഹരിത കേരളമിഷനുമായി ചേർന്ന് പാഞ്ഞാൾ, വള്ളത്തോൾ നഗർ എന്നീ ഗ്രാമപഞ്ചായത്തുകളിൽ ഈ പദ്ധതി നടപ്പിലാക്കുന്നു.
- ചെറുവനം സൃഷ്ടിക്കുകയാണ് ലക്ഷ്യം.
- പാഞ്ഞാൾ ഗ്രാമപഞ്ചായത്ത് വാർഡ് 14, വള്ളത്തോൾ നഗർ ഗ്രാമപഞ്ചായത്ത് വാഡ് 9 എന്നിവിടങ്ങളിൽ ആണ് പദ്ധതി നടപ്പിലാക്കുന്നത്.

### ജലരക്ഷ ജീവരക്ഷ

- ജലരക്ഷ ജീവരക്ഷ പരിപാടിയുടെ ഭാഗമായി ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ എല്ലാ സ്കൂളുകളിലും ബ്ലൂ ആർമി രൂപീകരിച്ചു.
- ബ്ലൂ ആർമിയുടെ ഭാഗമായി 80,000 വൃക്ഷത്തൈകൾ വച്ചുപിടിപ്പിച്ചു.
- 2018-2019 സാമ്പത്തിക വർഷത്തിൽ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി 120000 വൃക്ഷതൈകൾ നട്ടു പരിപാലിച്ചു വരുന്നു.

## ജാഗ്രതോത്സവം

- ഹരിത കേരളം മുന്നോട്ട് വെക്കുന്ന വൃത്തി, വെള്ളം, വിളവ് എന്നീ മൂന്ന് ആശയങ്ങളുമായി ബന്ധപ്പെട്ട് 'പ്രതിദിനം പ്രതിരോധം ജാഗ്രതോത്സവം 2018' സംഘടിപ്പിച്ചു.
- ഇതിന്റെ സന്ദേശവും പ്രവർത്തനങ്ങളും സ്കൂൾ വിദ്യാർത്ഥികളിലേക്കു കൂടി എത്തിക്കുക എന്നതായിരുന്നു ലക്ഷ്യം.

## പ്ലാസ്റ്റിക് നിരോധനം സംബന്ധിച്ച പ്രവർത്തനങ്ങൾ

- പ്ലാസ്റ്റിക്കിനെതിരായി സാമൂഹ്യ ജാഗ്രത ഉണ്ടാക്കുന്നതിന് വേണ്ടി പരസ്യ പ്രചാരണ ചുമരെഴുത്ത് പ്രവർത്തനങ്ങൾ നടത്തി.
- ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ ഗ്രാമപഞ്ചായത്തുകളിൽ നിശ്ചിത മൈക്രോണിനു താഴെയുള്ള പ്ലാസ്റ്റിക് ക്യാരി ബാഗുകൾ നിരോധിച്ചു.●

അവലംബം: പഴയന്നൂർ ബ്ലോക്ക് പഞ്ചായത്ത്











# ശുചിത്വ മികവിന്റെ പയ്യന്നൂർ പാഠങ്ങൾ

**മുഖ്യമന്ത്രിയുടെ ഹരിത അവാർഡിൽ രണ്ടാം സ്ഥാനം**



കണ്ണൂർ ജില്ലയുടെ വടക്കേ അറ്റത്ത് പയ്യന്നൂർ നിയോജക മണ്ഡലത്തിൽ പയ്യന്നൂർ താലൂക്കിൽ ഉൾപ്പെട്ട പടിഞ്ഞാറ് അറബിക്കടൽ മുതൽ കിഴക്ക് പശ്ചിമഘട്ടം മലനിരകൾ വരെ 337.47 കിലോമീറ്റർ വിസ്തൃതമായ ഭൂപ്രദേശമാണ് പയ്യന്നൂർ ബ്ലോക്ക്. ബ്ലോക്കിൽ ഉൾപ്പെട്ട 7 ഗ്രാമപഞ്ചായത്തുകളിലായി ആകെ 160498 ജനസംഖ്യയുണ്ട്. കുന്നുകളും മലകളും സമതല പ്രദേശങ്ങളും തീരദേശവുമായി കേരളത്തിന്റെ ഭൂമിശാസ്ത്ര പ്രത്യേകതകളുടെ പരിച്ഛേദമാണ് പയ്യന്നൂർ ബ്ലോക്ക്. ഇനിയും മലിനമാകാത്ത വെള്ളവും വായുവും മണ്ണും മനസ്സും കൊണ്ട് ഹരിതാപമാണ് ഈ പ്രദേശം. കൃഷിയും മൃഗപരിപാലനവുമാണ് പ്രധാന സാമ്പത്തിക പ്രവർത്തനം. മലയോര പ്രദേശമായ ചെറുപുഴ, പെരിങ്ങോം-വയക്കര, എരമം-കുറ്റൂർ ഗ്രാമപഞ്ചായത്തുകൾ തെങ്ങ്, കവുങ്ങ്, റബ്ബർ തുടങ്ങിയ തോട്ടവിളകളും സമതല പ്രദേശങ്ങളായ കാങ്കോൽ-ആലപ്പടമ്പ, കരിവെള്ളൂർ പെരളം, കുഞ്ഞിമംഗലം എന്നിവിടങ്ങളിൽ നെൽക്കൃഷിയും പച്ചക്കറി കൃഷിയും തീരപ്രദേശമായ രാമന്തളി ഗ്രാമപഞ്ചായത്തിൽ കൃഷിയും മത്സ്യബന്ധനവുമാണ് പ്രധാന വരുമാന മാർഗ്ഗം. ഒരു ദിവസം ശരാശരി ജൈവമാലിന്യം 5.5 ടൺ ഉല്പാദിപ്പിക്കപ്പെടുന്നുവെന്നും അജൈവമാലിന്യം 1600 കിലോ ഉണ്ടാകുന്നുവെന്നുമാണ് 'മാലിന്യത്തിൽ നിന്ന് സ്വാതന്ത്ര്യം' സർവ്വേയിൽ കണ്ടെത്തിയത്. ബ്ലോക്ക് പരിധിയിലെ ആകെ വീടുകളുടെ എണ്ണം 43608 ആണ്. ആകെ സ്ഥാപനങ്ങളുടെ എണ്ണം 6108 ആണ്. ഏഴ് ഗ്രാമപഞ്ചായത്തുകളിലെയും ഹരിതകർമ്മസേനയുടെ വരുമാനത്തിലും ചിലവിലും ഏറ്റക്കുറച്ചിലുകൾ ഉണ്ടെങ്കിലും ശരാശരി വരുമാനം 11 ലക്ഷം രൂപയും ചിലവ് 14 ലക്ഷം രൂപയുമാണെന്ന് കണക്കാക്കുന്നു.

### മാലിന്യ സംസ്കരണത്തിൽ ബ്ലോക്ക് പഞ്ചായത്തിന്റെ ഇടപെടലുകൾ

വിഭവ പരിമിതിയും ഇടപെടൽ പരിമിതിയും അതിജീവിച്ച് മാലിന്യ സംസ്കരണ രംഗത്ത് തനതും നൂതനവുമായ പദ്ധതികൾ ആവിഷ്ക്കരിക്കുകയും അവയുടെ ഏകോപനവും നിർവ്വഹണവും നടത്തുകയും വഴി ശ്രദ്ധേയമായ പ്രവർത്തനമാണ് പയ്യന്നൂർ ബ്ലോക്ക് നടത്തുന്നത്. പ്ലാസ്റ്റിക് റീസൈക്ലിംങ്ങ് യൂണിറ്റ്, തുമ്പൂർമുഴി എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റ്, പ്ലാസ്റ്റിക് ശേഖരണ ബിൻ, എല്ലാ വീടുകളിലും ഉറവിട മാലിന്യ സംസ്കരണത്തിന് ബയോഗ്യാസ് പ്ലാന്റ്, റിംഗ് കമ്പോസ്റ്റ്, പൈപ്പ് കമ്പോസ്റ്റ്, വെർമി കമ്പോസ്റ്റ്, കുഴി കമ്പോസ്റ്റ്, സോക്കേജ് പിറ്റ് എന്നിവ നൽകുകയും മാലിന്യ സംസ്ക്കരണത്തിന് അനുകൂലമായ മാനസീകാവസ്ഥ സൃഷ്ടിക്കുന്നതിൽ ബോധവൽക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുകയും ചെയ്തു. 7 ഗ്രാമപഞ്ചായത്തുകളിൽ എം.സി.എഫ് നിർമ്മിക്കുകയും എല്ലാ ഗ്രാമപഞ്ചായത്തുകളിലുമായി 109 വാർഡുകളിലായി 228 ഹരിതകർമ്മ സേനാംഗങ്ങൾ പ്രവർത്തനസജ്ജമാകുകയും ചെയ്തു. പ്രതിമാസം 3400 രൂപ മുതൽ 6200 രൂപ വരെ ഹരിത കർമ്മ സേനാംഗങ്ങൾക്ക് വരുമാനം ലഭിക്കുന്നു. യൂസർ ഫീ വീടുകളിൽ നിന്ന് 20-30 രൂപയും കടകളിൽ നിന്ന് 50 രൂപയും ഈടാക്കുന്നു. കടകളിൽ നിന്നും വീടുകളിൽ നിന്നും പ്ലാസ്റ്റിക് ശേഖരിച്ച് എം.സി.എഫ് ൽ എത്തിക്കുന്നു. ചെരിപ്പ്, ബാഗ്, കുപ്പിച്ചില്ല് തുടങ്ങിയ അജൈവ മാലിന്യങ്ങൾ വർഷത്തിൽ 2 പ്രാവശ്യം എടുക്കുവാനുള്ള സംവിധാനം ബ്ലോക്ക് ഒരുക്കിയിട്ടുണ്ട്. ഓരോ മാസവും 2 ദിവസം







വീതം ഓരോ പഞ്ചായത്തുകൾക്കും നിശ്ചയിച്ച ദിവസം ബ്ലോക്കിന്റെ വാഹനത്തിൽ പ്ലാസ്റ്റിക് ശേഖരിച്ചു മാതമംഗലം ആർ.ആർ.എഫ് കേന്ദ്രത്തിൽ എത്തിക്കുന്നു. വാഹനത്തിന്റെ ചെലവ് മുഴുവൻ റിസൈക്ലിംഗ് യൂണിറ്റിൽ നിന്നുള്ള വരുമാനം കൊണ്ടാണ് നടത്തുന്നത്. 75 ലക്ഷം രൂപ മുതൽ മുടക്കിൽ സ്ഥാപിച്ച ആധുനിക യന്ത്ര സൗകര്യങ്ങളോടു കൂടിയ പ്ലാസ്റ്റിക് റീസൈക്ലിംഗ് യൂണിറ്റിൽ പ്രതിദിനം 800-900 കിലോ പ്ലാസ്റ്റിക് തരം തിരിച്ച് ഷ്രെഡ് ചെയ്തു പ്ലാസ്റ്റിക് കട്ടകളാക്കി വില്പന നടത്തുന്നു.

രാമന്തളി പെരിങ്ങോം-വയക്കര ഗ്രാമപഞ്ചായത്തുകൾക്ക് ആധുനിക ശ്മശാനം നിർമ്മിക്കുന്നതിന് ബ്ലോക്ക് വിഹിതം 17 ലക്ഷം അനുവദിച്ചു. 11 പട്ടിക വർഗ്ഗ കോളനികളിൽ മൊബൈൽ ശ്മശാനം സ്ഥാപിച്ചു. ശവം മറവ് ചെയ്യാൻ സ്ഥലമില്ലാതെയും സാമ്പത്തികമായി കഷ്ടപ്പെടുകയും ചെയ്യുന്ന ആദിവാസി വിഭാഗങ്ങൾക്ക് ഈ പദ്ധതി പരമായി വളരെ സഹായകരമായി. ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 വാർഷിക പദ്ധതിയുടെ ഭാഗമായി ശുചിത്വ മാലിന്യ സംസ്കരണ മേഖലയിൽ നൂതന പ്രൊജക്ടാണിത്. ബ്ലോക്കിൽ 4802 വ്യക്തിഗത കക്കൂസുകൾ നിർമ്മിച്ച് ഒ.ഡി.എഫ് പ്രഖ്യാപനം നടത്തി 7 പട്ടണങ്ങളിൽ പൊതുശൗചാലയങ്ങൾ, Community Complex നിർമ്മിച്ചിട്ടുണ്ട്.

7 ഗ്രാമപഞ്ചായത്തുകളും മാലിന്യങ്ങൾ പൊതു സ്ഥലങ്ങളിൽ വലിച്ചെറിയുന്നതിനെതിരെ നിയമ നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതുവരെയായി ബ്ലോക്ക് പരിധിയിൽ 38 കേസുകളാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. 172000 രൂപ പിഴ ഈടാക്കി. ബ്ലോക്ക് പരിധിയിൽ 40 മൈക്രോണിൽ താഴെ ഒറ്റത്തവണ ഉപയോഗിക്കുന്ന പ്ലാസ്റ്റിക്കുകളും ഫ്ളക്സുകളും പൂർണ്ണമായി നിരോധിച്ചിട്ടുണ്ട്.

## നൂതന പദ്ധതികൾ

ബ്ലോക്ക് പഞ്ചായത്ത് അധീനതയിലുള്ള പയ്യന്നൂർ ടൗണിലെ ഐ.ആർ.ഡി.പി/എസ്.ജി.എസ്.വൈ ഔട്ട്ലെറ്റുകളിൽ ഒന്ന് സ്വാപ്പ് ഷോപ്പിനായി മാറ്റി വെച്ചു. ഇവിടെ വർഷത്തിൽ 4 തവണ പാഴ്വസ്തുക്കൾ (തുണി, ഇലക്ട്രോണിക് ഉല്പന്നങ്ങൾ) സൗജന്യമായി സ്വീകരിക്കുവാനും വിതരണം ചെയ്യുവാനും പദ്ധതി തയ്യാറാക്കി.

2015-16 ൽ ബ്ലോക്ക് ഓഫീസ് കോമ്പൗണ്ടിൽ ഇത്തരത്തിൽ ഒരു മേള സംഘടിപ്പിച്ചിരുന്നു. അത് വളരെ വിജയപ്രദവും ഉപകാരപ്രദവുമായിരുന്നുവെന്ന് കണ്ടെത്തിയതിനാൽ സ്ഥിരം സ്വാപ്പ് ഷോപ്പിന് ഒരു റൂം അനുവദിച്ചു.

പാളപ്ലേറ്റ്, സാരി ബാഗ് (പഴയ സാരി കട്ട് ചെയ്ത് ക്യാരിബാഗാക്കി മാറ്റൽ) സൗജന്യമായി വിതരണം ചെയ്യുന്ന പരിപാടി പഞ്ചായത്ത് ഇലക്ഷനിലും വിപണന മേളയിലും നടപ്പാക്കി. തുണി സഞ്ചി നിർമ്മാണ യൂണിറ്റും സ്റ്റീൽ പ്ലേറ്റ്, ഗ്ലാസ് പാത്രങ്ങൾ എന്നിവ വാടകക്ക് കൊടുക്കുന്ന 3 വീതം സ്വയം തൊഴിൽ സംരംഭങ്ങളും ബ്ലോക്ക് പരിധിയിൽ ആരംഭിച്ചു. ഇവയ്ക്ക് പ്ലാൻ ഫണ്ടിൽ നിന്ന് 16 ലക്ഷം രൂപ സബ്സിഡി നൽകി.

## ബോധവത്ക്കരണ പ്രവർത്തനങ്ങൾ

ശുചിത്വ ബോധവത്ക്കരണത്തിനായി മെഗാ തിരുവാതിരയും തെരുവ് നാടകവും എല്ലാ ഗ്രാമപഞ്ചായത്തുകളിലും 2 വീതം കേന്ദ്രങ്ങളിൽ നടത്തി. വിവിധങ്ങളായ വിജ്ഞാന വ്യാപന





പ്രവർത്തനങ്ങളും ജനകീയ പങ്കാളിത്തത്തോടെ ഏറ്റെടുത്തു നടത്തുവാൻ സാധിച്ചു.

## ജനപങ്കാളിത്തം

ഭരണസമിതിയുടെയും ജീവനക്കാരുടെയും കൂട്ടായ പ്രവർത്തനവും, ഇടപെടലും, ബോധവൽക്കരണവും കൊണ്ട് മാലിന്യ സംസ്കരണ രംഗത്തെ എല്ലാ പ്രവർത്തനവും ജനപങ്കാളിത്വത്തോടെ വിജയിപ്പിക്കാൻ സാധിച്ചു. 2008 ജൂൺ 5 ന് നടത്തിയ പാതയോര ശുചീകരണത്തിൽ 30,000 ൽ പരം ആളുകൾ പങ്കാളികളായി 76 പ്രധാന റോഡുകളുടെ 142 കിലോമീറ്റർ ശുചീകരിച്ചു. 'തെളിനീരിനായ് ഒരു കരുതൽ' പരിപാടി പ്രകാരം 36 കുളങ്ങൾ തൊഴിലുറപ്പ് തൊഴിലാളികളും നാട്ടുകാരും ഉൾപ്പെടെ 22000 പേർ കഠിന പ്രയത്നം ചെയ്ത് ശുചീകരിച്ചു.

ജില്ലാ ശുചിത്വ മിഷന്റെയും ഹരിത കേരളമിഷന്റെയും സാമ്പത്തിക സാങ്കേതിക സഹായവും യുവജന സംഘടനകൾ, തൊഴിലുറപ്പ് തൊഴിലാളികൾ, കുടുംബശ്രീ പ്രവർത്തകർ, വ്യാപാരി സംഘടനകൾ, നാട്ടുകാർ എന്നിവരുടെ സന്നദ്ധ സേവനവും പിന്തുണയും ലഭിച്ചതുകൊണ്ടാണ് ബ്ലോക്ക് പഞ്ചായത്തിന് മാലിന്യ സംസ്കരണ രംഗത്ത് ഇത്രയും പ്രവർത്തനങ്ങൾ നടത്തുവാൻ സാധിച്ചത്.

## വെല്ലുവിളികൾ

മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് ബ്ലോക്ക് പഞ്ചായത്ത് നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളി പ്ലാസ്റ്റിക് ഇതര അജൈവ മാലിന്യങ്ങളുടെ ശേഖരണവും നിർമ്മാർജ്ജനവുമാണ്. ചെരിപ്പ്, കുപ്പിച്ചില്ല്, ബാഗ്, ട്യൂബ് ലൈറ്റുകൾ, ഇ-വേസ്റ്റുകൾ എന്നിവയുടെ ശേഖരണം അപകടകരവും ദുഷ്ക്കരവുമാണ്. പ്ലാസ്റ്റിക് ഷ്രെഡ് ചെയ്യാൻ പറ്റുന്നവയും അല്ലാത്തവയും കൂട്ടിക്കലർത്തി ഇടുന്നതിനാൽ അവയുടെ തരം തിരിവ് വളരെയേറെ മനുഷ്യാദ്ധ്വാനം വേണ്ട പ്രക്രിയയാണ്. ഇത് റീസൈക്ലിംഗ് യൂണിറ്റിന്റെ പ്രവർത്തനത്തെ സാരമായി ബാധിക്കുന്നു. ജൈവ-അജൈവ മാലിന്യങ്ങൾ തരംതിരിക്കാതെ പൊതുസ്ഥലത്ത് വലിച്ചെറിയുന്ന പ്രവണതയിൽ മാറ്റം വന്നിട്ടുണ്ടെന്നും ഇനിയും പൂർണ്ണമായി മാറ്റാൻ സാധിക്കാത്തത് ഒരു വെല്ലുവിളിയാണ്.




## നേട്ടങ്ങൾ

പുളിങ്ങോം മുതൽ കാങ്കോൽ വരെ 8 മാലിന്യ കൂനകൾ (HOTSPOT) തിരിച്ചറിഞ്ഞ് ശുചീകരിച്ചു. പെരുവാമ്പ പുഴ 'പുഴ പുനർജനി' പദ്ധതിയിൽ ഉൾപ്പെടുത്തി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം മണ്ണ് അടിഞ്ഞു കൂടിയത് നീക്കം ചെയ്യുകയും കടവ് കെട്ടി സംരക്ഷിക്കുകയും ചെയ്തു. കാര്യങ്കോട് പുഴയോരത്തെ പ്ലാസ്റ്റിക് മാലിന്യം (ചെറുപുഴ ടൗണിനോട് ചേർന്ന്) അടിഞ്ഞുകൂടിയത് നീക്കം ചെയ്തു. പദ്ധതി പ്രകാരം 2 ലക്ഷം ഫലവൃക്ഷ തൈകൾ തയ്യാറാക്കി വിതരണം നടത്തി. ഇവ വെച്ച് പിടിപ്പിക്കാനും പരിപാലിക്കുവാനും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് തൊഴിലാളികളെ ചുമതലപ്പെടുത്തി.

ബ്ലോക്ക് പരിധിയിലെ 92 % കുടുംബങ്ങൾക്കും ഏതെങ്കിലും രീതിയിലുള്ള അജൈവ മാലിന്യ സംസ്കരണ സംവിധാനമുണ്ട്. പ്ലാസ്റ്റിക് വലിച്ചെറിയുകയോ കത്തിക്കുകയോ ചെയ്യുന്നത് പൂർണ്ണമായി ഒഴിവാക്കി. കുപ്പി, കുപ്പിച്ചില്ല്, ഇ-മാലിന്യം എന്നിവ വീട്ടിൽ അലക്ഷ്യമായി കൂട്ടിയിടുന്ന പ്രവണത മാറി ഇതിന്റെയെല്ലാം ഫലമായി കൊതുക് ജന്യരോഗങ്ങൾ, ഡെങ്കിപ്പനി, ചിക്കുൻഗുനിയ തുടങ്ങിയവ കഴിഞ്ഞ 2 വർഷങ്ങളിൽ താരതമ്യേന വളരെ കുറവാണ്.

## തെളിമ

2016 ഫെബ്രുവരി 28 ന് ബ്ലോക്ക് പഞ്ചായത്തിൽ ആരംഭിച്ച 'തെളിമ' സമഗ്ര മാലിന്യ നിർമ്മാജ്ജന പദ്ധതിയിൻ കീഴിലാണ് എല്ലാ ശുചിത്വ പ്രവർത്തനങ്ങളും സംഘടിപ്പിച്ചത്. കവിയും ഗാനരചയിതാവും നടനുമായ കൈതപ്രം ദാമോദരൻ നമ്പൂതിരിയാണ് 'തെളിമ' യുടെ ബ്രാൻഡ് അംബാസഡർ. 'ആരോഗ്യ പാരിസ്ഥിതിക ഭദ്രതയ്ക്കായി ശുചിത്വ പ്രയാണം' എന്നതാണ് തെളിമയുടെ തലവാചകം. ശുചിത്വവും മാലിന്യസംസ്കരണവും ഒരു തുടർ പ്രക്രിയയാണ് അതിനുള്ള വഴിയൊരുക്കുകയും ഏകോപനം നടത്തുകയും ചെയ്യുക എന്നുള്ളതാണ് ബ്ലോക്ക് പഞ്ചായത്തിന്റെ കടമയും കർത്തവ്യവും. അതിൽ പയ്യന്നൂർ ബ്ലോക്ക് പഞ്ചായത്ത് 100% വും വിജയിച്ചിട്ടുണ്ട്.●

അവലംബം: പയ്യന്നൂർ ബ്ലോക്ക് പഞ്ചായത്ത്



# ലഹരി മുക്ത നവ കേരളത്തിനായ്

## പ്രതിബദ്ധതയോടെ എക്സൈസ് വകുപ്പ്

കേരളത്തിൽ ഇന്ന് ഏറെ ആശങ്കയോടെ ചർച്ച ചെയ്യുന്ന വിഷയമാണ് പുതുതലമുറക്കാർക്കിടയിലെ ലഹരി വസ്തുക്കളുടെ ഉപയോഗം. ലഹരി വസ്തുക്കൾ ജനങ്ങളുടെ ആരോഗ്യത്തിനും സുരക്ഷിതത്വത്തിനും ഭീഷണിയാണെന്ന് മുന്നിൽ കണ്ട് കേരള സർക്കാർ എക്സൈസ് വകുപ്പ് വിമുക്തിമിഷന്റെ സഹകരണത്തോടെ വൈവിധ്യമാർന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു. ലഹരി വസ്തുക്കളുടെ അമിതമായ ഉപയോഗം ഒരു വ്യക്തിയുടെ ശാരീരികാരോഗ്യത്തെയും, മാനസികാരോഗ്യത്തെയും, ഒരുപോലെ തകർക്കുന്നതാണ്. ഇത് മുന്നിൽ കണ്ടാണ് കേരള സർക്കാർ എക്സൈസ് വകുപ്പ് എല്ലാ ജില്ലകളിലും ലഹരി മോചന ചികിത്സാ കേന്ദ്രങ്ങളും മൂന്ന് മേഖലാ കൗൺസലിംഗ് സെന്ററുകളും ആരംഭിച്ചിട്ടുള്ളത്.

മന:ശാസ്ത്ര ചികിത്സക്കായ് വിമുക്തി കൗൺസലിംഗ് സെന്ററുകളിൽ സഹായം തേടുന്ന കുട്ടികളുടെ എണ്ണം ഇന്ന് കൂടി വരികയാണ്. ഒരു വ്യക്തിയുടെ ജീവിതത്തിൽ കൗമാര പ്രായം സമ്പൂർണ്ണമായ വളർച്ചയും മാനസിക വികാസവും സംഭവിക്കുന്ന കാലഘട്ടമാണ്. ശാരീരികമായും മാനസികമായും വളർച്ചയും വികാസവും സംഭവിക്കുന്ന ഈ അവസ്ഥയിൽ എന്തിനെയും പരീക്ഷണ വസ്തുവായ് കാണുകയെന്നത് ഈ കാലഘട്ടത്തിന്റെ പ്രത്യേകതയാണ്. കുട്ടികൾക്കിടയിലെ പല പരീക്ഷണ സ്വഭാവവും ക്രമേണ അവരെ അപകടത്തിലെത്തിച്ചിട്ടുണ്ട് എന്ന് മന:ശാസ്ത്ര ചികിത്സക്കായെത്തുന്ന കുട്ടികളിൽ നിന്ന് മനസ്സിലാക്കാൻ സാധിച്ചിട്ടുണ്ട്. ഒരു വ്യക്തിപോലും താൻ അടിമപ്പെട്ടു പോവുമെന്നതിന്റെ അടിസ്ഥാനത്തിലല്ല ഇതിലകപ്പെടുന്നത്. മന:ശാസ്ത്ര ചികിത്സക്കിടയിൽ തന്റെ പ്രശ്നങ്ങൾ തുറന്ന് പറയുന്ന കുട്ടികൾ വ്യക്തമാക്കിയ കാര്യമെന്നത് കൂട്ടുകാരുപയോഗിച്ചു അത് കൊണ്ട്, ഞാൻ വെറുതെ രുചിച്ചുനോക്കാൻ ശ്രമിച്ചു അത് ഇത്തരം ഒരവസ്ഥയിലെത്തിക്കുമെന്ന് അറിഞ്ഞിരുന്നില്ലായെന്നതാണ്.

ഇന്ന് സ്കൂളുകളിൽ വിദ്യാർത്ഥികളിൽ പുകയില ഇനത്തിൽപ്പെടുന്ന വസ്തുക്കളാണ് ആദ്യം ഉപയോഗിക്കുന്നതായി കാണുന്നത്. നിസ്സാരമെന്ന് തോന്നിക്കാമെങ്കിലും ചികിത്സക്കായെത്തുന്ന സ്കൂൾ കുട്ടികളിൽ 90 ശതമാനവും കേരളത്തിൽ നിരോധിതമായ പുകയില ഉൽപ്പന്നങ്ങൾ ഉപയോഗിച്ചാണ് ലഹരിയുപയോഗത്തിന്റെ തുടക്കമെന്നാണ് മൂന്ന് മേഖലാ കൗൺസിലിംഗ് സെന്ററുകളിലെ കൗൺസിലിംഗ് കേസുകൾ വിശകലനം ചെയ്തപ്പോൾ മനസ്സിലാക്കാൻ സാധിച്ചത്. ഇത്തരം വസ്തുക്കൾ ക്രമേണ കുട്ടികളെ




അഡിക്ഷനിലേക്കെത്തിക്കുകയും കുട്ടികളുടെ ആരോഗ്യസ്ഥിതി മോശമാക്കുകയും ചെയ്യുന്നു. ഇത് കാൻസർ പോലെയുള്ള മാരകരോഗങ്ങൾക്ക് കാരണമാവുകയും ചെയ്യുന്നു. കൂടാതെ ക്രമേണ തീവ്രമായ കഞ്ചാവുത്പന്നങ്ങളി ലേയ്ക്കും മറ്റ് ലഹരി വസ്തുക്കളായ എം.ഡി.എം.എ, എൽ.എസ്.ഡി, മാജിക് മഷ്റൂം, വൈറ്റ്നർ തുടങ്ങിയവ ഉപയോഗിക്കുന്നതിലേക്ക് എത്തുന്നതായും കണ്ടെത്തിയി ട്ടുണ്ട്.

ഇത്തരം വസ്തുക്കൾ തന്നിലുണ്ടാക്കിയേക്കാവുന്ന ഗൗരവതരമായ ആരോഗ്യ പ്രശ്നങ്ങളെക്കുറിച്ച് കുട്ടികൾ ബോധവാന്മാരല്ല. സ്കൂൾ കാലഘട്ടമെന്നത് കൃത്യമായ ബൗദ്ധിക വളർച്ച ഒരു വ്യക്തിയിൽ പൂർത്തീകരിക്കാത്ത ഘട്ടമാണ്. ഈ ഘട്ടത്തിൽ ചതിക്കുഴിയിൽപ്പെട്ടുപോവുന്നതാണ് പലരെയും ജീവിതത്തിലേക്ക് കരകയറാൻ പറ്റാത്ത രീതിയിൽ തളച്ചിടുന്നത്. ഇവിടെ പ്രസക്തമായ പങ്ക് നമ്മുടെ സമൂഹത്തിന് ചെയ്യാൻ സാധിക്കും. ഇത്തമൊരവസ്ഥയിൽ നിന്ന് യുവതലമുറയെ മാറ്റിയെടുക്കണമെങ്കിൽ അതിൽ അദ്ധ്യാപകർക്കും, പൊതുസമൂഹത്തിനും രക്ഷിതാക്കൾക്കും കൃത്യമായ പങ്ക് വഹിക്കാൻ സാധിക്കും.

കുട്ടികൾ ഏറ്റവും കൂടുതൽ സമയം ചിലവഴിക്കുന്നത് സ്കൂളിലാണ്. പലതരം സാഹചര്യങ്ങളിൽ നിന്നാണ് ഓരോ കുട്ടിയും സ്കൂളിലെത്തുന്നത്. ദിവസവും ക്ലാസ്സെടുക്കുന്ന സമയം ചിലവഴിക്കുന്ന ഒരദ്ധ്യാപകനോ അദ്ധ്യാപികയ്ക്കോ കുട്ടികളിലുണ്ടാവുന്ന മാറ്റം പെട്ടെന്ന് തിരിച്ചറിയാൻ സാധിക്കും. ആ തിരിച്ചറിവ് തങ്ങളിലൊതുക്കാതെ രക്ഷിതാ ക്കളെക്കൂടെ ബോധ്യപ്പെടുത്തുവാൻ അദ്ധ്യാപകർക്ക് സാധിക്കണം. അതോടൊപ്പം അദ്ധ്യാപകർ പങ്കു വയ്ക്കുന്ന ആശങ്ക രക്ഷിതാക്കൾ ശരിയായ അർത്ഥത്തിൽ ഉൾക്കൊള്ളു കയും വേണം. തന്റെ കുട്ടി തെറ്റൊന്നും ചെയ്യില്ലെന്ന ആത്മവി ശ്വാസമാണ് പല രക്ഷിതാക്കൾക്കും ഉള്ളത്. എല്ലാവർക്കും സ്വന്തം കുഞ്ഞ് പ്രിയപ്പെട്ടതാണ്. പക്ഷേ ഇത്തരം കാര്യങ്ങൾ നിങ്ങളുടെ കുട്ടിയെപ്പറ്റി അറിയുന്നുവെങ്കിൽ പക്വതയോടെ വിശകലനം ചെയ്ത് കുഞ്ഞിനെ നേർവഴിയിലേക്ക് നയിക്കുക

കുട്ടികളിൽ പെട്ടെന്നുണ്ടാകുന്ന മാറ്റം പലതിന്റെയും സൂചനയാണ്. സ്വന്തം കുട്ടി ലഹരിക്ക് അടിമപ്പെട്ടുവെന്ന് തോന്നുന്നുവെങ്കിൽ കൃത്യമായ ചികിത്സ കുട്ടിക്ക് ലഭ്യമാ ക്കുകയെന്നത് പരമപ്രധാനമാണ്. ഇത്തരം കുട്ടികളുടെ ചികിത്സക്കായി പ്രാധാന്യമൂന്നിക്കൊണ്ട് സംസ്ഥാനത്ത് എക്സൈസ് വകുപ്പിന്റെ ലഹരിമോചന ചികിത്സാ കേന്ദ്രങ്ങളുടെയും മേഖലാ കൗൺസിലിംഗ് സെന്ററുകളുടെയും സൗജന്യമായ സേവനം പ്രയോജനപ്പെടുത്തുക.

നാളിതുവരെ ലഹരി മോചന ചികിത്സാകേന്ദ്രങ്ങളിൽ 16232 ഒ.പി കേസുകളും 1566 IP കിടത്തി ചികിത്സയ്ക്കായും സമീപിച്ചിട്ടുണ്ട്. ഇവിടെ നമ്മൾ മനസ്സിലാക്കേണ്ട ഒരു കാര്യമെന്നത് മറ്റുള്ള സംസ്ഥാനങ്ങളെ അപേക്ഷിച്ച് ലഹരി മോചന ചികിത്സാ സംവിധാനത്തിന്റെ അഭാവം കേരളത്തിലില്ലായെന്നതാണ്. ഇന്ത്യാ ഗവൺമെന്റിന്റെ കീഴിലുള്ള മിനിസ്റ്ററി ഓഫ് സോഷ്യൽ ജസ്റ്റീസ് ആൻഡ് എംപർമെന്റ്, ഓൾ ഇന്ത്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസിന്റെയും, നാഷണൽ ഡ്രഗ്ഗ് ഡിപ്പന്റൻസ് ചികിത്സാ കേന്ദ്രവും, 10 മെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ടുകളും, 15 എൻ.ജി.ഓകളും സംയുക്തമായ് നടത്തിയ ദേശീയ സർവ്വേയിൽ ഇന്ത്യയിലെ പല സംസ്ഥാന ങ്ങളിലുമുള്ള ലഹരി മോചന ചികിത്സയുടെ അപര്യാപ്തതയെക്കുറിച്ച് പരാമർശിക്കുകയുണ്ടായി. കൃത്യമായ ചികിത്സാ സംവിധാനത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും ആവശ്യകതയെക്കുറിച്ചും ഈ ദേശീയ സർവ്വേ വ്യക്തമാക്കിയിട്ടുള്ളതാണ്. എന്നാൽ കേരളത്തിൽ ഇത്തരമൊരു സർവ്വേ നിർദ്ദേശം വരുന്നതിന് മുൻപേ ലഹരിക്കടിമപ്പെട്ടവരെ ജീവിതത്തിലേക്ക് തിരികെ കൊണ്ടുവരുന്നതിനായ് നാഷണൽ മെന്റൽ ഹെൽത്ത് ആക്ട് 2017 നിഷ്കർഷിക്കുന്ന പ്രകാരം കൃത്യമായ ലഹരിമോചന ചികത്സയും കൗൺസലിംഗ് സംവിധാനവും ആരോഗ്യവകുപ്പിന്റെ സഹകരണത്തോടെ ഒരുക്കിയിട്ടുണ്ട്.

നാളത്തെ കേരളം ലഹരിമുക്ത നവകേരളം എന്ന ആശയം മുൻനിർത്തി 90 ദിന തീവ്രയത്ന ബോധവത്ക്കരണ പരിപാടികളും കേരള സർക്കാർ എക്സൈസ് വകുപ്പ് വിമുക്തി മിഷന്റെ ആഭിമുഖ്യത്തിൽ ആവിഷ്ക്കരിച്ച് വരുന്നു. തീവ്രയത്ന പരിപാടിയുടെ ഭാഗമായ് ലഹരി മോചന ചികിത്സാകേന്ദ്രങ്ങൾ ശാക്തീകരിക്കാനും, വിമുക്തി വെബ്സൈറ്റ്, വിമുക്തി മൊബൈൽ ആപ്ലിക്കേഷൻ എന്നിവ യുടെ നവീകരണവും ആയത് വഴിയുള്ള പ്രചരണവും, കലാലയങ്ങൾ, റസിഡൻസ് അസോസിയേഷൻ, വിദ്യാലയ കമ്മറ്റികൾ, പട്ടികജാതി പട്ടികവർഗ്ഗ കോളനികൾ കേന്ദ്രീകരിച്ചുള്ള ബോധവത്കരണ പരിപാടികളും എക്സൈസ് വകുപ്പ് വിമുക്തി മിഷന്റെ ആഭിമുഖ്യത്തിൽ വിഭാവനം ചെയ്യുന്നു.●

കടപ്പാട്: കേരള എക്സൈസ് വകുപ്പ്



# പ്രാദേശിക ഭക്ഷ്യസുരക്ഷ

## വെല്ലുവിളികളും സാധ്യതകളും

അജിത് വെണ്ണിയൂർ

**സുസ്ഥിരമായ കൃഷിരീതിയുടെ ഈറ്റില്ലമായിരുന്നു സിന്ധൂനദീതട സംസ്കാരം. വർഷംതോറും സംഭവിക്കുന്ന വെള്ളപ്പൊക്കത്തിലെ എക്കൽ നിക്ഷേപത്തെ ആശ്രയിച്ച് രൂപപ്പെടുത്തിയെടുത്ത കൃഷിരീതി. ക്രമേണ നമ്മുടെ സംസ്കാരത്തിലും ആചാരാനുഷ്ഠാനങ്ങളിലും ആ കാർഷിക സമ്പ്രദായത്തിന്റെ ചേതന അലിഞ്ഞു ചേർന്നു; വേർതിരിക്കാനാവാത്ത വിധം.**

യുഗങ്ങളായി മനുഷ്യരെ തീറ്റിപ്പോറ്റിയിരുന്നത് ചെറിയ സമൂഹങ്ങൾ ഒറ്റയ്ക്കും കൂട്ടായും പുലർത്തിപ്പോന്ന കാർഷിക വൃത്തിയിലൂടെ വിജയകരമായി കൊയ്തെടുത്ത ഭക്ഷ്യവസ്തുക്കൾ കൊണ്ടാണ്. ചരിത്രാതീതകാലം മുതൽതന്നെ കാലം പരീക്ഷിച്ചറിഞ്ഞ, കാലാവസ്ഥകൾക്കിണങ്ങിയ, പാരമ്പര്യവിളകളിലധിഷ്ഠിതമായ, ജൈവവളങ്ങൾ ചേർത്തും ചേർക്കാതെയുമുള്ള പരിസ്ഥിതി ഘടകങ്ങളിലിഴുകിച്ചേർന്ന കൃഷിരീതി വഴി സുസ്ഥിരത നമ്മുടെ കൃഷിസമ്പ്രദായത്തിന്റെ മുഖമുദ്രയായി മാറിയിരുന്നു. പ്രകൃതിയുടെ പാരിസ്ഥിതിക സുസ്ഥിതിക്ക് വിഘാതമുണ്ടാക്കാതെ നിലനിന്നുപോന്ന ആ കാർഷിക പൈതൃകം ഓർമയിൽ നിന്നുതന്നെ മാഞ്ഞുതുടങ്ങിയിരിക്കുന്നു.

കൃഷിയിൽ അഭിമാനാർഹമായ ഒരു ചരിത്രം അവകാശപ്പെടാൻ കഴിയുന്ന രാജ്യമാണ് ഇന്ത്യ. സിന്ധുനദീതട സംസ്കാരത്തോളം നീളുന്നു, ആ പാരമ്പര്യം. സുസ്ഥിരമായ കൃഷിരീതിയുടെ ഈറ്റില്ലമായിരുന്നു സിന്ധൂനദീതട സംസ്കാരം. വർഷംതോറും സംഭവിക്കുന്ന വെള്ളപ്പൊക്കത്തിലെ എക്കൽ നിക്ഷേപത്തെ ആശ്രയിച്ച് രൂപപ്പെടുത്തിയെടുത്ത കൃഷിരീതി. ക്രമേണ നമ്മുടെ സംസ്കാരത്തിലും ആചാരാനുഷ്ഠാനങ്ങളിലും ആ കാർഷിക സമ്പ്രദായത്തിന്റെ ചേതന അലിഞ്ഞു ചേർന്നു; വേർതിരിക്കാനാവാത്ത വിധം. അടുത്തകാലംവരെ അതങ്ങനെ തന്നെ നിലനിന്നു. പ്രധാന വിളവെടുപ്പ് രാജ്യമെങ്ങും ആഘോഷമായി കൊണ്ടാടുന്ന

ത് അതിന്റെ പ്രതിസ്ഫുരണമാണ്.

കേരളത്തിൽ കൃഷിഭൂമിയെ ദേവതയായും സ്ത്രീയായും ആരാധിക്കുന്നിടത്തോളമെത്തി, ആ സംസ്കാരം. പ്രസവാനന്തരം സ്ത്രീകൾ പൂർണ്ണ വിശ്രമത്തിൽ കഴിയുന്നതുപോലെ വിളവെടുപ്പിന് ശേഷം മൂന്ന് മാസം നിലമുഴുകപോലും ചെയ്യാതെ മണ്ണിന് നിർബന്ധിത വിശ്രമം നൽകുന്ന പാരമ്പര്യം നമുക്കുണ്ടായിരുന്നു. ഒരു അന്ധവിശ്വാസം എന്ന് തോന്നാമെങ്കിലും അതിനുപിന്നിൽ സുസ്ഥിര കൃഷി രീതിയുടെ ഒരു പ്രായോഗിക സമീപനം തെളിഞ്ഞു കാണാം. മഴക്കാലത്ത് നിലമുഴുതാൽ മണ്ണൊലിപ്പിലൂടെ ജൈവസമ്പത്ത് നഷ്ടമാകുമെന്ന തിരിച്ചറിവ് കർഷകനുണ്ടായിരുന്നു. കൃഷിയുടെ നിലനിൽപ്പിനെ അത് ബാധിക്കുമെന്നും അവർക്കറിയാമായിരുന്നു.



ഒരു കാലത്ത് തീരദേശ ജില്ലകളിൽ പ്രചുരപ്രചാരം നേടിയിരുന്ന 'പൊക്കാളി' കൃഷിയും കണ്ണൂർ ജില്ലയിൽ നിലനിന്ന 'കായ്പാട്' കൃഷി സമ്പ്രദായവും പ്രകൃതി വിഭവങ്ങളുടെ മഹത്വം മനസ്സിലാക്കിയുള്ള മനുഷ്യന്റെ കാർഷിക ധൈഷണികതയുടെ മകുടോദാഹരണങ്ങളാണ്.

## മൺമറയുന്ന മുദ്രകൾ

എന്നാൽ നൂറ്റാണ്ടുകൾ പഴക്കമുള്ള ഇത്തരം കൃഷി സമ്പ്രദായങ്ങൾ സ്വാതന്ത്ര്യാനന്തര ഭാരതത്തിൽ അപ്രത്യക്ഷമായി. എണ്ണത്തിൽ അനുദിനം പെരുകിക്കൊണ്ടിരിക്കുന്ന ജനങ്ങളുടെ ഭക്ഷ്യാവശ്യം നിറവേറ്റുന്നതിന് കൂടുതൽ കൂടുതൽ ഭക്ഷ്യവസ്തുക്കൾ ഉല്പാദിപ്പിക്കുന്നതിനായി, മുൻഗണന. അത് ശരിയായിരുന്നുതാനും. ഹരിതവിപ്ലവത്തിന്റെ ഏകമുദ്രാവാക്യം - കൂടുതൽ ഭക്ഷ്യവസ്തുക്കൾ ഉല്പാദിപ്പിക്കുക- രാഷ്ട്രം അക്കാലത്ത് നേരിട്ട ഏറ്റവും പ്രധാനപ്പെട്ട വെല്ലുവിളിക്ക് നാം സ്വാഭാവികമായി കണ്ടെത്തിയ ഒരു പരിഹാരമാർഗ്ഗമായിരുന്നു. എല്ലാവർക്കും ഭക്ഷണം ലഭ്യമാക്കുന്നതിനുള്ള അശ്രാന്ത പരിശ്രമത്തിൽ ഏർപ്പെട്ട പ്രതിബദ്ധരായ കൃഷിശാസ്ത്രജ്ഞരെ രാഷ്ട്രം നമിച്ചു. 1950 -ൽ നമ്മുടെ ഭക്ഷ്യധാന്യ ഉല്പാദനം 50.8 ദശലക്ഷം ടൺ ആയിരുന്നു. 1970 - 71 ൽ 108 ദശലക്ഷം ടണ്ണും 2005 - 2006 ൽ 208.6 ദശലക്ഷം ടണ്ണും 2017 - 18 ൽ 284.83 ദശലക്ഷം ടണ്ണുമായി അത് ഉയർന്നു. അസൂയാർഹമായ നേട്ടമാണിത്, സംശയമില്ല.

എന്നാൽ നൂറ്റാണ്ടുകളായി ആദരവോടെ നാം പരിപാലിച്ചുപോന്ന പ്രകൃതി സൗഹൃദകൃഷി രീതികളെ പാടെ തിരസ്കരിച്ച് കടന്നുകയറിയ ഈ കൃഷിരീതി ഭീമമായ, അപരിഹാര്യമായ പാരിസ്ഥിതിക ദുരന്തങ്ങൾക്ക് വഴിയൊരുക്കി. അതിജീവനശേഷിയുള്ള നമ്മുടെ പരമ്പരാഗത വിത്തിനങ്ങളുടെ സ്ഥാനം അത്യുല്പാദനശേഷിയുള്ള വിത്തുകൾ കയ്യടക്കി. ഉല്പാദനവർദ്ധനവ് കൈവരിക്കാൻ മണ്ണിലിറക്കിയ ഇത്തരം വിത്തുകൾക്ക് മുളച്ച് വളരാൻ ടൺകണക്കിന് രാസവളം ആവശ്യമായി വന്നു. അത് നമ്മുടെ മണ്ണിന് അന്യമായ പുതിയ കീടങ്ങളെയും അസുഖങ്ങളെയും സമ്മാനിച്ചു. ഇതിനെ അതിജീവിക്കാൻ അമിതമായ രാസകീടനാശിനികൾ പ്രയോഗിക്കേണ്ടി വന്നു. മണ്ണിലെ ഈ 'വൈദേശിക ഘടകങ്ങൾ, ഒട്ടനേകം പാരിസ്ഥിതിക പ്രശ്നങ്ങൾക്ക് വഴിയൊരുക്കി.

മണ്ണിലെ സൂക്ഷ്മജീവികൾ ചത്തൊടുങ്ങി. മണ്ണിന്റെ പുഷ്ടിയും ജീവനും നശിച്ചു. വെള്ളത്തിന്റെ ആവശ്യം വർദ്ധിച്ചു. കാലാകാലങ്ങളായി നിലനിന്ന പാരമ്പര്യ വിളകൾ അന്യം നിന്നു. നൂറ്റാണ്ടുകളായി ചെയ്തുപോന്ന കൃഷി രീതികൾ നിലച്ചു. കൃഷിഭൂമിയും കൃഷിക്കാരനും തമ്മിൽ നിലനിന്ന അനശ്വരബന്ധം നഷ്ടമായി. ഇതിനെല്ലാമുപരിയായി കൃഷിയുടെ സുസ്ഥിരത തകിടം മറിഞ്ഞു. കൃഷിച്ചെലവ് വർദ്ധിച്ചു. കൃഷിക്കാരന്റെ വരുമാനം ക്രമേണ കുറഞ്ഞു. അങ്ങനെ ഭക്ഷ്യസുരക്ഷയും സുരക്ഷിതമായ ഭക്ഷണവും വീണ്ടും ഒരു വൻ വെല്ലുവിളിയായി മാറി.

## കുത്തകാധിപത്യം ഉയർത്തുന്ന വെല്ലുവിളികൾ

സാമ്പത്തിക ഉദാരവൽക്കരണവും ലോകവ്യാപാര സംഘടനയുടെ നയങ്ങളും മൂലം സംഭവിച്ച കാർഷിക വിളകളുടെ വിലയിടിവ് കർഷകരിലുണ്ടാക്കിയ ആഘാതം നിസ്സാരമല്ല. രാസവളങ്ങൾ, കീടനാശിനികൾ, വെള്ളം തുടങ്ങിയവ വർദ്ധിത തോതിൽ ഉപയോഗിക്കാൻ നിർബന്ധിതരായ കർഷകർ അതിനുവേണ്ടി എടുത്ത

വായ്പകൾ മൂലം കടക്കെണിയിൽ അകപ്പെട്ടു. ഇത് ആത്മഹത്യാനിരക്ക് വർദ്ധിക്കാൻ ഇടയാക്കി. കൃഷിയുടെ മുതലിറക്ക് കർഷകരിൽ നിന്ന് കാർഷിക വ്യവസായ മേഖലയിലേയ്ക്ക് മാറി. അതിന്റെ ഫലമായി കർഷകരുടെ അറ്റാദായം കുറഞ്ഞു. കാർഷിക വ്യവസായികൾ തഴച്ചുവളരുകയും ചെയ്തു.

ദേശീയ/ബഹുരാഷ്ട്രകുത്തകകൾക്ക് ചില്ലറ വില്പന രംഗത്ത് കടന്നുകയറാൻ അവസരം നൽകുന്ന നയങ്ങളും പരിപാടികളും ഭക്ഷ്യവസ്തുക്കളിന്മേലുള്ള നമ്മുടെ പരമാധികാരത്തിനും സുരക്ഷിത ഭക്ഷണത്തിനുള്ള അവകാശത്തിനും വലിയൊരു വെല്ലുവിളി ഉയർത്തിയിരിക്കുന്നു. ഭക്ഷ്യകാതങ്ങളുടെ വിപുലീകരണം വൻതോതിലുള്ള കാർബണിക വിഘടനത്തിന് കാരണമായി. ജനിതകമാറ്റം വരുത്തിയ വിളകളും വിത്തിന്മേൽ രാഷ്ട്ര/ബഹുരാഷ്ട്ര കമ്പനികൾ സ്ഥാപിച്ചെടുത്ത കുത്തകാധിപത്യവും ഉയർത്തുന്ന വെല്ലുവിളികൾ കർഷകന്റെ മേൽ കനത്ത ഭാരം അടിച്ചേല്പിച്ചു.

ഹരിതവിപ്ലവത്തിലൂടെ രൂപംകൊണ്ട അധികവിള – രാസവള – കീടനാശിനി കൂട്ടുകെട്ടിനെതിരെയുള്ള യുദ്ധത്തിൽ പരാജയം ഉറപ്പാണെന്ന് മിക്ക കർഷകരും വിശ്വസിക്കുന്നു. ദൈവത്തിന്റെ സ്വന്തം നാടായ കേരളം ഇന്ന് അഭിമുഖീകരിക്കുന്ന അതിരൂക്ഷമായ പരിസ്ഥിതി നാശത്തിനും ജലക്ഷാമത്തിനും പോഷകാഹാര ദൗർലഭ്യത്തിനും പ്രാഥമിക കാർഷിക വിളകളുടെ ഉല്പാദനക്ഷമത കുറഞ്ഞതിനുമൊക്കെ കാരണം ആവാസവ്യവസ്ഥയുടെ നശീകരണമാണെന്നും കർഷകർ തിരിച്ചറിഞ്ഞിരിക്കുന്നു.

സാങ്കേതിക വിദ്യയുടെ പിൻബലത്തിൽ ഏകവിള കൃഷിയും വിഷലിപ്ത വള-കീടനാശിനി പ്രയോഗവും കയറ്റുമതി ലക്ഷ്യമാക്കിയ ഉല്പാദനവും വഴി കാർഷികമേഖല ഇന്ന് ഏതാണ്ട് പൂർണമായി വാണിജ്യ ശക്തികളുടെ പിടിയിലമർന്നുകഴിഞ്ഞു. വ്യവസായീകരണത്തിന്റെയും ആഗോളീകരണത്തിന്റെയും വർദ്ധിച്ചുവരുന്ന സമ്മർദ്ദത്തിൽ കാർഷിക, ഭക്ഷ്യവിതരണ മേഖലയിലുണ്ടായിരിക്കുന്ന വരേണ്യവർഗ നീരാളിപ്പിടുത്തം മനുഷ്യരാശിയുടെ ഭാവി തന്നെ അപകടത്തിലാക്കിയിരിക്കുന്നു.

## വിനാശകരമായ പരിവർത്തനം

കാർഷിക രംഗത്തെ ഈ പുത്തൻ പ്രവണതകൾ ഭക്ഷ്യമേഖലയുടെ സുരക്ഷിതത്വത്തിന് വൻഭീഷണി ഉയർത്തിയിരിക്കുന്നു. ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം, പോഷകമൂല്യം, പൊതുജനാരോഗ്യം, പരമ്പരാഗത ജീവനോപാധികൾ (കൃഷി, കൃഷിയനുബന്ധ മേഖലകളിൽ) പ്രാദേശിക തനതു സംസ്കാരം തുടങ്ങിയവയെ പ്രതികൂലമായി ബാധിക്കുന്നതാണ് ഈ പ്രതിഭാസം. കോടിക്കണക്കിന് കർഷകരെ ഇത് കടക്കെണിയിൽ കുടുക്കി. തലമുറകളെ തീറ്റിപ്പോറ്റിയ കർഷകനെ മണ്ണിൽ നിന്ന് അകറ്റി. ഭൂമിയിൽ അവൻ ആരുമല്ലാതായി. ഈ അന്യതാബോധം ദാരിദ്ര്യവും പട്ടിണിയും തൊഴിലില്ലായ്മയും ഭവനരാഹിത്യവും വർദ്ധിപ്പിക്കാൻ ഇടയാക്കി. നിസ്സഹായരായ കർഷകർ സ്വയം ജീവനൊടുക്കാൻ നിർബന്ധിതരായി.

മനുഷ്യന്റേയും മണ്ണിന്റേയും മാത്രമല്ല, പ്രപഞ്ചത്തിന്റെ തന്നെയും നിലനിൽപ്പിനെ അപകടപ്പെടുത്തുന്നതാണ് വിനാശകരമായ ഈ പരിവർത്തനം. മണ്ണും മനുഷ്യനുമായി അനാദികാലം മുതൽ നിലനിന്നുപോന്ന ആത്മീയ ബന്ധത്തെ അറുത്തുമുറിക്കുന്നതാണ് വാണിജ്യവൽക്കരണത്തിന്റെ പുതിയ തത്ത്വശാസ്ത്രം. മനുഷ്യന് കൃഷിയും ഭക്ഷ്യോല്പാദനവും അവന്റെ പ്രാണന്റെ ഭാഗമാണ്. അതുമായി ബന്ധപ്പെട്ടതാണ് മനുഷ്യ സംസ്കാരത്തിന്റെ ഓരോ കണികയും.

മനുഷ്യ ബന്ധങ്ങളെ ഊട്ടിഉറപ്പിക്കുന്ന ചങ്ങലയാണ് കാർഷിക വൃത്തി. മനുഷ്യ സമൂഹത്തിന്റെ ചരിത്രവും സംസ്കാരവും സാമ്പത്തികസ്ഥിതിയുമെല്ലാം അതുമായി കെട്ടുപിണഞ്ഞുകിടക്കുന്നു. സമൂഹത്തെ നിലനിർത്തുന്ന സമാധാനം, സാമ്പത്തിക സ്വാശ്രയത്വം, സാസ്കാരിക പാരമ്പര്യം തുടങ്ങിയ മൂല്യങ്ങളെ തച്ചുതകർത്ത് ജനങ്ങളിൽ അരക്ഷിതാവസ്ഥ സൃഷ്ടിക്കാനും അന്ത:ഛിദ്രം വളർത്താനും വാണിജ്യവൽക്കരണത്തിന്റെ പരിപോഷകർ ആസൂത്രിതമായ ശ്രമം തുടരുകയാണ്.

സാങ്കേതിക ഇടപെടലുകളിലൂടെ ചെറുകിട കാർഷിക മേഖലയിലെ ഉല്പാദനക്ഷമത ഉയർത്തി പട്ടിണിക്ക് പരിഹാരമുണ്ടാക്കാമെന്ന ആഗോള

**ദേശീയ/ബഹുരാഷ്ട്ര കുത്തകകൾക്ക് ചില്ലറ വില്പന രംഗത്ത് കടന്നുകയറാൻ അവസരം നൽകുന്ന നയങ്ങളും പരിപാടികളും ഭക്ഷ്യവസ്തുക്കളിന്മേലുള്ള നമ്മുടെ പരമാധികാരത്തിനും സുരക്ഷിത ഭക്ഷണത്തിനുള്ള അവകാശത്തിനും വലിയൊരു വെല്ലുവിളി ഉയർത്തിയിരിക്കുന്നു.**



കോർപ്പറേഷനുകളുടെ പ്രലോഭനം ഫലവത്തായില്ലെന്നു മാത്രമല്ല, വിപരീത ഫലങ്ങളാണ് സമൂഹത്തിൽ ഉളവാക്കിയത്.

ഹരിതവിപ്ലവം മുതൽ ജൈവ സാങ്കേതിക വിപ്ലവം വരെയുള്ള സാങ്കേതിക ഇടപെടലുകളെല്ലാം തന്നെ നമ്മുടെ കൃഷി രീതികൾ, ഭക്ഷ്യ സുരക്ഷ, സുരക്ഷിത ഭക്ഷണം, കാർഷിക സംസ്കാരം, പ്രകൃതിയുടെ സുസ്ഥിതി, സാമ്പത്തിക സ്വാശ്രയത്വം എന്നിവയെ പ്രതികൂലമായി ബാധിച്ചു. പുതിയ സാങ്കേതിക വിദ്യകളും വാണിജ്യാടിസ്ഥാനത്തിലുള്ള ഏകവിള കൃഷിയും



ആഗോള താപനത്തിന്റെ തീവ്രത വർദ്ധിപ്പിക്കാനിടയാക്കി.

## വാണിജ്യവൽക്കരണത്തിന്റെ ബലിയാടുകൾ

വ്യാവസായികാടിസ്ഥാനത്തിലുള്ള കാർഷികോല്പാദനം, സാങ്കേതികവിദഗ്ധർ വാഗ്ദാനം ചെയ്തതുമാതിരി ഉല്പാദനക്ഷമത വർദ്ധിപ്പിച്ചില്ല എന്നു മാത്രമല്ല, മണ്ണിന്റെ ഉല്പാദനശേഷി ക്രമേണ ശോഷിക്കുന്നതിനും വഴിയൊരുക്കി. സാമൂഹികമായ പ്രശ്നങ്ങളും സാസ്കാരിക അപചയവും സബ്സിഡികൾ ഉൾപ്പെടെയുള്ള സാമ്പത്തിക ബാധ്യതകളും കണക്കിലെടുക്കുമ്പോൾ ഇതൊരു വൻ ദുരന്തമാണെന്നും കാണാൻ കഴിയും. പട്ടിണി മാറ്റാനല്ല, പട്ടിണി വ്യാപകമാക്കാനാണ് വാണിജ്യവൽക്കരണം സഹായിക്കുന്നത്. ഇന്ന് കേരളത്തിലുണ്ടായിരിക്കുന്ന അരി കമ്മി ഭക്ഷ്യക്ഷാമത്തിന്റെ തീവ്രതയിലേക്കാണ് വിരൽ ചൂണ്ടുന്നത്.

ചെറുകിട ഭക്ഷ്യോല്പാദനത്തിൽ നിന്ന് വൻകിട ഉല്പാദന രീതികളിലേയ്ക്കുള്ള ചുവടുമാറ്റം നമ്മുടെ സാമ്പത്തികാടിത്തറയേയും സാസ്കാരിക പാരമ്പര്യത്തേയും സാമൂഹികമായ കെട്ടുറപ്പിനേയും പ്രതികൂലമായി ബാധിക്കുന്ന കാഴ്ചയാണ് ലോകമെങ്ങും കാണാൻ കഴിയുന്നത്. കയറ്റുമതി ലക്ഷ്യമാക്കിയുള്ള ഉല്പാദനത്തിലൂടെ തദ്ദേശീയർക്ക് നല്ല ഭക്ഷ്യവസ്തുക്കൾ ലഭിക്കാതായിരിക്കുന്നു. കൃഷി നിത്യജീവിതത്തിന്റേയും സംസ്കാരത്തിന്റേയും ഭാഗമായി കാത്തുസൂക്ഷിച്ച കർഷക സമൂഹത്തിന് ഒരുമയുടേയും പങ്കുവയ്ക്കലിന്റയും ഉത്സവങ്ങൾ നഷ്ടമാകുന്നു.

വിളവൈവിധ്യവും പ്രകൃതിയോടു പൊരുത്തപ്പെടുന്ന കൃഷിരീതികളുമാണ് ഇന്ത്യയുടെ ഏറ്റവും മഹത്തായ കാർഷിക പാരമ്പര്യം. വാണിജ്യവൽക്കരണത്തിന്റെ തീവ്രതയിൽ ഇവയും നമുക്ക് കൈമോശം വന്നിരിക്കുന്നു. പോഷക സമൃദ്ധമായ ഭക്ഷ്യവിളകൾ നിഷേധിക്കുന്നിടത്തോളമെത്തിയിരിക്കുന്നു, ആഗോള കമ്പനികളുടെ പിടിമുറുക്കം.

## കടങ്കഥയാവുന്ന പ്രാദേശികഭക്ഷ്യസുരക്ഷ

പ്രാദേശികമായ ഭക്ഷ്യസുരക്ഷ ഇന്നൊരു കടങ്കഥയായിമാറിയിരിക്കുന്നു. സ്വന്തം കൃഷിഭൂമിയെ സംശുദ്ധമായി നിലനിർത്താനുള്ള സ്വാതന്ത്ര്യം പോലും കർഷകന് നിഷേധിക്കപ്പെട്ടിരിക്കുന്നു. ജനിതക എഞ്ചിനീയറിംഗ്, രാസവളം, രാസകീടനാശിനികൾ, ഏകവിള കൃഷി എന്നിവ മൂലം മണ്ണിന്റെ ഉല്പാദനക്ഷമതയും നില നിൽപ്പുതന്നെയും അപകടത്തിലായിരിക്കുന്നു. നാം കഴിക്കുന്ന ഭക്ഷണം എവിടെ എങ്ങനെ ഉല്പാദിപ്പിക്കുന്നു, അവയിലെ പോഷകമൂല്യങ്ങൾ എത്ര, സംസ്കരണത്തിലെ ചേരുവകൾ എന്തെല്ലാം എന്നിവ അറിയാൻ ഓരോ ഉപഭോക്താവിനും അവകാശമുണ്ട്. എന്നാൽ ഇന്ന് അതൊന്നും സാധാരണക്കാരന് പ്രാപ്യമല്ല.

ഇന്ത്യയിലെ ഭക്ഷ്യമേഖല ഇന്ന് ആഗോള വ്യവസായികളുടെ ഒരു പ്രധാന നിക്ഷേപോപാധിയാണ്. കൃഷി അവർക്ക് മറ്റേതൊരു വ്യവസായത്തേയും പോലെ ലാഭം കൊയ്യാനുള്ള കച്ചവടമാണ്. ജനങ്ങളുടെ ഭക്ഷ്യലഭ്യതയും ഭക്ഷ്യസുരക്ഷയും ജീവനോപാധിയുമൊന്നും അവർക്ക് ചിന്താവിഷയമേയല്ല. ചെറുകിട കൃഷിക്കാരുടെ അന്തസ്സ്, തൊഴിൽ, ആരോഗ്യം, വരുമാനം, വൈകാരിക സുരക്ഷ, സാംസ്കാരിക പാരമ്പര്യം എന്നിവ അവർക്ക് അപ്രസക്തമാണ്.

ആഗോളവൽക്കരണം ജനങ്ങളുടെ ഭക്ഷ്യസുരക്ഷയെ മാത്രമല്ല, ജനതയുടെ അന്തസ്സിനേയും ആത്മാഭിമാനത്തെയുമാണ് തകർത്തെറിയുന്നത്. നിരാശാജനകമായ ഈ സംഭവവികാസങ്ങൾക്കിടയിലും പ്രത്യാശയുടെ ചില തുരുത്തുകൾ പ്രത്യക്ഷപ്പെടുന്നു എന്നത് ആശ്വാസകരമാണ്. ആഗോളവൽക്കരണത്തിന്റേയും വാണിജ്യവൽക്കരണത്തിന്റേയും ഈ പ്രതിലോമ ഫലങ്ങളെ ചെറുക്കാൻ ആയിരക്കണക്കിന് ചെറുചെറു ഉദ്യമങ്ങൾ ലോകമെമ്പാടും നടന്നു വരുന്നു.

## പ്രത്യാശയുടെ തുരുത്തുകൾ

പരിസ്ഥിതി സൗഹൃദകൃഷിരീതികൾ, ചെറുകർഷകരുടെ കൂട്ടായ്മകൾ, വിളവൈവിധ്യ സംരക്ഷണത്തിനുള്ള പരിശ്രമങ്ങൾ, കാർഷിക സംസ്കാരവും ജൈവവൈവിധ്യവും സംരക്ഷിക്കുന്നതിനുള്ള മുന്നേറ്റങ്ങൾ, പ്രാദേശികമായ ഭക്ഷ്യോല്പാദനത്തിനും വിതരണത്തിനുമുള്ള സംരംഭങ്ങൾ, സുരക്ഷിത ഭക്ഷണത്തിനും ഭക്ഷ്യ



സുരക്ഷയ്ക്കും വേണ്ടിയുള്ള പോരാട്ടങ്ങൾ എന്നിവയെല്ലാം വിവിധ തലങ്ങളിൽ വിവിധ പ്രദേശങ്ങളിൽ വ്യത്യസ്ത രൂപങ്ങളിൽ മുളച്ചുവരുന്നുണ്ട്. ഒരു ബദൽ കാർഷിക സംസ്കാരം സാധ്യമാണെന്നു മാത്രമല്ല, അതു സംഭവിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു.

നിർണായകമായ ഒരു വഴിത്തിരിവിലെത്തി നിൽക്കുന്ന നമ്മുടെ കാർഷിക-ഭക്ഷ്യോല്പാദന മേഖലയിലെ സാമൂഹിക, സാമ്പത്തിക, പാരിസ്ഥിതിക പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ ആത്യന്തികമായി നമ്മുടെ മുന്നിലുള്ള വഴി ഇതാണ്: കൂടുതൽ വികേന്ദ്രീകൃതവും ജനാധിപത്യപരവും സഹകരണാത്മകവും വാണിജ്യ താല്പര്യ വിമുക്തവുമായ ചെറുകിട ജൈവകൃഷിയിലേക്ക് മടങ്ങുക. സഹസ്രാബ്ദങ്ങളായി നാം പിന്തുടർന്ന കൃഷി മുറകൾ പൊടിതുടച്ചെടുക്കുക. പ്രാദേശികമായ ഭക്ഷ്യ സ്വയം പര്യാപ്തതയിലൂടെ ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുക.

വൈവിധ്യം, സമന്വയം, പുനരുപയോഗം എന്നിവയാണ് സുസ്ഥിര കാർഷിക വ്യവസ്ഥയുടെ മുഖമുദ്ര. ഭരണത്തിന്റെ എല്ലാ തലങ്ങളിലും ഭക്ഷ്യ സുരക്ഷയ്ക്കായി സ്വീകരിക്കുന്ന ഓരോ നയതീരുമാനത്തിലും ചട്ടങ്ങളിലും നിയമങ്ങളിലും സുസ്ഥിരവികസനം മുഖ്യപരിഗണനയായി മാറണം.

മനുഷ്യന്റെ പ്രാഥമികാവശ്യവും അവകാശവുമാണ് ആഹാരം. തങ്ങളുടേയും ഭാവി തലമുറയുടേയും നിലനിൽപ്പിനായി അന്നം ഉല്പാദിപ്പിക്കാനും ഉപയോഗിക്കാനും പങ്കുവയ്ക്കാനുമുള്ള അവകാശം പ്രപഞ്ചത്തിലെ എല്ലാ മനുഷ്യജീവികൾക്കുമുണ്ട്. ഈ അടിസ്ഥാന മനുഷ്യാവകാശം അംഗീകരിക്കുന്നവയാവണം മനുഷ്യനെ ഭരിക്കുന്ന എല്ലാ നിയമനിർമാണങ്ങളും ചട്ടങ്ങളും.

പ്രാദേശിക, പ്രവിശ്യ, ദേശീയ, അന്തർദേശീയ ഭരണസംവിധാനങ്ങൾ ഓരോന്നും തങ്ങളുടെ ജനങ്ങൾക്ക് ആഹാരം എന്ന അവകാശം ഉറപ്പുവരുത്താൻ ബാധ്യസ്ഥരാണ്. അന്തർദേശീയ വാണിജ്യവ്യാപാര പ്രക്രിയകളുടെ പേരിലോ മറ്റേതെങ്കിലും കാരണത്താലോ അത് നിഷേധിക്കാൻ പാടില്ല.●







# ചെമ്പിൽ നിന്ന് സ്വർണം; അത്ഭുത കണ്ടെത്തലുമായി ചൈന

വില കുറഞ്ഞ ചെമ്പിനെ സ്വർണത്തിനോട് സാമ്യമുള്ള ലോഹമാക്കി മാറ്റാൻ സാധിക്കുമെന്ന് കണ്ടെത്തൽ! ഫാക്ടറികളിലും മറ്റും സ്വർണത്തിന്റെ ഉപയോഗം കുറയ്ക്കാനും പകരക്കാരനാകാനും പുതിയ ലോഹത്തിന് സാധിക്കുമെന്നാണ് സൂചന.

ലിയോണിങ്ങിലെ ചൈനീസ് അക്കാദമി ഓഫ് സയൻസസിലെ പ്രൊഫസർ സൺജിയാനും സംഘവുമാണ് കണ്ടെത്തലിനു പിന്നിൽ. പ്രാചീനകാലം മുതലേ മറ്റു ലോഹങ്ങളെ സ്വർണമാക്കി മാറ്റാനുള്ള ശ്രമങ്ങൾ പല നിലയിൽ നടന്നിരുന്നു. ഈയത്തിൽ നിന്നും ഇരുമ്പിൽ നിന്നുമെല്ലാം സ്വർണമുണ്ടാകുമെന്ന് വിശ്വസിച്ച് പരീക്ഷണങ്ങൾ നടത്തിയവർ നിരവധിയായിരുന്നു. ആൽക്കെമി എന്ന പേരിലൊരു ശാസ്ത്രശാഖ വരെ ഉണ്ടായി. പത്തൊൻപതാം നൂറ്റാണ്ടുവരെ ശാസ്ത്രരംഗത്ത് മനുഷ്യർ നടത്തിയ പ്രധാന മൂലധനനിക്ഷേപം സ്വർണം തേടിയുള്ള ആൽക്കെമിസ്റ്റുകൾക്ക് വേണ്ടിയായിരുന്നു.

നൂറ്റാണ്ടുകൾ നീണ്ട ഈ പരീക്ഷണങ്ങൾ ഒടുവിൽ വിജയിച്ചിരിക്കുകയാണെന്നാണ് ചൈനീസ് ഗവേഷകസംഘത്തിന്റെ അവകാശവാദം. ചെമ്പിലേക്ക് ചുട്ടുപഴുത്ത ആർഗോൺ വാതകം അടിച്ചാണ് ഇവർ സ്വർണമാക്കി മാറ്റിയതെന്ന് പറയുന്നു. അതിവേഗത്തിൽ ചലിക്കുന്ന അയണീകരിച്ച കണങ്ങൾ പരമാണുക്കളെ പൊട്ടിത്തെറിപ്പിക്കുന്നു. പിന്നീട് തണുപ്പിക്കുമ്പോൾ ചെമ്പ് സ്വർണത്തിന്റെ സ്വഭാവം കാണിക്കുന്നുവെന്നാണ് കണ്ടെത്തൽ.

ലോകസമ്പദ് വ്യവസ്ഥയെ നിയന്ത്രിക്കുന്ന സ്ഥാനം സ്വർണമെന്ന ലോഹത്തിനുണ്ട്. ഇലക്ട്രോണിക് ഉപകരണങ്ങളിൽ സ്വർണവും വെള്ളിയും പ്ലാറ്റിനവും വലിയ തോതിൽ ഉപയോഗിക്കുന്നുണ്ട്.

സയൻസ് അഡ്വാൻസ് ജേണലിലാണ് ഇതുമായി ബന്ധപ്പെട്ട പഠനം പ്രസിദ്ധീകരിച്ചിരിക്കുന്നത്.



# കിള്ളിയാർ ശുചീകരണ യജ്ഞം: രണ്ടാം ഘട്ടത്തിനു തുടക്കമായി

കരകവിയാത്ത കിള്ളിയാർ എന്ന സന്ദേശമുയർത്തി കിള്ളിയാറിന്റെ രണ്ടാം ഘട്ട നവീകരണ പ്രവർത്തനങ്ങൾ നടന്നു. ഫെബ്രുവരി 14-ാം തീയതി രാവിലെ എട്ടു മണിക്ക് കിള്ളിയാറിന്റെ ഉത്ഭവസ്ഥാനമായ കരിഞ്ചാത്തി മൂലയിലാണ് പ്രവർത്തനങ്ങൾക്ക് ഔപചാരികമായി തുടക്കം കുറിച്ചത്.വിവിധയിടങ്ങളിലായി അഞ്ച് മന്ത്രിമാരും ആറ് എം.എൽ.എമാരും ഉന്നത ഉദ്യോഗസ്ഥരും നവീകരണ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി.ആറിന്റെ മുപ്പത്തിയൊന്നു കൈവഴികളും രണ്ടാം ഘട്ടത്തിൽ നവീകരിക്കുന്നുണ്ട്. ഉദ്ഘാടന ദിനത്തിൽ അമ്പത് കിലോമീറ്ററിലധികം ശുചീകരിച്ചു. ശേഷിക്കുന്നവ തുടർദിനങ്ങളിൽ ശുചീകരിക്കും. സ്കൂൾ - കോളേജ് വിദ്യാർത്ഥികൾ, എൻ.എസ്.എസ്, സ്റ്റുഡന്റ് പോലീസ്, റൂറൽ ജില്ലയിലെ പോലീസുകാർ, അഗ്നി രക്ഷാ സേനാ യൂണിറ്റ് അംഗങ്ങൾ, കുടുംബശ്രീ അംഗങ്ങൾ, തൊഴിലുറപ്പ് തൊഴിലാളികൾ, സന്നദ്ധ സംഘടനാ പ്രവർത്തകർ, ത്രിതല ഗ്രാമപ്പഞ്ചായത്ത് അംഗങ്ങൾ തുടങ്ങി സമൂഹത്തിന്റെ നാനാതുറയിലുള്ള ആളുകൾ പങ്കെടുത്തു.ഉത്സവ പ്രതീതിയോടെയാണ് ഓരോ സ്ഥലങ്ങളിലും ആയിരക്കണക്കിനാളുകൾ എത്തിയത്. ഒൻപതു കോടി ചെലവിട്ടാണ് കിള്ളിയാർ നവീകരിക്കുന്നത്.





## സ്വരാജ് ട്രോഫി

2018-19 ലെ സ്വരാജ് ട്രോഫി പുരസ്കാരങ്ങൾ പ്രഖ്യാപിച്ചു. മികച്ച ബ്ലോക്ക് പഞ്ചായത്തിനുള്ള പുരസ്കാരം തുടർച്ചയായി രണ്ടാം തവണയും തിരുവനന്തപുരം ജില്ലയിലെ നെടുമങ്ങാട് ബ്ലോക്ക് കരസ്ഥമാക്കി. തൃശൂർ ജില്ലയിലെ പഴയന്നൂർ ബ്ലോക്ക് രണ്ടാം സ്ഥാനവും കോട്ടയം ജില്ലയിലെ ളാലം ബ്ലോക്ക് മൂന്നാം സ്ഥാനവും നേടി.



എന്റെ മാലിന്യം എന്റെ ഉത്തരവാദിത്വം
നമ്മുടെ തന്നെ ആരോഗ്യമാണ്
നാം വലിച്ചെറിയുന്നത്!
ജൈവമാലിന്യങ്ങൾ വീട്ടിൽ തന്നെ കമ്പോസ്റ്റാക്കുക.
അഴുകാത്തവ വൃത്തിയായി സൂക്ഷിച്ച് പാഴ്‌വസ്തു വ്യാപാരികൾക്കോ തദ്ദേശസ്ഥാപന സംവിധാനങ്ങളിലോ കൈമാറുക.
പുനരുപയോഗിക്കാവുന്നവ സ്വാപ്പ് ഷോപ്പുകളിൽ കൈമാറുക.
മാലിന്യങ്ങൾ വലിച്ചെറിയുന്നതും കത്തിക്കുന്നതും മൂലം ഡയോക്സിൻ, ഫ്യൂറാൻ എന്നീ വിഷവസ്തുക്കൾ നമ്മുടെ ആഹാരത്തിലൂടെ നമ്മിലേക്ക് തന്നെ തിരിച്ചുവരുന്നു. അത് ക്യാൻസറിന് കാരണമാകുന്നു.
SUCHITWA MISSION | Swaraj Bhavan, Base Floor (-1), Nanthencode, Kowdiar PO, Thiruvananthapuram - 695003
ശുചിത്വ മിഷൻ




എന്റെ മാലിന്യം എന്റെ ഉത്തരവാദിത്വം
"അഴുകുന്ന മാലിന്യങ്ങൾ വീട്ടിൽതന്നെ കമ്പോസ്റ്റാക്കാം"
മാലിന്യം, അലക്ഷ്യമായിട്ടല്ല. ശരിയായി സംസ്കരിക്കുക.
✓ അഴുകുന്ന മാലിന്യങ്ങൾ വീട്ടിൽ തന്നെ കമ്പോസ്റ്റാക്കുക.
✓ പുനരുപയോഗിക്കാവുന്നവ സ്വാപ് ഷോപ്പുകളിൽ കൈമാറുക.
✓ അഴുകാത്തവ വൃത്തിയായി സൂക്ഷിച്ച് പാഴ്‌വസ്തു വ്യാപാരികൾക്കോതദ്ദേശസ്ഥാപന സംവിധാനങ്ങളിലോ കൈമാറുക.
SUCHITWA MISSION
Swaraj Bhavan, Base Floor (-1), Nanthencode, Kowdiar PO, Thiruvananthapuram - 695003
ശുചിത്വ മിഷൻ




ശുചിത്വ മിഷൻ
കരുതലുള്ള മാതാപിതാക്കളെന്ന നിലയിൽ
ഡിസ്പോസിബിൾ വസ്തുക്കളോട് പറയാം NO!
വരും തലമുറയിലേക്കൊരു വിപത്താണ് നാം അലക്ഷ്യമായി വലിച്ചെറിയുന്നത്. അവസാനിപ്പിക്കാം ഈ സംസ്കാരം
അഴുകുന്ന മാലിന്യങ്ങൾ വീട്ടിൽ തന്നെ കമ്പോസ്റ്റാക്കുക.
അഴുകാത്തവ വൃത്തിയാക്കി സൂക്ഷിച്ച്, പാഴ്‌വസ്തു വ്യാപാരികൾക്കോ തദ്ദേശസ്ഥാപന സംവിധാനങ്ങളിലോ കൈമാറുക.
പുനരുപയോഗിക്കാവുന്നവ സ്വാപ് ഷോപ്പുകളിൽ കൈമാറുക.
എന്റെ മാലിന്യം എന്റെ ഉത്തരവാദിത്വം
SUCHITWA MISSION | Swaraj Bhavan, Base Floor (-1), Nanthencode, Kowdiar PO, Thiruvananthapuram - 695003

January-February 2020
₹ **2/-** Annual Subscription Rs. 12.00

GRAMABHOOMI
BI-MONTHLY

RN. No. 36116/1980

# ഗ്രാമീണകേരളത്തിന്റെ നേർക്കാഴ്ചയുമായി

## ഗ്രാമഭൂമി



വായിക്കുക,
വരിക്കാരാകുക

ഗ്രാമഭൂമി

2 വർഷത്തേക്ക് ₹24 മാത്രം

മണിയോർഡർ അയയ്ക്കേണ്ട വിലാസം
ചീഫ് ഓഫീസർ, റൂറൽ ഇൻഫർമേഷൻ ബ്യൂറോ, ആറാം നില, സ്വരാജ് ഭവൻ,
നന്തൻകോട്, കവടിയാർ.പി.ഒ, തിരുവനന്തപുരം 695 003

Printed and Published by Ajitha Das, Chief Officer, Rural Information Bureau, Owned by N Padmakumar IAS, Commissioner of Rural Development, Government of Kerala, Printed at Government Press, Mannanthala, Thiruvananthapuram. Published from Rural Information Bureau, 6th Floor, Swaraj Bhavan, Nandancode, Kawadiar PO, Thiruvananthapuram, Kerala-695 003. Chief Editor: Ajitha Das